# ഉള്ളടക്കം


ചെയർമാന്റെ സന്ദേശം 04

തെങ്ങു കൃഷിയെക്കുറിച്ച് അറിയാനും അറിയിക്കാനും ഇനി ഇ-കൽപ 06
അനിതാ കുമാരി പി

കാക്കിക്കുള്ളിലെ കേര കർഷകൻ 08
ഡോ. പി. എസ്. മനോജ്, ഡോ. പി. രാധാകൃഷ്ണൻ

കേര വികസനത്തിൽ ത്രിതല കൂട്ടായ്മകളുടെ പങ്ക് വലുത് : ഡോ. രാജു നാരായണ സ്വാമി 11
സിഡിബി ന്യൂസ് ബ്യൂറോ

അഗളി പെപ്പർ: തെങ്ങിൻ തോപ്പുകളിൽ അത്യുത്പാദന ശേഷിയുള്ള ഇടവിള 13
ആബെ ജേക്കബ്

സുഭിക്ഷതയുടെ 15 സംവത്സരങ്ങൾ, സ്ത്രീശാക്തീകരണത്തിന്റെയും 16
സിഡിബി ന്യൂസ് ബ്യൂറോ

കേരകർഷകർ മൂല്യവർധനവിനു ശ്രദ്ധിക്കണം: കേന്ദ്ര മന്ത്രി ശ്രീ. പൊൻ രാധാകൃഷ്ണൻ 20
സിഡിബി ന്യൂസ് ബ്യൂറോ

യുവാക്കളിൽ താൽപര്യമുണർത്തുന്ന സങ്കേതിക വിദ്യ വികസിപ്പിക്കണം: ഡോ. വീരേന്ദ്ര ഹെഗ്ഡെ 21
സി തമ്പാൻ, കെ. ഷംസുദ്ദീൻ, ജെസ്മി വിജയൻ

കുരുത്തോലപ്പന്തൽ 22

വാർത്തകൾ 26

ഡിസംബറിലെ കൃഷിപ്പണികൾ 32
സി. തമ്പാൻ, പി. സുബ്രഹ്മണ്യം

കമ്പോളം 35

കേരപാചകം 38




# ചെയർമാന്റെ സന്ദേശം



പ്രിയപ്പെട്ട നാളികേര കർഷകരെ,

കേരളപ്പിറവിയുടെ ജ്വലിക്കുന്ന ഓർമ്മകളുമായി മറ്റൊരു നവംബർ കൂടി കാലയവനികയ്ക്കു പിന്നിലേയ്ക്കു മറയുകയാണ്. സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം നാട്ടുരാജ്യങ്ങളുടെ ഏകീകരണം നടന്നപ്പോൾ ആദ്യം രൂപം കൊണ്ടത് തിരുക്കൊച്ചി സംസ്ഥാനമായിരുന്നു. 1949 ജൂലൈ 1-ന്. പിന്നീട് തെക്കൻ കാനറയിലെ കാസർകോടിനെ മലബാറിനോടും, മലബാറിനെ തിരുകൊച്ചിയോടും സംയോജിപ്പിച്ചും തിരുകൊച്ചിയിലെ ചെങ്കോട്ട വിഭജിച്ച് ഒരു ഭാഗവും ചേർത്തു കൊണ്ടും ഐക്യകേരളം 1956 നവംബർ ഒന്നിന് നിലവിൽ വന്നു.

ഐതിഹ്യങ്ങളുടെ നാടാണ് കേരളം. കേരളോത്പ്പത്തിയെ കുറിച്ചു തന്നെ ഐതിഹ്യങ്ങൾ നിരവധിയുണ്ട്. കേരളദേശധർമം, കേരളനാടകം, കേരളപ്പഴമ, കേരളമാഹാത്മ്യം, കേരളോത്പത്തികൾ തുടങ്ങിയ പ്രാചീനഗദ്യ-പദ്യകൃതികളിൽ "പരശുരാമൻ മഴുവെറിഞ്ഞ് കടലിൽ നിന്നു സൃഷ്ടിച്ചതാണ് കേരളം" എന്നു പ്രസ്താവിച്ചു കാണുന്നുണ്ട്. പക്ഷെ, ഈ കൃതികളുടെ രചനാകാലത്തെപ്പറ്റിയോ രചയിതാക്കളെപ്പറ്റിയോ വ്യക്തമായ യാതൊരു രേഖയും ലഭിച്ചിട്ടില്ല. ബി.സി.എട്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടു എന്ന് വിശ്വസിക്കപ്പെടുന്ന രാമായണത്തിലെ കിഷ്കിന്ധാകാണ്ഡം 41-ാം സർഗത്തിൽ കേരളത്തെപ്പറ്റി പരാമർശമുണ്ട്. സുഗ്രീവൻ, വാനരന്മാരെ ദക്ഷിണദേശത്തേയ്ക്കയക്കുമ്പോൾ കാണാവുന്ന രാജ്യങ്ങളെപ്പറ്റി സൂചിപ്പിക്കുമ്പോൾ,

*നദീം ഗോദാവരീം ചൈവ*
*സർവമേവാനുപശ്യത*
*തഥൈവാന്ധ്രാൻ ച പൗണ്ഡ്രാൻ ച*
*ചോളാൻ പാണ്ഡ്യാൻ ച കേരളാൻ* - എന്നു കേരളത്തെ കുറിച്ച് പരാമർശമുണ്ട്.

കേരവൃക്ഷങ്ങൾ നിറഞ്ഞ സ്ഥലം എന്ന അർത്ഥത്തിലാണത്രെ ഈ ഭൂപ്രദേശത്തിനു കേരളം എന്ന പേര് ലഭിച്ചത്. ചേര രാജാക്കന്മാരിൽ നിന്നുമാകാം പേര് വന്നതെന്നാണ് മറ്റൊരു അഭിപ്രായം. ചേര എന്നതിന്റെ കന്നട ഉച്ചാരണം കേര എന്നാണ്. ഇതായിരിക്കാം കേരളം ആയതെന്നാണ് ഹെർമൻ ഗുണ്ടർട്ട് വാദിക്കുന്നത്. കേരളൻ എന്നൊരു രാജാവ് ഭരിച്ച നാടായതു കൊണ്ട് ഈ പേര് വന്നു എന്നും വിശ്വാസം ഉണ്ട്.

പോർട്ടുഗീസ് നാവികൻ വാസ്ഗോഡിഗാമ കോഴിക്കോട്ട് എത്തുമ്പോൾ 1498 ൽ കേരളം ചെറുതും വലുതുമായി അനേകം നാട്ടുരാജ്യങ്ങളായിരുന്നു. പോർട്ടുഗീസുകാരെ തുടർന്ന് ഡച്ചുകാരും ഡെന്മാർക്കുകാരും ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും കേരളത്തിലെത്തി. പിന്നീട് പടയോട്ടങ്ങളുടെ കാലമായിരുന്നു. ഒടുവിൽ കേരളം മുഴുവൻ ഇംഗ്ലീഷുകാരുടെ കൈപ്പിടിയിലായി. സ്വാതന്ത്ര്യലബ്ധി വരെ ഇതായിരുന്നു സ്ഥിതി.

സ്വാതന്ത്ര്യസമരകാലത്താണ് "ഐക്യകേരളം" എന്ന ആവശ്യത്തിന് ശക്തികൂടിയത്. എന്നാൽ അതിനുമുമ്പു തന്നെ മൂന്നായിക്കിടക്കുന്ന മലയാളക്കര ഒന്നാകുമെന്നും, തിരുവനന്തപുരം, അതിന്റെ തലസ്ഥാനമാകുമെന്നും സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെപ്പോലുള്ളവർ പ്രവചിച്ചിരുന്നു. സ്വാതന്ത്ര്യസമരവും സാമൂഹ്യസാംസ്കാരിക സമ്മേളനങ്ങളും കേരളം ഒന്നാകണമെന്ന ചിന്താഗതി സൃഷ്ടിച്ചു.

1949 ജൂലൈ ഒന്നിന് തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിച്ചുകൊണ്ടുള്ള തിരുകൊച്ചി രൂപീകരണം ഐക്യകേരളത്തിനു മുന്നോടിയായിരുന്നു. തിരുവിതാംകൂറിലെയും കൊച്ചിയിലെയും രാജാക്കന്മാരുടെ ഉഭയസമ്മതപ്രകാരമായിരുന്നു നടപടി. ഇരുസംസ്ഥാനത്തെ മന്ത്രിസഭകളും സംയോജിപ്പിച്ചു. തലസ്ഥാനം തിരുവനന്തപുരത്തും. ഹൈക്കോടതി കൊച്ചിയിലും വേണമെന്നു തീരുമാനമായി.

കേരളം വളരുന്നു എന്ന പ്രശസ്തമായ കാവ്യഗ്രന്ഥപരമ്പര പാലാ നാരായണൻ നായർ എഴുതിയത് കേരളത്തിന്റെ സാമൂഹ്യ-സാംസ്കാരിക മഹിമകളുടെ ഈടുവയ്പിലാണ്.

*കേരളം വളരുന്നു പശ്ചിമഘട്ടങ്ങളെ കേറിയും*
*കടന്നും ചെന്നന്യമാം രാജ്യങ്ങളിൽ ...* എന്ന് മഹാകവി പാലാ കേരളത്തിന്റെ വാങ്മയചിത്രം വരച്ചപ്പോൾ അത് അന്നത്തെ കാർഷിക മേഖലയുടെ പരിച്ഛേദമായിരുന്നു.

*പച്ചയാം വിരിപ്പിട്ട സഹ്യനിൽ തല വെച്ചും*
*സ്വഛാബ്ധി മണൽ തിട്ടാം പാദോപധാനം പൂണ്ടും*
*പള്ളി കൊണ്ടീടുന്ന ....* എന്നു വള്ളത്തോൾ എഴുതിയപ്പോഴും വികാരം ഇതു തന്നെയായിരുന്നു.

കേരളം രൂപം കൊള്ളുമ്പോൾ നെല്ലും തെങ്ങുമായിരുന്നു സംസ്ഥാനത്തെ പ്രധാന കാർഷിക വിളകൾ. തെങ്ങ് കേരള ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായിരുന്നു. നെല്ല് ഭക്ഷ്യ സുരക്ഷയുടെയും. മുറ്റത്തെ നാളികേര കൂമ്പാരത്തിന്റെ വിസ്തൃതിയും തൊടിയിലെ വൈക്കോൽ കൂനയുടെ ഉയരവുമായിരുന്നു അന്ന് ആഢ്യതയുടെ അളവുകോൽ. വർഷാവർഷം ലഭിക്കുന്ന നാളികേരം വിറ്റാണ് അന്ന് മലയാളികൾ സുഭിക്ഷമായി കഴിഞ്ഞുവന്നത്. വീട്ടുചെലവുകൾ, ആഘോഷങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസം, വിവാഹം തുടങ്ങി എന്തിനും പണം കണ്ടെത്തിയിരുന്നത് തെങ്ങിൻ തോപ്പുകളിൽ നിന്നായിരുന്നു. എന്നാൽ ഇന്ന് ഈ രണ്ടു കാർഷിക മേഖലകളുടെയും പ്രതാപം കുറച്ചൊക്കെ മങ്ങിയിട്ടുണ്ട്. 1960 കളിൽ രാജ്യം നേരിട്ട ഭക്ഷ്യ പ്രതിസന്ധി മറികടക്കാൻ അന്നത്തെ സംസ്ഥാന ഭരണാധികാരികൾ മലബാറിലേയ്ക്കും ഹൈറേഞ്ചിലേയ്ക്കും കുടിയേറ്റം പ്രോത്സാഹിപ്പിച്ചു. കന്നിമണ്ണിൽ ആദ്യം എത്തിയവർ ഭക്ഷ്യ വിളകൾക്കൊപ്പം തെങ്ങും നട്ടുപിടിപ്പിച്ചു. മലബാർ മേഖലയിൽ തെങ്ങ് കനത്ത വിളവു നല്കി. ഹൈറേഞ്ചിൽ തോട്ടവിളകളും നാണ്യവിളകളും കൃഷിക്കാർക്ക് വൻ ലാഭമുണ്ടാക്കി. അപ്പോൾ നാട്ടിലെ കൃഷിക്കാരും മെല്ലെ ചുവടു മാറ്റി ചവിട്ടി. അങ്ങിനെ ആദ്യം നെൽ വയലുകളും പിന്നീട് തെങ്ങിൻ തോപ്പുകളും തോട്ടവിളകൾക്ക് വഴിമാറി.

ഇന്ന് കേരളത്തിനാവശ്യമായ അരിയുടെ സിംഹഭാഗവും അന്യ സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്നു. നാളികേരം പക്ഷെ മലയാളിയുടെ ഒരു വികാരമായതിനാൽ കഴിയുന്നത്ര അതിനെ നാം സംരക്ഷിക്കുകയാണ്. അതിനാൽ കേരകൃഷിയുടെ വിസ്തൃതിയിലും നാളികേരോത്പാദനത്തിലും ഇന്നും കേരളം തന്നെയാണ് മുൻപന്തിയിൽ. വിളവ് കുറവാണ്, രോഗങ്ങളും കീടങ്ങളും ആക്രമിക്കുന്നുണ്ട് എന്നും മറ്റുമുള്ള പരാതികൾക്കിടയിലും മലയാളി നാളികേരത്തെ നെഞ്ചേറ്റി ലാളിക്കുന്നു. കാരണം അതൊരു ഗൃഹാതുരതയാണ്. മലയാളി ഉള്ളിടത്തെല്ലാം നാളികേരമുണ്ട്. ആ ഭൂതകാല യശസ് നമുക്ക് വീണ്ടെടുക്കണം. അതിനുള്ള പദ്ധതികളാണ് നാളികേര വികസന ബോർഡ് ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്.

നാളികേരം മലയാളിയുടെ നിത്യജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.കേരളത്തിന്റെ തനതു വിഭവങ്ങളിലെല്ലാമുള്ള അവിഭാജ്യ ചേരുവയാണ് തേങ്ങയും, തേങ്ങാപ്പാലും, വെളിച്ചെണ്ണയും. ജനനം മുതൽ മരണം വരെ വിവിധ ജീവിത ദശകളിൽ കേരവൃക്ഷം മലയാളിയെ തൊട്ടുരുമ്മി നില്ക്കുന്നു. പ്രാചീന കലാരൂപങ്ങളായ തെയ്യം, തിറ, തുള്ളൽ എന്നിവയ്ക്കു പുറമെ ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾ, പള്ളികളിലെ തിരുനാളുകൾ എന്നിവയിലും കുരുത്തോല, വെളിച്ചെണ്ണ, നാളികേരം, ഇളനീർ തുടങ്ങിയവയുടെ സജീവസാന്നിധ്യമുണ്ട്. തെങ്ങിൻ പൂക്കുല മലയാളിക്ക് ഐശ്വര്യത്തിന്റെ പ്രതീകമാണ്. ശുഭകാര്യങ്ങളുടെ തുടക്കത്തിൽ മലയാളി നാളികേരം ഉടയ്ക്കുന്നു. ആയുർവേദത്തിൽ നാളികേരത്തിനും നാളികേര ഉത്പ്പന്നങ്ങൾക്കുമുള്ള പ്രാധാന്യം ചെറുതല്ല. വെളിച്ചെണ്ണ, വെന്തെണ്ണ, ഇളനീർകുഴമ്പ് എല്ലാം ആയുർവേദ ഔഷധങ്ങളുടെ പ്രധാന ഘടകങ്ങളാണ്.

മലയാളിയുടെ കല്പവൃക്ഷമായ തെങ്ങിൽ നിന്നുള്ള പരമ്പരാഗതവും മൂല്യവർധിതവുമായ ഉത്പ്പന്നങ്ങൾക്ക് ആഭ്യന്തര - ആഗോള വിപണികളിലുള്ള വാണിജ്യ സാധ്യതകൾ പൂർണമായി ഉപയോഗപ്പെടുത്തുക എന്നതാണ് നാളികേര വികസന ബോർഡിന്റെ ലക്ഷ്യം.

*"മാതൃഭാഷയ്ക്കിഹ ദാസ്യം ചമയ്ക്കാകിൽ, ആധിപത്യത്തിന്നർഹർ നിങ്ങൾ*
*ഭക്ത്യാ സ്വഭാഷതൻ കാൽക്കൽ കുനിയായ്കിൽ, അത്തലയെങ്ങിനെ പൊങ്ങിനില്ക്കും.*
*ബുദ്ധിമാന്മാരേ സ്വഭാഷത്തറവാട്ടിൽ സ്വത്തു വളർത്തുവാൻ യത്നം ചെയ്വിൻ*
*ആലസ്യത്തിന്ന് നവാപാംബു നല്കുവിൻ ഫാലത്തിലോലും വിയർപ്പിനാലെ"* -

എന്ന കവി വചനത്തെ ശിരസാ വഹിക്കുന്നതോടൊപ്പം കേരളത്തിന് നാളികേര കൃഷിയിലും ഉത്പാദനത്തിലും രാജ്യ രാജ്യാന്തര തലങ്ങളിൽ തലയെടുപ്പു നേടാൻ കൂടി നമുക്ക് ഒറ്റക്കെട്ടായി മുന്നേറാം.

ആശംസകളോടെ,
ഡോ. രാജു നാരായണ സ്വാമി ഐ.എ.എസ്
ചെയർമാൻ





# തെങ്ങു കൃഷിയെക്കുറിച്ച് അറിയാനും അറിയിക്കാനും ഇനി ഇ-കൽപ


**അനിതാ കുമാരി പി.,**

പ്രിൻസിപ്പൽ സയന്റിസ്റ്റ്, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കായംകുളം.


കേര കർഷകർക്ക് വളരെ എളുപ്പത്തിൽ ലളിതമായ ഭാഷയിൽ കൃഷിയെക്കുറിച്ചുള്ള വിവരങ്ങൾ മൊബൈൽ ഫോണിൽ ലഭ്യമാക്കാനായി ഇ - കല്പ എന്ന പേരിൽ ഒരു ആപ്ലിക്കേഷൻ ഭാരതീയ കാർഷിക ഗവേഷണ കൗൺസിൽ - കേന്ദ്ര തോട്ട വിള ഗവേഷണ സ്ഥാപനം വികസിപ്പിച്ചെടുത്തിരിക്കുന്നു. കാർഷിക വിവരങ്ങൾ വിവിധ സ്രോതസ്സുകളിൽ നിന്നും കർഷകർക്ക് ലഭ്യമാകുന്നുണ്ട്. എന്നാൽ നമ്മുടെ കൈയിലെ മൊബൈൽ ഫോണിൽ തന്നെ കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ ഗവേഷണ ഫലങ്ങൾ ലഭ്യമായാലോ? അതിലേക്കുള്ള ഒരു ചെറിയ ചുവടു വയ്പാണ് ഈ കൽപ (E kalpa) എന്ന ആൻഡ്രോയിഡ് മൊബൈൽ ആപ്ലിക്കേഷൻ.

### എന്താണ് ഇ കൽപ?

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കർഷകർക്ക് തെങ്ങ്, കമുക്, കൊക്കോ എന്നീ വിളകളുടെ പരിപാലന രീതികൾ, വിജ്ഞാന ശകലങ്ങൾ, ഇടവിളകളുടെ അടിസ്ഥാന കൃഷി വിവരങ്ങൾ തുടങ്ങിയവ ഇ കൽപ എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെ സൗജന്യമായി ലഭ്യമാക്കുന്നു. കൂടാതെ കൃഷിയിടങ്ങളിൽ നിന്നും പ്രസ്തുത വിളകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ ഫോട്ടോ എടുത്ത് ശാസ്ത്രജ്ഞർക്ക് നേരിട്ട് അയച്ച് പരിഹാരങ്ങൾ ലഭിക്കാനുള്ള സംവിധാനവും ഇ കൽപ യിൽ ഉണ്ട്. ആൻഡ്രോയിഡ് ഫോണുകളിൽ ആണ് ഇപ്പോൾ ഇത് ഉപയോഗിക്കാവുന്നത്.

### *ഇ കൽപ എങ്ങനെ ഫോണുകളിൽ ഇൻസ്റ്റാൾ ചെയ്ത് ഉപയോഗിക്കാം ?*

എല്ലാവർക്കും സൗജന്യമായി ഗൂഗിൾ പ്ലേസ്റ്റോറിൽ നിന്നും EKalpa എന്ന് ടൈപ്പ് ചെയ്ത് ആൻഡ്രോയിഡ് ഫോണുകളിൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഒരിക്കൽ ഡൗൺലോഡ് ചെയ്ത് കഴിഞ്ഞാൽ പിന്നെ ഇന്റർനെറ്റ് ഇല്ലാതെ തന്നെ ഓഫ് ലൈനായി വിവരങ്ങൾ പ്രാപ്തമാക്കുന്നതാണ്. ഇ കൽപ യിൽ ഉള്ള വിജ്ഞാന വിവരങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.




***ഭാഷ തിരഞ്ഞെടുക്കുക :*** നമുക്കേത് ഭാഷയിലാണോ വിവരങ്ങൾ അറിയേണ്ടത് ആദ്യം അത് തിരഞ്ഞെടുക്കുക. ഇംഗ്ലീഷ്, മലയാളം, കന്നഡ, ഹിന്ദി എന്നീ ഭാഷകളിൽ ഇപ്പോൾ ലഭ്യമാണ്. ബംഗാളി, തമിഴ് ഭാഷകളിൽ ഉടനെ തന്നെ വിജ്ഞാന ശകലങ്ങൾ ലഭ്യമാക്കുന്നതുമാണ്.

***വിജ്ഞാന സമാഹാരം :*** കമുക്, കൊക്കോ, തെങ്ങ് എന്നീ വിളകളുടെ വിജ്ഞാന ശകലങ്ങൾ ഇതിൽ ലഭ്യമാണ്. തെങ്ങിന്റെ രോഗങ്ങളും പരിപാലമുറകളും, വിളവെടുപ്പിനും സംസ്കരണത്തിനുമുള്ള യന്ത്രങ്ങൾ, വിവിധ ഇനങ്ങൾ, വളപ്രയോഗരീതികൾ, തെങ്ങധിഷ്ഠിത കൂൺ കൃഷി, പുഷ്പ കൃഷി, ജൈവ കൃഷി രീതികൾ, കീടങ്ങൾ നിയന്ത്രണമാർഗ്ഗങ്ങൾ,

ഗുണമേന്മയുള്ള തെങ്ങിൻതൈ ഉത്പാദനം, തെങ്ങധിഷ്ഠിത വിള സമ്പ്രദായങ്ങളും തെങ്ങിൻ തോപ്പിലെ മണ്ണ് – ജല സംരക്ഷണ മാർഗ്ഗങ്ങളും തുടങ്ങിയ വിഷയങ്ങളിൽ അനുഭവസ്ഥരായ കർഷകരും വിജ്ഞാന വ്യാപന പ്രവർത്തകരും ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ വിജ്ഞാന ശകലങ്ങളും ഫോട്ടോകൾ കൂടി ഉൾപ്പെടുത്തി ആകർഷകമാക്കാനും ശ്രദ്ധിച്ചിട്ടുണ്ട്. കൊക്കോയുടേയും കമുകിന്റേയും കൃഷി രീതികളും സസ്യ സംരക്ഷണ മുറകളും ഇ കൽപയിൽ സജ്ജമാക്കിയിട്ടുണ്ട്.

***വിള വിവരം :*** തെങ്ങ് കേരളത്തിൽ പുരയിടകൃഷിയാണ്. മറ്റു വിളകൾ, കാർഷിക മേഖലകൾ എന്നിവ സമഗ്രമായി കൂട്ടിച്ചേർത്താണ് പരിപാലിക്കുന്നത്. അതിനാൽ, മറ്റ് വിളകളുടേയും അത്യാവശ്യ വിവരങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് പ്രയോജനകരമായി ഉപയോഗപ്പെടുത്താം. ഇതിൽ സ്പർശിച്ചാൽ 13 വിഭാഗങ്ങളിലായി വിവിധ വിളകളുടെ നടീൽ അകലം, വിത്തിന്റെ (നടീൽ വസ്തുവിന്റെ) തോത്, നടീൽ സമയം, ശുപാർശ ചെയ്തിട്ടുള്ള വളപ്രയോഗം എന്നിവ അറിയാവുന്നതാണ്.

| | |
|---|---|
| ലഘു പാനീയ വിളകൾ | കമുക്, വെറ്റില, കൊക്കോ |
| ധാന്യവിളകൾ | നെല്ല്, റാഗി, കൂവരക് |
| ശൈത്യകാല പച്ചക്കറികൾ | ബീറ്റ് റൂട്ട്, കാബേജ്, കാരറ്റ്, കോളിഫ്ളവർ, സവാള, പാലക് ചീര |
| വെള്ളരി വർഗ്ഗ വിളകൾ | കുമ്പളം, പാവൽ, ചുരയ്ക്ക, സാലഡ് വെള്ളരി,. കണിവെള്ളരി, മത്തൻ, പീച്ചിൽ, പടവലം, തണ്ണിമത്തൻ |
| പൂച്ചെടികൾ | കുറ്റിമുല്ല, ബന്ദി |
| തീറ്റപ്പുൽ വിളകൾ | ഡസ്മാന്തസ്, തീറ്റപ്പുല്ല്, തീറ്റപ്പുൽ ചോളം, മണിച്ചോളം |
| പഴ വർഗ്ഗങ്ങൾ | വാഴ, പ്ലാവ്, മാവ്, പപ്പായ, പൈനാപ്പിൾ, റമ്പൂട്ടാൻ |
| എണ്ണക്കുരു വിളകൾ | തെങ്ങ്, നിലക്കടല, എള്ള് |
| മറ്റു പച്ചക്കറി വിളകൾ | ചീര, നിത്യവഴുതന, ഡോലിക്കോസ്ബീൻ, വെണ്ട |
| പയർവർഗ്ഗങ്ങൾ – | പയർ, ബീൻസ്, മുതിര |
| വഴുതന വർഗ്ഗ വിളകൾ | വഴുതന, മുളക്, തക്കാളി |
| സുഗന്ധ വ്യഞ്ജന വിളകൾ | കുരുമുളക്, ഇഞ്ചി, ജാതി, മഞ്ഞൾ |
| കിഴങ്ങു വർഗ്ഗ വിളകൾ | ചേന, കൂർക്ക, ചേമ്പ്, കാച്ചിൽ, നനകിഴങ്ങ്, മധുരക്കിഴങ്ങ്, മരച്ചീനി |

വൈവിധ്യമാർന്ന ഇടവിള/ മിശ്ര വിളകളുടെ അടിസ്ഥാന വിവരങ്ങൾ ഞൊടിയിടയിൽ വിരൽത്തുമ്പിൽ ലഭ്യമാക്കാൻ ഇ കൽപ വഴിയൊരുക്കുന്നു.

## പുരയിടത്തിലെ വിവിധ പ്രായത്തിലുള്ള തെങ്ങുകൾക്കു വളപ്രയോഗം :

***ഇൻപുട് കാൽക്കുലേറ്റർ :*** ഈ കാൽക്കുലേറ്റർ വിവിധ പ്രായത്തിലുള്ള തെങ്ങുകളുടെ വളങ്ങൾ എളുപ്പത്തിൽ കണക്കു കൂട്ടാനുള്ള സംവിധാനമാണ്. ഇതിൽ സ്പർശിച്ചാൽ തുറക്കുന്ന വിൻഡോയിൽ അതാത് പുരയിടത്തിലെ ഒരു വർഷത്തിൽ താഴെ പ്രായമുള്ളവ തൈത്തെങ്ങുകൾ, നട്ട് ഒരു വർഷം കഴിഞ്ഞവ, രണ്ട് വർഷം കഴിഞ്ഞവ, 3 വർഷവും അതിനു മുകളിലും പ്രായമുള്ള തെങ്ങുകളുടെ എണ്ണം ടൈപ്പ് ചെയ്താൽ മാത്രം മതിയാവും. Next എന്ന ബാൻഡിൽ സ്പർശിച്ചാൽ ഒരു വർഷത്തേക്ക് ആവശ്യമുള്ള ജൈവവളങ്ങൾ, കുമ്മായം/ ഡോളോമൈറ്റ്, രാസവളങ്ങൾ – യൂറിയ, രാജ്ഫോസ്, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് തടത്തിൽ വിതയ്ക്കാനുള്ള വൻ പയറിന്റെ അളവ് എന്നിവ ഞൊടിയിടയിൽ ലഭ്യമാകും. അത് കൂടാതെ വളപ്രയോഗ രീതികൾ, സമയം, അളവ് എന്നിങ്ങനെ ശ്രദ്ധിക്കേണ്ട കാര്യങ്ങളും വിശദമായി കൊടുത്തിട്ടുണ്ട്. കേര കർഷകർക്ക് ഏറെ പ്രയോജനകരമായ ഈ വിവരങ്ങൾ ഇപ്പോൾ ഇംഗ്ലീഷിൽ മാത്രമാണ് ലഭ്യമാവുക.

***ഇ കൽപയുടെ മറ്റു ഉപയോഗങ്ങൾ –***

***കേരകൃഷിയിലെ പ്രശ്ന പരിഹാരത്തിനും ഇ – കൽപ :*** തെങ്ങു കൃഷിയിലെ പ്രശ്നങ്ങൾക്ക് താമസംവിനാ ഉപദേശ നിർദ്ദേശങ്ങൾ ശാസ്ത്രജ്ഞരിൽ നിന്നും നേരിട്ട് ലഭ്യമാക്കാൻ ഇ – കൽപ വഴിയൊരുക്കുന്നു. നിങ്ങളുടെ പുരയിടത്തിൽ നിന്നും ഫോട്ടോ, വീഡിയോ, സന്ദേശങ്ങൾ തുടങ്ങിയവ അപ്പോൾ തന്നെ സി.പി.സി.ആർ.ഐയിലേക്ക് അയയ്ക്കാനുള്ള സംവിധാനം പ്രയോജനപ്പെടുത്താം.

***കർഷക സഹായി :*** എന്ന വിഭാഗത്തിൽ വിരൽ സ്പർശിക്കുമ്പോൾ പ്രശ്നങ്ങൾ അവതരിപ്പിക്കാനുള്ള ജനാല പ്രാപ്തമാകുന്നതാണ്. വളരെ എളുപ്പത്തിൽ, ലളിതമായി, കൃഷിയിടത്തിൽ നിന്ന് അതാത് സമയം തന്നെ സന്ദേശങ്ങൾ സി.പി.സി.ആർ.ഐയിൽ ലഭ്യമാക്കാനും, ഉപദേശ നിർദ്ദേശങ്ങൾ തിരികെ ലഭിക്കാനും ഉതകുന്ന രീതിയിലാണ് വിവര സാങ്കേതിക വിദ്യയിലൂടെ പ്രാപ്തമാക്കിയിരിക്കുന്നത്.

***കേര കർഷക കൂട്ടായ്മകൾക്ക് ഇ – കൽപ :*** കേരളത്തിൽ 7000 ലധികം നാളികേര ഉൽപാദക സംഘങ്ങൾ നിലവിൽ നാളികര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. തെങ്ങു കൃഷിയിൽ ശാസ്ത്രീയ പരിപാലന മുറകൾ അനുവർത്തിച്ചു ഉൽപാദനം വർദ്ധിപ്പിച്ചു കർഷകരുടെ വരുമാനം ഉയർത്തുന്നതിൽ ഉൽപാദക സംഘങ്ങൾക്ക് വലിയ പങ്കാണ് വഹിക്കാനാവുക. വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കാനും ശാസ്ത്ര സമൂഹവുമായി നേരിട്ട് വിവരങ്ങൾ കൈമാറാനും കർഷക കൂട്ടായ്മകൾക്ക് ഇ – കൽപയിലൂടെ സാധിക്കുന്നതാണ്. കേര കർഷകരുടെ സഹായ സഹചാരിയായി ഇ – കൽപ വിരൽതുമ്പിൽ വിജ്ഞാന ശകലങ്ങളുമായി ഉണ്ടാവും. കേര കർഷകർ ഈ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിക്കുകയും സഹകർഷകർക്ക് സൗജന്യമായി ഡൗൺലോഡ് ചെയ്തു കൊടുക്കാനും താൽപര്യപ്പെടുന്നത് കേര കൃഷിയുടെ പുരോഗതിക്ക് വഴിയൊരുക്കുമെന്ന് കരുതുന്നു.

കൃഷിയിടം, നിവേശങ്ങൾ, അധ്വാനം മുതൽ മുടക്ക് എന്നിവ പോലെ പ്രാധാന്യമുള്ളതാണ് വേണ്ടപ്പോൾ ലഭ്യമാകുന്ന ശരിയായ കാർഷിക വിവരങ്ങളും എന്ന് നമുക്കേവർക്കും അറിയാം. കർഷകരുടെ അനുഭവജ്ഞാനങ്ങൾക്കൊപ്പം ആധുനിക വിവരസാങ്കേതികതയും കേര കർഷകരുടെ സഹായത്തിന് അത്യാവശ്യം തന്നെയാണ്. അതിലേക്കുള്ള തുടക്കമാകട്ടെ കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ ഇ – കൽപ എന്ന മൊബൈൽ ആപ്ലിക്കേഷനും !

ഇ – കൽപ ഉപയോഗിക്കൂ, വിവരങ്ങൾ പ്രയോജനപ്പെടുത്തൂ! ■ *ഫോൺ 0479 2442104*

# കാക്കിക്കുള്ളിലെ കേര കർഷകൻ

**ഡോ. പി. എസ്. മനോജ്, ഡോ. പി. രാധാകൃഷ്ണൻ**
ഐ.സി.എ.ആർ - കൃഷി വിജ്ഞാന കേന്ദ്രം, പെരുവണ്ണാമൂഴി പി.ഒ., കോഴിക്കോട്

**സാധാരണ സർക്കാർ ലാവണം ലഭിച്ചുകഴിഞ്ഞാൽ വെറുതെ ഉലാത്താൻ പോലും കൃഷിയിടത്തിലിറങ്ങാൻ മടിക്കുന്നവരാണ് ഭൂരിഭാഗവും. എന്നാൽ ഇതിനൊരു അപവാദമാണ് പെരുവണ്ണാംമൂഴി ഇളപ്പുങ്കൽ ബിനു ജോൺ. ക്രമസമാധാന പാലകന്റെ ഉത്തരവാദിത്വങ്ങൾക്കൊപ്പം മികച്ച വിളവു ലഭിക്കുന്ന ഒരു സംയോജിത തെങ്ങിൻ തോട്ട പരിപാലനം എന്ന ജോലികൂടി ഒരുമിച്ചു നിർവഹിക്കുന്ന ഈ സിവിൽ പൊലീസ് ഓഫീസറെ പരിചയപ്പെടാം.**

ക്രമസമാധാനവും കേര കൃഷിയും തമ്മിൽ എന്തു ബന്ധം. അത് അറിയണമെങ്കിൽ കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി - ചക്കിട്ടപ്പാറ റൂട്ടിൽ പിള്ളപെരുവണ്ണ എന്ന സ്ഥലത്തെ വെറും ഒന്നര ഏക്കർ മാത്രമുള്ള ഒരു കൊച്ചു കൃഷിയിടം കാണണം. ഇളപ്പുങ്കൽ ബിനു ജോണിന്റേതാണ് ഈ തെങ്ങിൻ തോട്ടം. കേരളത്തിന്റെ ക്രമസമാധാന ചരിത്രത്തിൽ രക്തം കൊണ്ട് അടയാളപ്പെടുത്തിയ കുറ്റ്യാടി പൊലീസ് സ്റ്റേഷനിൽ, കഴിഞ്ഞ മൂന്നു വർഷമായി സിവിൽ പൊലീസ് ഓഫീസറാണ് ഈ ബിനു ജോൺ. പൊലീസ് സ്റ്റേഷനിലെ പന്ത്രണ്ടു മണിക്കൂർ ഡ്യൂട്ടി കഴിഞ്ഞാലും ജോണിന്റെ ഡ്യൂട്ടി തീരുന്നില്ല. കാരണം, ഇളപ്പുങ്കൽ വീട്ടിലെ ഒന്നര ഏക്കർ കൃഷിയിടത്തിൽ അനുദിന ജോലികൾ അപ്പോഴും ജോണിനെ കാത്തിരിക്കുകയാവും - പശുക്കറവ മുതൽ ജലസേചനം വരെയുള്ള ജോലികൾ അവിടെ ബിനു ഒറ്റയ്ക്കാണ് ചെയ്യുക. അതുകൊണ്ടു തന്നെ ആരാലും ആകർഷിക്കപ്പെടുന്ന സമ്മിശ്രകൃഷിയുടെ ഉത്തമ മാതൃകയാണ് ജോണിന്റെ കൃഷിയിടം.

പരമ്പരാഗത കർഷക കുടുംബത്തിൽ പിറന്ന ബിനു ജോണിന് കൃഷിയുടെ ബാലപാഠങ്ങൾ പിതാവാണു പകർന്നു നല്കിയത്. കോട്ടയം ജില്ലയിലെ ചങ്ങനാശേരി തോട്ടക്കാട്ട് നിന്ന് 60 വർഷം മുമ്പ് പെരുവണ്ണാംമൂഴിയിലേയ്ക്ക് കുടിയേറിയതാണ് ബിനു ജോണിന്റെ പൂർവികർ. നല്ല കൃഷിക്കാരനായിരുന്നു പിതാവ്. കുളത്തുവയൽ ഹൈസ്കൂളിൽ 10-ാം ക്ലാസ് കഴിഞ്ഞ് അപ്പനോടൊപ്പം കൃഷിയിടത്തിലായിരുന്നു ബിനുവിന്റെ ഉപരിപഠനം. പക്ഷെ ബിനു ഉത്സാഹിയായിരുന്നു. കൃഷിപ്പണികൾക്കൊപ്പം പേരാമ്പ്രയിൽ ഒരു പാരലൽ കോളജിൽ ചേർന്ന് അദ്ദേഹം ഡിഗ്രിയെടുത്തു. ആരും പറഞ്ഞിട്ടല്ല. സ്വയം



തോന്നിയതാണ്. ചരിത്രമായിരുന്നു ഐച്ഛികം. പാസായി വൈകാതെ പിഎസ്‌സി വഴി പൊലീസ് സേനയിൽ ജോലിയും ലഭിച്ചു. മലപ്പുറം എം എസ് പി ക്യാമ്പിലായിരുന്നു പരിശീലനം. പിന്നീട് കോഴിക്കോട് ട്രാഫിക്കിലും ശേഷം പേരാമ്പ്ര സ്റ്റേഷനിലും സേവനം ചെയ്തു. സർവീസിൽ എത്തിയിട്ടു 15 വർഷമായി. ഇപ്പോൾ കുറ്റ്യാടിയിൽ. സ്റ്റേഷനും വീടുമായി ദൂരം 15 കിലോമീറ്റർ. സ്റ്റേഷൻ ഡ്യൂട്ടി പകലായാലും രാത്രി ആയാലും ബിനു ജോണിനെ സംബന്ധിച്ചിടത്തോളം ക്രമസമാധാന പാലനത്തിന്റെ തിരക്കുകൾ കാർഷിക വൃത്തിക്കു തടസ്സമേ ആകുന്നില്ല.

പിതൃത്വത്തായി ലഭിച്ച ആകെ രണ്ടേകാൽ ഏക്കർ സ്ഥലമുണ്ട് ജോണിന്. ഇതിൽ ഒരേക്കർ റബറാണ്. ബാക്കി ഒന്നേ





കാൽ ഏക്കറോളം വരും സമ്മിശ്ര കൃഷിയിടം. ഇതിൽ രാപകലെന്യെ അധ്വാനിക്കും. സ്റ്റേഷൻ ഡ്യൂട്ടി പകലാണെങ്കിൽ പുലർച്ചെ എഴുന്നേറ്റ് പശുക്കറവ മുലുള്ള ജോലികൾ തീർത്ത് സ്റ്റേഷനിലേയ്ക്കു പോകും. തിരിച്ചെത്തി രാത്രി 11 വരെ പുരയിടത്തിലെ വിവിധ ജോലികൾ പൂർത്തിയാക്കും. ഡ്യൂട്ടി രാത്രിയാണെങ്കിൽ പകൽ മുഴുവൻ കൃഷിപ്പണികൾ. ഇതാണ് ബിനു ജോണിന്റെ ദിനചര്യ. ഭാര്യ എത്സി, പാടത്തുംകടവ് യു പി സ്കൂളിൽ അധ്യാപികയാണ്. അവധി ദിനങ്ങളിൽ ജോണിന്റെ ഭാര്യയും അഞ്ചു മക്കളും അടങ്ങുന്ന കുടുംബം മുഴുവൻ കൃഷിയിടത്തിലുണ്ടാവും.

ഒന്നേകാൽ ഏക്കർ സമ്മിശ്ര കൃഷിയിടത്തിൽ തെങ്ങാണ് മുഖ്യവിള. തെങ്ങൊന്നിന് വർഷം നൂറ്റമ്പതോളം തേങ്ങകൾ ലഭിക്കുന്ന കുറ്റ്യാടി ഇനമാണ്. കുറച്ച് ടി x ഡിയും ഉണ്ട്. നാളികേരം വിളവെടുത്ത് വെട്ടിത്തൂക്കത്തിനു വില്ക്കും. ടി x ഡി യുടെ വിളവെടുപ്പ് മുഴുവൻ തന്നെ കരിക്കായിട്ടാണ്. ഒന്നിന് 18 രൂപ നിരക്കിലാണ് വില്പന. തെങ്ങുകൾക്ക് വളപ്രയോഗം പ്രധാനമായും ചാണകമാണ്. കൃഷിയിടത്തിലെ വളത്തിന്റെ ആവശ്യത്തിനും വീട്ടിലെ പാലിന്റെ ആവശ്യത്തിനും മാത്രമായിട്ടാണ് ജോൺ പശുവിനെ വളർത്തുന്നത്. ചാണകം കഴിഞ്ഞാൽ എല്ലാ തെങ്ങിനും വർഷം ഒരു കിലോഗ്രാം വീതം പൊട്ടാഷും നല്കും. വീട്ടിലെയും അയൽ വീടുകളിലെയും ചാരം ശേഖരിച്ചും വില കൊടുത്തു വാങ്ങിയും തെങ്ങിനു നല്കുന്നു. അതാണ് ബിനു തെങ്ങിനു നല്കുന്ന പ്രത്യേക പരിപാലനം. ബാക്കി പച്ചില വളങ്ങളായി, കോഴിക്കാഷ്ഠമായി അങ്ങനെ കൃഷിയിടത്തിൽ നിന്നുള്ള ജൈവ അവശിഷ്ടങ്ങൾ തെങ്ങിൻ ചുവട്ടിൽ എത്തിക്കും. വേനലിൽ തെങ്ങുകൾ നനയ്ക്കും.

തെങ്ങിനു പ്രധാന ഇടവിള കുരുമുളകാണ്. പന്നിയൂർ - 1, കരിമുണ്ട എന്നിവയാണ് പ്രധാന ഇനങ്ങൾ. ഇരുന്നൂറോളം കുരുമുളക് ചുവടുകൾ ഉള്ളത് എല്ലാം പൈപ്പർ കൊളുബ്രിനം അഥവ ബ്രസീലിയൻ തിപ്പലിയിൽ ഗ്രാഫ്റ്റ് ചെയ്തതാണ്. തിപ്പലിയിൽ ഗ്രാഫ്റ്റ് ചെയ്തിരിക്കുന്നതിനാൽ ഒരിക്കലും ദ്രുതവാട്ട രോഗത്തെ പേടിക്കേണ്ട. എല്ലാം രണ്ട് വർഷം മുതൽ 15 വർഷം വരെ പ്രായം ഉള്ളവ. ഇതോടൊപ്പം ഇരുപത്തഞ്ചോളം ചുവട് ഒട്ടു കുറ്റിക്കുരുമുളകും തോട്ടത്തിൽ പരിപാലിച്ചു വരുന്നു. ഗ്രാഫ്റ്റിംഗ് ഒക്കെ ജോൺ സ്വയം ചെയ്യും. കേറുതല (ചെന്തല)കളാണ് ഗ്രാഫ്റ്റ് ചെയ്യുവാൻ ഉപയോഗിക്കുക. അതിനാൽ ഒന്ന് ഒന്നര വർഷത്തിനുള്ളിൽ വിളവ് ലഭിക്കും. താങ്ങുകാലുകളായി രണ്ടിഞ്ചിന്റെ പിവിസി പൈപ്പാണ് ഉപയോഗിക്കുന്നത്. ഇടയ്ക്ക് തോട്ടത്തിൽ തണൽ കൂടി ലക്ഷ്യമാക്കി കുറച്ച് ശീമക്കൊന്നയും ഉണ്ട്.

കുരുമുളകിൽ നിന്നുള്ള വിളവിനെക്കാൾ ജോൺ ആദായം ഉണ്ടാക്കുന്നത് തൈകൾ ഉത്പാദിപ്പിച്ച് ആവശ്യക്കാർക്ക് വില്പന നടത്തിയാണ്. കുറ്റി കുരുമുളകിന്റെ തൈകളാണ് ജോണിന്റെ തോട്ടത്തിൽ ഉത്പാദിപ്പിക്കുന്നത്. ഒരു കുരുമുളകു ചെടിയിൽ നിന്ന് 50 തൈകൾ വരെ ഉണ്ടാക്കി എടുക്കാം വർഷം. സാധാരണ തൈകൾ വില്ക്കുന്നത് 53 രൂപ നിരക്കിലാണ്. ഗ്രാഫ്റ്റ് ചെയ്തിട്ടുള്ളവയ്ക്ക് വില കൂടും. ഈ വർഷം ഇതുവരെ 3000 തൈകൾ വിറ്റു കഴിഞ്ഞു. ഇനിയും 2000 കൂടി വില്പനയ്ക്കു തയാറാക്കി വച്ചിട്ടുണ്ട്. കുരുമുളകു വിളവെടുക്കുന്നതിനെ അപേക്ഷിച്ച് ഇതാണ് ലാഭമെന്നു ബിനു ജോൺ പറയുന്നു. എല്ലാ വർഷവും പെരുവണ്ണാംമൂഴി കൃഷി വിജ്ഞാൻ കേന്ദ്രം ബിനുവിന് മുൻകൂർ ഓർഡർ നല്കി കുരുമുളകു തൈകൾ വാങ്ങുന്നുണ്ട്.

വിലത്തകർച്ചയിൽ കർഷകർ വാനിലയെ തഴഞ്ഞപ്പോഴും ബിനു ജോൺ മാത്രം ആശ കൈവിട്ടില്ല. തന്റെ തോട്ടത്തിൽ ഇടവിളയായി വാനിലയും അദ്ദേഹം പരിപാലിച്ചു വരുന്നു. ഇപ്പോൾ കായ്ഫലമെത്തിയ നൂറോളം വാനിലച്ചെടികളുമുണ്ട് ബിനുവിന്. വാനിലയ്ക്കു വിപണിയിൽ പ്രിയമായതോടെ, തണ്ട് അന്വേഷിച്ച് ആളുകൾ വന്നു തുടങ്ങിയതായും ബിനു പറഞ്ഞു.

തെങ്ങിന് മറ്റ് ഇടവിളകളായി കൊക്കോ, മരച്ചീനി, വാഴ, ചേമ്പ്, ചേന, കാച്ചിൽ, ജാതി, മാങ്കോസ്റ്റിൻ, ഇഞ്ചി, മഞ്ഞൾ എന്നിവയെല്ലാമുണ്ട്. ഇരുന്നൂറോളം കൊക്കോ മരങ്ങളുണ്ട്. എല്ലാ വർഷവും നല്ല ആദായം ലഭിക്കുന്നുവെന്ന് ബിനു സാക്ഷ്യപ്പെടുത്തുന്നു. ഈ വർഷം മഴ മൂലം കായ്കൾക്ക് കുറച്ച് കേടുണ്ട്. എന്നാലും വിളവിൽ കുറവില്ല. ജാതി അധികം ഇല്ല. നട്ടിട്ടു മൂന്നു വർഷമായിട്ടേയുള്ളൂ. കായ് ഉത്പാദിപ്പിച്ചു തുടങ്ങുന്നതേയുള്ളൂ. വാഴ പല ഇനങ്ങളുണ്ട്. റോബസ്റ്റയാണ് പ്രധാനം. ഉയർന്ന ഉത്പാദനക്ഷമതയുള്ള സ്വർണ്ണമുഖിയെന്ന ഇനവും ഉണ്ട്. മരച്ചീനിയും വളരെ ആദായകരമാണ്. ആമ്പക്കാടൻ എന്ന നാടൻ ഇനമാണ് കൃഷി ചെയ്യുന്നത്. തോട്ടത്തിന്റെ ഒരു ഭാഗത്ത് ഏലവും പരീക്ഷണാടിസ്ഥാനത്തിൽ ബിനു കൃഷി ചെയ്തു വരുന്നു.

വീടിന്റെ മുറ്റത്ത് പാഷൻ ഫ്രൂട്ട് പന്തലിട്ട് വളർത്തുന്നു. വർഷം മുഴുവനും കായ്ഫലം ലഭിക്കുന്നതിന് പുറമേ, ഇതു കൊണ്ട്, കടുത്ത വേനൽക്കാലത്ത് പോലും വീടിനകത്ത് ചൂട് അനുഭവപ്പെടാറില്ലെന്ന് ബിനു പറയുന്നു. പ്രമേഹരോഗികൾ ഇതന്വേഷിച്ച് വരാറുണ്ട്. അവർക്കു വെറുതെ നല്കും. ധാരാളം നാരങ്ങ ഉത്പാദിപ്പിക്കുന്ന ഒരിനം ചെറു നാരകവും പുരയിടത്തിലുണ്ട്. പൂജാദി കർമ്മങ്ങൾക്കുപയോഗിക്കുന്ന ഒരിനത്തിൽ ബിനു സ്വയം ബഡ് ചെയ്ത് വളർത്തിയതാണ്. വർഷം മുഴുവൻ ഇത് സമൃദ്ധമായ വിളവ് നല്കുന്നു.

തേനീച്ച കൃഷിയാണ് ബിനു ജോണിന്റെ മറ്റൊരു കാർഷിക സംരംഭം. പത്ത് വൻ തേനീച്ചയുടേയും പതിനഞ്ച്





ചെറുതേനീച്ചയുടേയും യൂണിറ്റുകൾ തോട്ടത്തിന്റെ പല ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. ചെറു തേനിന് നല്ല വില ലഭിക്കും. ധാരാളം ആവശ്യക്കാരും ഉണ്ട്. കൂടാതെ ഇരുപത്തഞ്ചോളം നാടൻ കോഴികളേയും, ഒരു നാടൻ പശുവിനേയും, ഒരു ആടിനെയും ബിനു പരിപാലിക്കുന്നുണ്ട്. ഗാർഹികാവശ്യത്തിനുള്ള മുട്ടയും പാലും ലഭിക്കുന്നത് കൂടാതെ കൃഷിയാവശ്യത്തിനുള്ള ജൈവവളങ്ങളുടെ നല്ലൊരു പങ്കും ഇവയിൽ നിന്ന് ലഭിക്കുന്നു.

കൃഷിയിൽ പരീക്ഷണങ്ങൾ നടത്തുവാൻ എപ്പോഴും തൽപരനാണ് ബിനു. പുതിയൊരു കൃഷി രീതിയെക്കുറിച്ചോ ഉയർന്ന ഉൽപാദനക്ഷമതയുള്ള ഇനത്തെക്കുറിച്ചോ അറിഞ്ഞാൽ അതു തന്റെ കൃഷിയിടത്തിൽ പരീക്ഷിക്കാൻ എപ്പോഴും ഉത്സാഹിയണ് ഈ യുവ കർഷകൻ. അതിന്റെ സാക്ഷ്യമായിട്ടു കൂടിയാണ് എല്ലാവർക്കും മാതൃകയാക്കാവുന്ന ഈ സമ്മിശ്ര കൃഷിതോട്ടം നമുക്ക് മുന്നിൽ സ്ഥിതി ചെയ്യുന്നത്. ഒപ്പം അധ്വാനം ശീലമാക്കിയ ഈ യുവ കർഷകനും. ■

*ഫോൺ : 8157858021*


## ഏജന്റുമാരെ ആവശ്യമുണ്ട്

| | വാർഷിക വരിസംഖ്യ | ആയുഷ്കാല വരിസംഖ്യ (30 വർഷത്തേക്ക്) |
|---|---|---|
| 1. **ഇൻഡ്യൻ കോക്കനട്ട് ജേണൽ** (മാസിക - ഇംഗ്ലീഷ്) | 60 ക. | 1600 ക. |
| സ്ഥാപനങ്ങൾക്കും ലൈബ്രറികൾക്കും | 200 ക. | 5000 ക. |
| 2. **ഇൻഡ്യൻ നാളികേര ജേണൽ** (മാസിക - മലയാളം) | 40 ക. | 1000 ക. |
| 3. **ഭാരതീയ നാരിയൽ പത്രിക** (ത്രൈമാസികം - ഹിന്ദി) | 40 ക. | 1000 ക. |
| 4. **ഭാരതീയ തെങ്ങു പത്രിക** (ത്രൈമാസികം - കന്നഡ) | 40 ക. | 1000 ക. |
| 5. **ഇന്തിയ തെന്നൈ ഇതൾ** (ത്രൈമാസികം - തമിഴ്) | 40 ക. | 1000 ക. |

*ശാസ്ത്രീയ തെങ്ങുകൃഷി, നാളികേര സംസ്കരണ-വിപണന രീതികൾ, വിവിധ കേരോല്പന്നങ്ങളുടെ ഉപയോഗങ്ങൾ മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന മേൽപറഞ്ഞ ജേണലുകൾക്ക് വാർഷിക വരിക്കാരെ ചേർക്കുന്നതിന് കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റുമാരെ ആവശ്യമുണ്ട്. 10 വരിക്കാരെ ചേർത്ത് ഏജന്റാകാം. ഏജന്റിന് 25 ശതമാനം കമ്മീഷൻ ലഭിക്കും.*

***വരിക്കാരുടെ മേൽവിലാസത്തിൽ പിൻകോഡ് എഴുതിയിരിക്കണം***

*കൂടുതൽ വിവരങ്ങൾക്കും ഏജൻസി വ്യവസ്ഥകൾക്കും*
*താഴെ കാണുന്ന വിലാസത്തിൽ അപേക്ഷിക്കുക.*
***ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി - 682 011.***

# കേര വികസനത്തിൽ ത്രിതല കൂട്ടായ്മകളുടെ പങ്ക് വലുത് : ഡോ. രാജു നാരായണ സ്വാമി




*നാളികേര വികസന ബോർഡിന്റെയും തുറവൂർ കോടംതുരുത്ത് നാളികേര ഫെഡറേഷനുകളുടെയും ആഭിമുഖ്യത്തിൽ കോടംതുരുത്ത് എൻഎസ് എസ് ഹാളിൽ നടന്ന നാളികേര സെമിനാറിന്റെ ഉദ്ഘാടനം ബോർഡ് ചെയർമാൻ ഡോ. രാജു നാരായണ സ്വാമി നിർവഹിക്കുന്നു.*

ജനപങ്കാളിത്തത്തോടെ, കർഷകരുടെ സഹകരണത്തോടെ കേര മേഖലയിലെ പ്രശ്നങ്ങൾ പരിഹരിച്ച് ഭാരതത്തിലുടനീളം കേര മേഖലയിൽ ഒരു പുനരുജ്ജവനത്തിനാണ് നാളികേര വികസന ബോർഡ് ശ്രമിക്കുന്നത് എന്ന് ബോർഡ് ചെയർമാൻ ഡോ. രാജു നാരായണ സ്വാമി ഐഎഎസ് വ്യക്തമാക്കി. നാളികേര കർഷകർ എന്നും പ്രശ്നങ്ങളിലാണ്. പ്രതിസന്ധികളിലാണ്. വിപണിയിൽ വിലയിടിവു മുതൽ മധ്യവർത്തികളുടെ ചൂഷണം വരെയും, കൃഷിയിടത്തിൽ മണ്ഡരി മുതൽ കാറ്റുവീഴ്ച്ച വരെയും കൃഷിക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. ഇതിന് മാറ്റം വരണം. ഇതിന് നാളികേര മേഖലയിൽ പ്രവർത്തിക്കുന്ന ത്രിതല സംവിധാനത്തിന് പ്രധാന പങ്കാണ് വഹിക്കാനുള്ളത്. - ചെയർമാൻ ചൂണ്ടിക്കാട്ടി. നാളികേര വികസന ബോർഡിന്റെയും തുറവൂർ കോടംതുരുത്ത് നാളികേര ഫെഡറേഷനുകളുടെയും ആഭിമുഖ്യത്തിൽ കോടംതുരുത്ത് എൻഎസ് എസ് ഹാളിൽ നടന്ന നാളികേര സെമിനാറും കുറിയ ഇനം തെങ്ങിൻ തൈകളുടെ വിപണനവും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു ഡോ. സ്വാമി.

ഭാരതം അടിസ്ഥാനപരമായി കാർഷിക രാജ്യമാണ്. കാർഷിക വിപ്ലവത്തിലൂടെ മാത്രമെ നമ്മുടെ രാജ്യത്തിനു പുരോഗതി ഉണ്ടാവുകയുള്ളൂ. പക്ഷെ കേരളം പോലുള്ള സംസ്ഥാനത്തു നിന്ന് കൃഷി അന്യമാവുകയാണോ എന്ന് ആശങ്കപ്പെടേണ്ടിയിരിക്കുന്നു. ഇതിനു പരിഹാരമായി നമ്മുടെ യുവതലമുറയെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കണം. ചെയർമാൻ ചൂണ്ടിക്കാട്ടി.

ചൂഷകവൃന്ദത്തിന്റെ ദൂഷിത വലയത്തിൽ നിന്നു കർഷകരെ മോചിപ്പിക്കുക. അതാണ് യഥാർത്ഥത്തിൽ സിപിഎഫുകളുടെയും സിപിഎസുകളുടെയും ആത്യന്തിക ദൗത്യം. സാങ്കേതിക വിദ്യ, മൂല്യ വർധിത ഉത്പ്പന്നങ്ങൾ, വിപണന സംവിധാനം ഈ മൂന്നു കാര്യങ്ങൾ ശക്തമാക്കിയാൽ മാത്രമെ നാളികേര മേഖലയിൽ വിപ്ലവം സാധ്യമാവുകയുള്ളൂ. ആ വിപ്ലവം സാധ്യമാകണമെങ്കിൽ ജനപങ്കാളിത്വത്തോടെ, നമ്മുടെ ത്രിതല നാളികേര കർഷ കൂട്ടായ്മകൾ വഴി പുതിയ വികസന പാതകൾ വെട്ടിത്തുറക്കണം. അതിന് എല്ലാവിധ സഹായ സഹകരണവും നല്കാൻ നാളികേര വികസന ബോർഡ് സദാ സന്നദ്ധമാണെന്നും അദ്ദേഹം അറിയിച്ചു.



*സദസ്സ്*



കാർഷിക രംഗത്ത് വലിയ വിപ്ലവത്തിനു സാക്ഷ്യം വഹിച്ചിട്ടുള്ള ഭൂമിയാണ് ആലപ്പുഴ. കേരകാർഷിക മേഖലയിലും ഒരു വിപ്ലവത്തിനു തുടക്കം കുറിക്കുവാൻ അനുയോജ്യമായ സ്ഥലവും ആലപ്പുഴ തന്നെയാണ്. അതിനാൽ നാളികേര പുനരുജ്ജീവനം ഇവിടെ നിന്നു തന്നെ ആരംഭിക്കട്ടെ. ഈ വേദി അതിനു നാന്ദി കുറിക്കട്ടെ. ഡോ. സ്വാമി ആശംസിച്ചു. നിലവിളക്ക് തെളിച്ച് കർഷക സെമിനാർ അദ്ദേഹം ഉദ്ഘാടനം ചെയ്തു.

കേരപ്രിയ - തീരദേശ നാളികേര ഫെഡറേഷനുകളുടെ സംയുക്താഭിമുഖ്യത്തിൽ ആരംഭിച്ച നഴ്സറിയിൽ തയാറാക്കിയ മലയൻ ഗ്രീൻ ഡ്വാർഫ് ഇനം തെങ്ങിൻ തൈകളുടെ വിപണന ഉദ്ഘാടനവും ചെയർമാൻ നിർവഹിച്ചു.

ചടങ്ങിൽ തീരദേശ നാളികേര ഫെഡറേഷൻ പ്രസിഡന്റ് ഡോ. പിഎസ് ശ്രീകണ്ഠൻ തമ്പി ആധ്യക്ഷ്യം വഹിച്ചു. മികച്ച കൃഷിക്കാരായ വിജി മാത്യു, കെ.എസ് ശ്രീധരൻനായർ എന്നിവരെ ചടങ്ങിൽ പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മണി പ്രഭാകരൻ ആദരിച്ചു. കോടംതുരുത്ത് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഷൈനി സെബാസ്റ്റ്യൻ, തുറവൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അനിത സോമൻ, കുത്തിയതോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പ്രേമാ രാജപ്പൻ, എഴുപുന്ന ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ടിഎസ് ശ്യാമളാദേവി കുത്തിയതോട് അസിസ്റ്റന്റ് കൃഷി ഡയറക്ടർ ടിഎസ് ചിത്ര തുടങ്ങിയവർ ആശംസകൾ നേർന്നു. നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ആർ ജ്ഞാനദേവൻ സ്വാഗതവും കേരപ്രിയ നാളികേര ഫെഡറേഷൻ പ്രസിഡന്റ് കെ ജെ ടൈറ്റസ് നന്ദിയും പറഞ്ഞു.

ഉച്ചകഴിഞ്ഞ് നടന്ന കേര കർഷക സെമിനാറിൽ നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ആർ ജ്ഞാനദേവൻ തെങ്ങുകൃഷിയിലെ ശാസ്ത്രീയ രോഗ കീട നിയന്ത്രണ മാർഗ്ഗങ്ങൾ എന്ന വിഷയത്തെക്കുറിച്ചും നാളികേര വികസന ബോർഡ് ടെക്നിക്കൽ ഓഫീസർ വിൻസി വർഗീസ് ബോർഡിന്റെ കർഷക ക്ഷേമ പദ്ധതികളെ കുറിച്ചും, കുത്തിയതോട് കൃഷി ഓഫീസർ സംസ്ഥാന ഗവൺമെന്റിന്റെ കേര വികസന പദ്ധതികളെ കുറിച്ചും, കഞ്ഞിക്കുഴി മുൻ കൃഷി ഓഫീസർ ടിഎസ് വിശ്വൻ പ്രായോഗിക തെങ്ങു കൃഷി രീതികൾ എന്ന വിഷയത്തെ കുറിച്ചും ക്ലാസുകൾ എടുത്തു.

കഞ്ഞിക്കുഴി അഗ്രോസർവീസ് സെന്റർ, കാൽകോ നീം, പിവി എക്സ്പോർട്സ് തുടങ്ങിയ സ്ഥാപനങ്ങളുടെ ഉത്പ്പന്ന പ്രദർശനവും കുറിയ ഇനം തെങ്ങിൻ തൈകളുടെ വില്പനയും സെമിനാറിനോടനുബന്ധിച്ച് നടന്നു.രണ്ടു ഫെഡറേഷനുകളിൽ നിന്നായി ഇരുനൂറിലധികം കൃഷിക്കാർ സെമിനാറിന് എത്തിയിരുന്നു. ■

*തയ്യാറാക്കിയത്: സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി*

# ബോർഡ് ജേണലുകളുടെ പരസ്യനിരക്കുകൾ

*നാളികേര വികസന ബോർഡിന്റെ പ്രസിദ്ധീകരണങ്ങളാണ് ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ്), ഇൻഡ്യൻ നാളികേര ജേണൽ (മലയാളം), ഭാരതീയ നാരിയൽ പത്രിക (ഹിന്ദി), ഭാരതീയ തെങ്ങുപത്രിക (കന്നട), ഇന്ത്യ തെന്നൈ ഇദഴ് (തമിഴ്), ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക്), ഭാരതീയ നാരൾ പത്രിക (മറാഠി) എന്നിവ. ശാസ്ത്രീയ തെങ്ങുകൃഷിയേയും കേരവ്യവസായത്തേയും സംബന്ധിച്ച ലേഖനങ്ങൾ ഈ ജേണലുകളിൽ പതിവായി പ്രസിദ്ധീകരിച്ചുവരുന്നു. ഈ ജേണലുകളുടെ വരിക്കാരിലേറിയപങ്കും കർഷകർ, ഗവേഷകർ, വ്യവസായികൾ, വ്യാപാരികൾ, ലൈബ്രറികൾ തുടങ്ങിയവരാണ്.*

| പരസ്യ വലിപ്പം | ഇന്ത്യൻ കോക്കനട്ട് ജേണൽ (ഇംഗ്ലീഷ് മാസിക) | ഇന്ത്യൻ നാളികേര ജേണൽ (മലയാളം മാസിക) | ഇന്ത്യ തെന്നൈ ഇദഴ് (തമിഴ് ത്രൈമാസികം) | ഭാരതീയ തെങ്ങു പത്രിക (കന്നട ത്രൈമാസികം) | ഭാരതീയ നാരിയൽ പത്രിക (ഹിന്ദി ത്രൈമാസികം) | ഭാരതീയ കൊബ്ബാരി പത്രിക (തെലുങ്ക് അർദ്ധവാർഷികം) | ഭാരതീയ നാരൾ പത്രിക (മറാഠി അർദ്ധവാർഷികം) |
|---|---|---|---|---|---|---|---|
| ഫുൾ പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 5000 | 5000 | Nil | 5000 | 5000 |
| ഫുൾ പേജ് - കളർ | 20000 | 20000 | 10000 | 10000 | 5000 | 10000 | 10000 |
| ഹാഫ് പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 3000 | 3000 | Nil | 3000 | 3000 |
| ക്വാർട്ടർ പേജ് - ബ്ലാക്ക് & വൈറ്റ് | Nil | Nil | 1500 | 1500 | Nil | 1500 | 1500 |
| പുറംകവർ ഉൾവശം - കളർ | 25000 | 25000 | 10000 | 10000 | 8000 | 10000 | 10000 |
| പുറംകവർ - കളർ | 30000 | 30000 | 15000 | 15000 | 10000 | 15000 | 15000 |

** ഒരു ജേണലിൽ ഒരു തവണ പരസ്യം പ്രസിദ്ധീകരിക്കുന്നതിനുള്ള നിരക്ക്.*

** * ഏതെങ്കിലും 2 പതിപ്പുകളിൽ ഒരേസമയം പരസ്യം നൽകിയാൽ 10 ശതമാനവും മൂന്നോ അതിൽ കൂടുതലോ പതിപ്പുകളിൽ ഒരേ സമയം നൽകിയാൽ 12ശതമാനവും കിഴിവ് നൽകുന്നതാണ്. നിയമാനുസൃത പരസ്യ ഏജൻസികൾക്ക് 15 ശതമാനം കിഴിവ് നൽകുന്നതാണ്.*

# അഗളി പെപ്പർ: തെങ്ങിൻ തോപ്പുകളിൽ അത്യുത്പാദന ശേഷിയുള്ള ഇടവിള

**ആബെ ജേക്കബ്**
ഡെപ്യൂട്ടി എഡിറ്റർ, നാളികേര വികസന ബോർഡ്, കൊച്ചി.

**കേരളത്തിന്റെ പരമ്പരാഗത കുരുമുളക് ഇനത്തിൽ നിന്ന് വംശ ശുദ്ധിയിലൂടെ ഉരുത്തിരിഞ്ഞു വന്ന അത്യുത് പാദന ശേഷിയുള്ള കുരുമുളകിനമാണ് അഗളി പെപ്പർ. പാലക്കാടിന്റെ വടക്ക് കിഴക്കൻ അതിർത്തിയിൽ അട്ടപ്പാടി മലനിരകളുടെ താഴ്‌വരയിൽ തഴച്ചു വളരുന്ന ഈ കുരുമുളക് ഇനത്തിന് കഴിഞ്ഞ വർഷം പേറ്റന്റ് ലഭിച്ചു. മുന്തിയ വിളവ് അവകാശപ്പെടുന്ന കാർഷിക സർവകലാശാലയുടെ പന്നിയൂർ ഉൾപ്പെടെയുള്ള മറ്റു സങ്കര ഇനങ്ങളുടെ പോലും മണികൾ ഉണങ്ങുമ്പോൾ ലഭിക്കുന്നത് കിലോഗ്രാമിന് 350 ഗ്രാം ആയിരിക്കെ അഗളി പെപ്പർ ഒരു കിലോഗ്രാമിന് ലഭിക്കുന്നത് 510 ഗ്രാമാണ്. ഇതാണ് ഈ ഇനത്തിന്റെ പ്രധാന ആകർഷണീയത. അതായത് സാധാരണ കുരുമുളക് കറുത്ത പൊന്നാണെങ്കിൽ അഗളി പെപ്പർ തങ്കമാണ്. കറുത്ത തങ്കം.**



*അഗളി പെപ്പർ തൈകൾ*

കേരളത്തിന്റെ പാലക്കാട് ജില്ലയെയും തമിഴ്നാടിന്റെ കുടകിനെയും അതിരിടുന്ന അട്ടപ്പാടി മലനിരകൾ. അതിനു മധ്യഭാഗത്തായി തല ഉയർത്തി നില്ക്കുന്ന മല്ലീശ്വര മുടി. ആ കൊടുമുടിയെ വലം വച്ച് ഒഴുകുന്ന ഭവാനിപ്പുഴ. തമിഴ്നാട്ടിലെ നീലഗിരി മലനിരകളിൽ നിന്ന് ഉത്ഭവിച്ച് സൈലന്റ് വാലി ദേശീയോദ്യാനത്തെ തഴുകി തമിഴ്നാട്ടിലേയ്ക്കു മടങ്ങുന്ന ഈ കാനന സുന്ദരി കാവേരിയുടെ പ്രധാന കൈവഴിയാണ്. ഭവാനിയുടെ വൃഷ്ടി പ്രദേശമായ അഗളി ഇന്നു ലോകപ്രശസ്തമാണ്. ഇവിടുത്തെ ജൈവ സമൃദ്ധമായ മിതശീതോഷ്ണ കാലാവസ്ഥയിൽ വളരുന്ന കേരളത്തിന്റെ തനതായ ഒരു കുരുമുളക് ഇനത്തിനു അഗളിയുടെ പേരു കൂടി ചാർത്തി ബൗദ്ധിക സ്വത്തവകാശം ലഭിച്ചിരിക്കുന്നു. അഗളി പെപ്പർ.

അഗളിയിൽ നിന്നു 16 കിലോമീറ്ററുകൾ അകലെയാണ് ജെല്ലിപ്പാറ. ജെല്ലിപ്പാറ വരെ മാത്രമെ ബസ് സർവീസുള്ളു. ജെല്ലിപ്പാറയ്ക്കു സമീപം അച്ചൻകുന്നിലാണ് ജോർജ് കല്ലുവേലിയുടെ അഗളി പെപ്പർ വളരുന്ന കുരുമുളകു തോട്ടം. കടുത്ത വേനലിലും ഇളം തണുപ്പുള്ള കാലാവസ്ഥ. കുരുമുളക് കഴിഞ്ഞാൽ കാപ്പി, കവുങ്ങ്, വാഴ എന്നിവയാണ് മേഖലയിലെ മറ്റു വിളകൾ

തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളകൃഷിക്കു യോജിച്ച അഗളി പെപ്പറിന് നിരവധി പ്രത്യേകതകളാണ് കോഴിക്കോട്ട് മേരിക്കുന്നിലുള്ള സുഗന്ധവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ നിരീക്ഷിച്ചിരിക്കുന്നത്. അമ്പതു ശതമാനത്തിലധികം ഉണക്കമുളകു ലഭിക്കുന്ന ഇനം എന്ന നിലയിലാണ് അഗളി പെപ്പർ ശ്രദ്ധേയമാകുന്നത്. 2012 മുതൽ നാലു വർഷക്കാലം നിരന്തരമായി നടത്തിയ ഗവേഷണങ്ങളുടെയും പഠനങ്ങളുടെയും പശ്ചാത്തലത്തിലാണ് ഡോ.ബി ശശികുമാർ ഉൾപ്പെടെയുള്ള ശാസ്ത്രജ്ഞർ ഈ നിഗമനങ്ങളിൽ എത്തി ചേർന്നിരിക്കുന്നത്. ഇവയുടെ പേരിലാണ് ഈ കുരുമുളക് ഇനത്തിന്റെ കൃഷിക്കാരനായ അഗളി വില്ലേജിലെ ജെല്ലിപ്പാറ സ്വദേശിയായ ശ്രീ കെവി ജോർജ് കല്ലുവേലിക്ക് ഇതിന്റെ പേറ്റൻറ് അനുവദിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന്റെ സസ്യ വൈവിധ്യ കർഷക അവകാശ സംരക്ഷണ അതോറിറ്റി വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത്. ഇതോടെ ഈ ഇനത്തിന്റെ തൈകൾ ഉത്പാദിപ്പിക്കുന്നതിനും, വിപണനം നടത്തുന്നതിനുമുള്ള ബൗദ്ധിക സ്വത്തവകാശം ജോർജ് കല്ലുവേലിയിൽ നിക്ഷിപ്തമായിരിക്കുകയാണ്.

കോട്ടയം ജില്ലയിലെ കുറവിലങ്ങാട് തോട്ടുവായിൽ നിന്നും 1959-ൽ ജെല്ലിപ്പാറയിലേയ്ക്ക് കുടിയേറിയതാണ് ജോർജിന്റെ പിതാവ് വർക്കിയും കുടുംബവും. അന്ന് ജോർജിന്റെ വല്യപ്പൻ ജോസഫ്, തോട്ടുവായിൽ നിന്നു കൊണ്ടുവന്ന കൊടിത്തലകൾ പുതുമണ്ണിൽ നട്ടു പിടിപ്പിച്ചു. അവയിൽ ചിലതെല്ലാം

കിളിർത്തു. പലതും കേടും രോഗങ്ങളും പിടിപെട്ട് നശിച്ചു. ബാക്കി കുറെ ഉണങ്ങിയും പോയി. പക്ഷെ, അതിൽ ഒരിനം മാത്രം കാലാവസ്ഥയെ അതിജീവിച്ചു. ഇന്നും ആ കൊടികൾ 100 മേനി വിളവു നല്കി ജോർജിന്റെയും സഹോദരങ്ങളുടെയും പുരയിടത്തിൽ ആരോഗ്യത്തോടെ വളരുന്നു. അതാണ് പെപ്പർ അഗളി.

നാട്ടിൽ നിന്നു കൊണ്ടുവന്ന നാരായക്കൊടി ഇനത്തിൽ പെട്ടതാണ് ഈ കുരുമുളക്. നാരായക്കൊടി തന്നെ 12 ഇനമുണ്ട്. അതിൽ ഏതോ ഒരിനം. അത്രയെ അറിയൂ. അതും അന്ന് വല്യപ്പൻ പറഞ്ഞുള്ള അറിവ്. കരിമുണ്ട, വെള്ളമുണ്ടി, നീലമുണ്ടി, സിയോൺ മുണ്ടി തുടങ്ങിയ ഇനങ്ങളാണ് അന്നു കൊണ്ടുവന്ന് നട്ടത്. അതിൽ ഒരിനത്തിനു നല്ല വളർച്ച അന്നേ പ്രകടമായിരുന്നു. സാധാരണ രോഗങ്ങളോ, ദ്രുതവാട്ടമോ, വരൾച്ചയോ അതിനെ ബാധിച്ചും കണ്ടില്ല. വിളവാണെങ്കിൽ ഒന്നിനൊന്നു മെച്ചം. ചിലയിനങ്ങളുണ്ട്. ഒരു വർഷം നല്ല വിളവു നല്കിയാൽ അടുത്ത വർഷം തിരി പിടിക്കില്ല. പക്ഷെ അഗളി പെപ്പർ അങ്ങിനെയല്ല. എല്ലാ വർഷവും കായ്ക്കും. തിരി നിറയെ മണികൾ ഉണ്ടാവും. അതും വലിയ മണികൾ. പുറംതൊലിക്ക് കനം കുറവാണ്. മാംസളഭാഗവും തീരെ ഇല്ല. അതിനാൽ പക്ഷികൾക്കും വലിയ താല്പര്യം ഇല്ല. പഴുത്താലും മണികൾ അടർന്നു വീഴില്ല. മൊത്തം പഴുത്താൽ തിരി ഒന്നാകെ അടർന്നു വീഴും. ഇതുമൂലം വിളവെടുപ്പും എളുപ്പം.

ജോർജിന്റെ പിതാവ് വർക്കിയാണ് തന്റെ തോട്ടത്തിലെ ചില കുരുമുളകു ചെടികളുടെ ഈ പ്രത്യേകതകൾ ആദ്യം ശ്രദ്ധിച്ചത്. തന്റെ 40 ഏക്കർ കൃഷിയിടത്തിലെമ്പാടും പിന്നീട് ഈ ഇനം കുരുമുളകു മാത്രം നട്ടു പരിപാലിക്കാൻ അദ്ദേഹം ജാഗ്രത പുലർത്തി. മറ്റിനങ്ങൾ കുറച്ചു വർഷങ്ങൾ മാത്രം വിളവു നല്കിയ ശേഷം നശിച്ചപ്പോഴും ഈ ഇനം, തോട്ടത്തിൽ കരുത്തോടെ വളർന്നു. പിതൃസ്വത്തായി ജോർജിനു ലഭിച്ച കൃഷിയിടത്തിൽ ഇന്നും കുടിയേറ്റ സ്മാരകം പോലെ അന്നത്തെ കുരുമുളക് ചെടികളുണ്ട്. ഇവ നട്ടത് അപ്പനാണ് എന്നു പറയുന്ന ജോർജ് അതിന്റെ ക്രെഡിറ്റ് അവകാശപ്പെടുന്നേയില്ല. തെങ്ങിൽ, തെങ്ങിന്റെ ആയുസ്സോളം ഇതു പടർന്നു കയറുന്നു. താങ്ങുമരമായി വെള്ളമുരിക്കാണ് നല്ലത് എന്നും ജോർജ് അഭിപ്രായപ്പെട്ടു. ഒരു കാരണം തോട്ടത്തിൽ ജൈവവളമായി ഉപയോഗിക്കാം. മറ്റൊന്ന് ഇതര താങ്ങു മരങ്ങൾക്കുള്ള രോഗങ്ങളൊന്നും വെള്ളമുരിക്കിനില്ല.

സാധാരണ കുരുമുളകിനങ്ങൾ ഉണങ്ങുമ്പോൾ കിലോഗ്രാമിനു പരമാവധി 350 ഗ്രാമാണ് ലഭിക്കുക. ഇതിന് പക്ഷെ 510 ഗ്രാം വരെ കിട്ടുന്നു. അതായത് ഒരു ക്വിന്റൽ പച്ചമുളക് ഉണങ്ങുമ്പോൾ 15 കിലോഗ്രാമിന്റെ അധിക വിളവ്. ഇപ്പോഴത്തെ വില നിരക്കിൽ 5600 രൂപയുടെ അധിക ആദായം. സാധാരണ കുരുമുളകിനങ്ങളിൽ നിന്നു വൈറ്റ് പെപ്പർ അഥവ വെള്ള കുരുമുളക് ഉത്പാദിപ്പിക്കുമ്പോൾ 30 -32 ശതമാനമാണ് ലഭിക്കുക. എന്നാൽ അഗളി പെപ്പറിൽ നിന്ന് 38 ശതമാനം വരെ വെള്ള കുരുമുളകു ലഭിക്കുന്നു എന്നതും ഈ ഇനത്തിന്റെ വാണിജ്യ മൂല്യമായി സുഗന്ധവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ വിലയിരുത്തുന്നു.

തന്റെ തോട്ടത്തിലെ കുരുമുളകിന്റെ സവിശേഷത ജോർജ് ആരെയും അറിയിച്ചില്ല 2012 ൽ ഒരു കർഷക പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതു വരെ. പാലക്കാട് ജില്ലാ ആത്മയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് സുഗന്ധവിള ഗവേഷണ കേന്ദ്രം പെരുവണ്ണാംമൂഴി കൃഷി വിജ്ഞാന കേന്ദ്രത്തിൽ കൃഷിക്കാർക്കായി മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്തുള്ള ദ്വിദിന പരിശീലന ക്ലാസ് ആസൂത്രണം ചെയ്യുകയുണ്ടായി. അറിയിപ്പു ലഭിച്ചെങ്കിലും ജോർജ് പേര് നല്കിയില്ല. പക്ഷെ, അന്നത്തെ കൃഷി ഓഫീസർ പ്രത്യേകം താല്പര്യമെടുത്ത് ജോർജിനെയും കോഴിക്കോട്ടേയ്ക്ക് ഒപ്പം കൂട്ടി.

ഒരു കിലോഗ്രാം കുരുമുളക് ഉണങ്ങിയാൽ പരമാവധി 300 മുതൽ 350 ഗ്രാം വരെയാണു ലഭിക്കുക എന്ന് പരിശീലന ക്ലാസിനിടെ ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ വിശദീകരിച്ചു. വിദഗ്ധന്റെ ക്ലാസ് കഴിഞ്ഞപ്പോൾ ജോർജ് എഴുന്നേറ്റ്, തന്റെ കുരുമുളകു തോട്ടത്തിൽ നിന്ന് ഒരു കിലോഗ്രാം കുരുമുളക് ഉണങ്ങുമ്പോൾ 500 ഗ്രാം കിട്ടുന്നുണ്ട് എന്ന് അറിയിച്ചു. ശാസ്ത്രജ്ഞർക്ക് ജോർജിന്റെ വാക്കുകളിൽ വിശ്വാസം വന്നില്ല. തീരെ സാധ്യത ഇല്ലാത്ത കാര്യമാണിതെന്ന് അഭിപ്രായപ്പെട്ട

> **ജലസേചനം സാധ്യമല്ലാത്ത തെങ്ങിൻ പുരയിടങ്ങളിൽ കൃഷിക്കാർക്ക് അധിക ആദായത്തിന് സഹായകരമാണ് എന്നതത്രെ പെപ്പർ അഗളിയുടെ മേന്മ. ഇതുവരെയുള്ള അനുഭവം വച്ച് നല്ല പരിചരണമുള്ള, അഞ്ചാറു വർഷം പ്രായമായ തെങ്ങിലേയ്ക്ക് പടർത്തിയാൽ പിന്നെ 60 വർഷത്തോളം തുടർച്ചയായി അഗളി പെപ്പറിൽ നിന്നു വിളവു പ്രതീക്ഷിക്കാം. രോഗങ്ങളില്ല, വിളവ് കൂടുതൽ, അളവും കൂടുതൽ. തെങ്ങിൻ തോപ്പിൽ നിന്നുള്ള വരുമാനമാകട്ടെ ഇരട്ടിയിലധികവും.**

*അഗളി പെപ്പർ തെങ്ങിൽ*





*ജോർജിന്റെ തോട്ടത്തിലെ ആദ്യ കുരുമുളക് ചെടികളിൽ ഒന്ന്*

അവർ, ജോർജിന്റെ വാക്കുകൾ കാര്യമാക്കിയതുമില്ല. പക്ഷെ, പരിശീലന പരിപാടി കഴിഞ്ഞു മടങ്ങുമ്പോൾ മേരിക്കുന്നിലെ ശാസ്ത്രജ്ഞരെ തന്റെ തോട്ടത്തിലേയ്ക്കു ക്ഷണിക്കാൻ ജോർജ് മറന്നില്ല. അതെക്കുറിച്ച് ജോർജ് – "അവർ വരുമെന്ന് ഞാൻ ഒരിക്കലും കരുതിയില്ല. രണ്ടു ദിവസം കഴിഞ്ഞു. ഞാൻ പുരയിടത്തിൽ ജോലിക്കാർക്കൊപ്പം കുരുമുളകു പറിയ്ക്കുകയായിരുന്നു. ഫോൺ ബെല്ലടിച്ചു. എടുത്തപ്പോൾ കോഴിക്കോട് സുഗന്ധവിള ഗവേഷണ സ്ഥാപനത്തിലെ ഡോ. ശശികുമാറാണ്. മണ്ണാർക്കാട്ട് എത്തിയ അവർ ജെല്ലിപ്പാറയിലെ കൃഷിയിടത്തിലേയ്ക്കുള്ള വഴി അന്വേഷിക്കാൻ വിളിച്ചതാണ്. ഞാൻ ശരിക്കും അമ്പരന്നു പോയി. ഉടൻ തന്നെ കൽക്കണ്ടി എന്ന സ്ഥലത്തു ചെന്ന് ഞാൻ അവരെ കൂട്ടി കൊണ്ടു വരികയായിരുന്നു. അന്ന് തോട്ടത്തിൽ നിന്ന് ഡോ. ശശികുമാറും സംഘവും രണ്ടു കിലോഗ്രാം പച്ചമുളക് കൊണ്ടുപോയി. ഒരാഴ്ച്ച കഴിഞ്ഞപ്പോൾ അറിയിപ്പു വന്നു, ഡ്രയറിൽ ഉണങ്ങിയപ്പോൾ കിലോഗ്രാമിന് 500 ഗ്രാം ലഭിച്ചു എന്ന്."

തുടർന്നുള്ള നാലു വർഷം സുഗന്ധവിള ഗവേഷണ സ്ഥാപനത്തിൽ നിന്നും ഡൽഹിയിൽ നിന്നുമെല്ലാം ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും ജോർജിന്റെ തോട്ടത്തിൽ നിത്യ സന്ദർശകരായി. തോട്ടത്തിലെ 60 ചുവടു കുരുമുളകു ചെടികൾ പ്രത്യേകമായി അടയാളപ്പെടുത്തി, അവയെ നിരീക്ഷണ വിധേയമാക്കിയായിരുന്നു അവരുടെ മുന്നോട്ടുള്ള ഗവേഷണം. ഈ പഠന ഗവേഷണങ്ങൾ 2016 വരെ തുടർന്നു. ഒടുവിൽ ജോർജിന്റെ അവകാശവാദം ശരിയെന്നു ബോധ്യപ്പെട്ട ശാസ്ത്രജ്ഞർ തന്നെ മുൻകൈ എടുത്ത് 2016 ൽ ഈ ഇനത്തെ പേറ്റന്റിനു ശിപാർശ ചെയ്യുകയായിരുന്നു. അങ്ങിനെയാണ് 2017 ജനുവരിയിൽ അഗളി പെപ്പർ എന്ന പേരിൽ കേന്ദ്ര സസ്യ വൈവിധ്യ - കർഷക അവകാശ സംരക്ഷണ അതോറിറ്റി ജോർജിനു പേറ്റന്റ് നല്കിയത്.

ജലസേചനം സാധ്യമല്ലാത്ത തെങ്ങിൻ പുരയിടങ്ങളിൽ കൃഷിക്കാർക്ക് അധിക ആദായത്തിന് സഹായകരമാണ് എന്നതത്രെ പെപ്പർ അഗളിയുടെ മേന്മ. ഇതുവരെയുള്ള അനുഭവം വച്ച് നല്ല പരിചരണമുള്ള, അഞ്ചാറു വർഷം പ്രായമായ തെങ്ങിലേയ്ക്ക് പടർത്തിയാൽ പിന്നെ 60 വർഷത്തോളം തുടർച്ചയായി അഗളി പെപ്പറിൽ നിന്നു വിളവു പ്രതീക്ഷിക്കാം. രോഗങ്ങളില്ല, വിളവ് കൂടുതൽ, അളവും കൂടുതൽ. തെങ്ങിൻ തോപ്പിൽ നിന്നുള്ള വരുമാനമാകട്ടെ ഇരട്ടിയിലധികവും. നിലവിൽ ഒരേക്കറിൽ നിന്ന് ജോർജിനു ലഭിക്കുന്നത് ശരാശരി ഒരു ടൺ ഉണങ്ങിയ കുരുമുളകാണ്. പുതിയ വള്ളി നട്ടാൽ വളർന്ന് അടുത്ത വർഷം തന്നെ അതിൽ ചരട് ഉണ്ടാവും. തുടർന്ന് 3-5 വർഷം കൊണ്ട് അതിൽ നിന്ന് ശരാശരി രണ്ടു കിലോഗ്രാം ഉണങ്ങിയ കുരുമുളക് ലഭിക്കും. തെങ്ങിന് ഇടവിളയായി കൃഷി ചെയ്യാൻ ഇതിൽ കൂടുതൽ എന്തു യോഗ്യതയാണ് വേണ്ടത്. ശരാശരി 60 തെങ്ങിൻ തൈകൾ ഉള്ള കൃഷിയിടത്തിൽ 100 ചുവട് കുരുമുളക് കൃഷി ചെയ്യാം.

പുതിയ ചെടി നടുമ്പോൾ വേപ്പിൻ പിണ്ണാക്കും ചാണകപ്പൊടിയും മാത്രമാണ് ജോർജ് അടിവളമായി നല്കുക. എല്ലാ വർഷവും വളപ്രയോഗം ഇല്ല. ഒന്നിടവിട്ട വർഷങ്ങളിൽ ചാണകം നല്കും. പക്ഷെ, ഏപ്രിൽ -മെയ്, ജൂലൈ - ഓഗസ്റ്റ് എന്നീ കാലഘട്ടത്തിൽ ബോർഡോ മിശ്രിതം പതിവായി എല്ലാ ചെടികൾക്കും നല്കും. ഒരു മുൻകരുതൽ എന്ന നിലയ്ക്ക്. രണ്ടു പ്രാവശ്യം താങ്ങുമരമായ വെള്ളമുരിക്കിന്റെ ഇരമ്പ് ഇറക്കുകയും ചെയ്യും. ഇത് വളരെ പെട്ടെന്ന് അഴുകി മണ്ണിൽ ലയിച്ചു ചേരും. കുരുമുളകിനാകട്ടെ ഇത് നല്ല പച്ചില വളമാണ്. കൂടാതെ വർഷത്തിൽ രണ്ടു പ്രാവശ്യം തോട്ടം ചെത്തിക്കൂട്ടുകയും ചെയ്യും. ഇങ്ങനെ ചെത്തിക്കൂട്ടിയ കളകളും പുല്ലും പാഴ് ചെടികളും കുരുമുളക് ചെടികൾക്ക് പുതയായി മാറുന്നു. ഇത്തരത്തിൽ തന്റെ കൃഷിയിൽ പൂർണമായും ജൈവരീതിയാണ് ജോർജ് പിന്തുടരുന്നത്. കുരുമുളകിനൊപ്പം തെങ്ങും കാപ്പിയും കവുങ്ങും വാഴയും തോട്ടത്തിൽ വളരുന്നു. തെങ്ങുകൾക്കു പ്രായമായി. വിളവും കുറഞ്ഞു തുടങ്ങി. അടിത്തൈകൾ വയ്ക്കണം- ജോർജ് പറഞ്ഞു.

ജോർജ് മണ്ണാർക്കാട്ടാണ് താമസം. ജെല്ലിപ്പാറ, അച്ചൻമുക്കിലാണ് ജോർജിന്റെയും സഹോദരങ്ങളുടെയും കൃഷിയിടം. കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യത്തിനായിട്ടാണ് ജോർജ് മണ്ണാർക്കാട്ടേയ്ക്ക് താമസം മാറ്റിയത്. പക്ഷെ എല്ലാ ദിവസവും ജെല്ലിപ്പാറയിൽ എത്തി കൃഷിപ്പണികൾ നോക്കി നടത്തും. തോട്ടത്തിൽ രണ്ടുമൂന്നു ജോലിക്കാർ സ്ഥിരമായുണ്ട്. തമിഴർ. കൂടാതെ കുരുമുളകു വിളവെടുപ്പു സീസണാകുമ്പോൾ അവർ നാട്ടിൽ പോയി എട്ടു പത്തു ജോലിക്കാരെ കൂടി കൊണ്ടുവരും. നാട്ടിലുള്ളവരെ കുരുമുളകു വിളവെടുപ്പു പോലുള്ള ജോലിക്കു കിട്ടാൻ പ്രയാസമാണെന്നും അദ്ദേഹം വ്യക്തമാക്കി.

തനിക്കു പേറ്റന്റ് ലഭിച്ച കുരുമുളകിന്റെ തൈകൾ വ്യാവാസായികാടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്നതിന് ജോർജ് പോളിഹൗസുകൾ നിർമ്മിച്ചിട്ടുണ്ട്. വർഷം 20000 തൈകളാണ് നിലവിൽ ഉത്പാദിപ്പിക്കുന്നത്. തന്റെ കൃഷിയിടത്തിലേയ്ക്ക് ആവശ്യമുള്ളവ കഴിഞ്ഞ് ബാക്കിയയുള്ളവ അദ്ദേഹം പുറത്തുള്ള കൃഷിക്കാർക്കു വില്ക്കുന്നുമുണ്ട്. ■

*ഫോൺ: 9961556318*

# 'സുഭിക്ഷ'തയുടെ 15 സംവത്സരങ്ങൾ, സ്ത്രീശാക്തീകരണത്തിന്റെയും

സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി

**സംസ്ഥാനത്തെ പ്രഥമ നാളികേരാധിഷ്ഠിത വ്യവസായ പദ്ധതിയായ സുഭിക്ഷ പ്രവർത്തനം തുടങ്ങിയിട്ടു പതിനഞ്ചു വർഷം. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ഒരു പറ്റം വീട്ടമ്മമാരെ അടുക്കളയിൽ നിന്നും സംരംഭകത്വത്തിന്റെ അരങ്ങിലേയ്ക്കു പറിച്ചു നടുക എന്ന നിയോഗമാണ് സുഭിക്ഷ നിറവേറ്റിയത്. സസ്റ്റെയിനബിൾ ബിസിനസ് ഡവലപ്മെന്റ് ഓഫ് ഇന്നൊവെറ്റിവ് കോക്കനട്ട് ബേസ്ഡ് മൈക്രോ എന്റർപ്രൈസസ് ഫോർ ഹോളിസ്റ്റിക് ഗ്രോത്ത് ആൻഡ് പോവർട്ടി അലിവിയേഷൻ എന്നതാണ് സുഭിക്ഷയുടെ പൂർണരൂപം. പേരു പോലെ നീണ്ട വനിതാ കൂട്ടായ്മകളുടെ ചങ്ങലക്കണ്ണികൾ ഒത്തു ചേരുന്നിടത്താണ് സുഭിക്ഷ ബ്രാൻഡിന്റെ വിജയം. പോരാമ്പ്രയിലെയും പരിസരങ്ങളിലെയും ആയിരക്കണക്കിനു വനിതകളുടെ ജീവിതത്തിന് തണലായി മാറിയ ഇന്ത്യയിലെ ആദ്യ വനിതാ പ്രൊഡ്യൂസർ കമ്പനി പിന്നിട്ട പാതകൾ....**

പേരാമ്പ്ര പഞ്ചായത്തിലെ ആയിരക്കണക്കിനു സ്ത്രീകളുടെ മുഖങ്ങളിലെ മാഞ്ഞുപോയ പുഞ്ചിരികൾ വീണ്ടും തെളിയാൻ തുടങ്ങിയിട്ട് പതിനഞ്ചു വർഷം തികഞ്ഞു. സുഭിക്ഷതയുടെ 15 സംവത്സരങ്ങൾ. സ്ത്രീകൾക്കു വേണ്ടി സ്ത്രീകൾ നടത്തുന്ന ശാക്തീകരണ പ്രസ്ഥാനം അതിന്റെ വികസനത്തിന്റെ അടുത്ത ഘട്ടത്തിലേയ്ക്കു പ്രവേശിക്കുകയാണ്. സാമ്പത്തിക മാന്ദ്യത്തിന്റെയും വിലത്തകർച്ചയുടെയും ദുരിതമഴകൾ പെയ്തിറങ്ങിയപ്പോൾ കൂട്ടായ്മയിലൂടെ സ്ത്രീശാക്തീകരണത്തിന്റെയും ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെയും സാമൂഹിക വികസനത്തിന്റെയും നാളികേരാധിഷ്ഠിത സംരംഭകത്വത്തിന്റെയും നൂതന അധ്യായങ്ങൾ രചിക്കുകയായിരുന്നു സുഭിക്ഷ. നാളികേരത്തിൽ നിന്നു കൊപ്രയും വെളിച്ചെണ്ണയും കയറും മാത്രം ഉത്പാദിപ്പിച്ചിരുന്ന ഒരു സംസ്കാരത്തെ അടിമുടി മാറ്റിയ ഈ സ്ത്രീ മുന്നേറ്റം, മൂല്യവർധിത ഉത്പ്പന്നങ്ങളിലൂടെ ഒരു നവകമ്പോളസമ്പദ് വ്യവസ്ഥയെ സമൂഹത്തിൽ അടയാളപ്പെടുത്തിയിരിക്കുകയാണ്.

## ഒരു ഗ്രാമത്തിന്റെ സ്വപ്നം

സുഭിക്ഷയുടെ വിജയം ഒരു നാടിന്റെ സ്വപ്ന സാക്ഷാത്ക്കാരം കൂടിയാണ്. പേരാമ്പ്ര പഞ്ചായത്തിന്റെ കീഴിൽ 2003 ലാണ് സുഭിക്ഷ എന്ന പേരിൽ സംസ്ഥാനത്തെ പ്രഥമ നാളികേരാധിഷ്ഠിത വ്യവസായപദ്ധതി രൂപം കൊള്ളുന്നത്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയായ സ്വർണ ജയന്തി ഗ്രാമ സ്വരോസ്ഗർ യോജന പ്രകാരമാണ് സുഭിക്ഷ രജിസ്റ്റർ ചെയ്തത്. അതിനും മുമ്പെ 2000–ാമാണ്ടിൽ ഒരു ആശയം എന്ന നിലയിൽ ആവിഷ്കൃതമായ സുഭിക്ഷയുടെ വിശദാംശങ്ങൾ തയാറാക്കിയത് കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റായിരുന്നു.

നൊച്ചാട് എന്ന ഗ്രാമത്തിൽ ആരംഭിച്ച കൊപ്ര ഡ്രയർ യൂണിറ്റിൽ നിന്നായിരുന്നു തുടക്കം. ആവശ്യമായ നാളികേരം ലഭിക്കാതെ വന്നപ്പോൾ കൂടുതൽ സംഭരിക്കുന്നതിനായി 50 കുടുംബശ്രീ യൂണിറ്റുകൾക്ക് 5000 രൂപവീതം ബ്ലോക്ക് പഞ്ചായത്തിൽ നിന്നു റിവോൾവിംങ് ഫണ്ട് അനുവദിച്ചു നല്കി.



ഡ്രയറിന്റെ പ്രവർത്തനം സുഗമമായി മുന്നോട്ടു പോയപ്പോൾ സംസ്കരിക്കുന്ന നാളികേരത്തിന്റെ വെള്ളം, ചിരട്ട, ചകിരി എന്നിവ പാഴാകുന്നതു കണ്ട് അന്നത്തെ ബ്ലോക്കു പഞ്ചായത്തു പ്രസിഡന്റ് എം കുഞ്ഞഹമ്മദ് മുന്നോട്ടു വച്ച ആശയമാണ് സുഭിക്ഷ എന്ന വൻ വളർന്ന് വികസിക്കുന്നതും വിവിധ ഘട്ടങ്ങളിലായുള്ള ചർച്ചകൾക്കു ശേഷം ഒരു വ്യവസായ രൂപരേഖ തയാറാക്കാൻ കോഴിക്കോട് ഐഐഎമ്മിനെ ഏല്പ്പിക്കുന്നതും. ഈ പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റ് അംഗീകാരം നലകി. തുടക്കത്തിൽ കേന്ദ്ര സർക്കാർ നല്കിയ നാലു കോടി അഞ്ചു ലക്ഷം രൂപയും സംസ്ഥാന സർക്കാർ നല്കിയ രണ്ടു കോടി രൂപയുമായിരുന്നു മൂലധനം. രണ്ടര കോടി രൂപ ബാങ്കുകളിൽ നിന്നു വായ്പയും എടുത്തു.

വൈകാതെ വീടുകൾ കേന്ദ്രീകരിച്ചുള്ള നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. സോപ്പ്, അച്ചാർ തുടങ്ങിയവയായിരുന്നു ആദ്യ ഉത്പ്പന്നങ്ങൾ. ഇവയ്ക്ക് പൊതു സമൂഹത്തിൽ ലഭിച്ച സ്വീകാര്യത പ്രവർത്തകർക്ക് ആവേശമായി. അങ്ങിനെയാണ് സ്വാശ്രയ യൂണിറ്റുകൾ രൂപീകൃമാകുന്നതും പ്രാദേശിക വിപണിയിലേയ്ക്കു വനിതകൾ രംഗപ്രവേശം ചെയ്യുന്നതും. കമ്പനീസ് ആക്ട് പ്രകാരം 2005 ൽ സുഭിക്ഷ പ്രൊഡ്യൂസർ കമ്പനിയായി രജിസ്റ്റർ ചെയ്യപ്പെട്ടു.

## നാളികേരത്തിനു രാജപദവി

തേങ്ങ ഇന്നു വെറും തേങ്ങയല്ല. അത് ദേശീയ അന്തർദേശീയ വിപണികളിൽ വൻ ഡിമാന്റുള്ള അനേകം ഉത്പ്പന്നങ്ങളുടെ അസംസ്കൃത വസ്തുവാണ്.നാളികേരത്തിന്റെ ഈ അനന്ത സാധ്യതകൾ ആദ്യമായി ഉപയോഗപ്പെടുത്തിയത് സുഭിക്ഷയാണ് എന്നു വേണമെങ്കിൽ പറയാം. കൊച്ചിയിലുള്ള നാളികേര വികസന ബോർഡ്, കാസറഗോട്ടുള്ള കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, മൈസൂറിലെ കേന്ദ്ര ഭക്ഷ്യ സംസ്കരണ ഗവേഷണ സ്ഥാപനം എന്നിവയിലെ ശാസ്ത്രജ്ഞരുടെയും സാങ്കേതിക വിദഗ്ധരുടെയും സഹായവും, നാട്ടറിവുകളും ഉപയോഗപ്പെടുത്തി പരമ്പരാഗത ഉത്പ്പന്നങ്ങൾക്കു പുറമെ മൂല്യവർധിത ഉത്പ്പന്നങ്ങളുടെ ഒരു നിര തന്നെ സുഭിക്ഷയിൽ നിന്നു വിപണിയിൽ എത്തി.

തേങ്ങയിൽനിന്ന് ചിപ്സ്, അച്ചാർ, വെളിച്ചെണ്ണ, വെന്തെണ്ണ, വെർജിൻ കോക്കനട്ട് ഓയിൽ, സോപ്പ്, ബേബി ഓയിൽ, ഇളനീരിൽ നിന്ന് ജ്യൂസ്, സ്നോബോൾ, തേങ്ങാ വെള്ളത്തിൽ നിന്നു വിനാഗരി, സ്ക്വാഷ്, ജാം ചകിരിയിൽ നിന്നു ഫൈബർ, കയർ, മാറ്റുകൾ, ചൂടി, ചകിരി വളം ചിരട്ടയിൽ നിന്നു ചിരട്ടക്കരി, കരകൗശല വസ്തുക്കൾ തുടങ്ങി 25 ൽ പരം ഉത്പ്പന്നങ്ങളാണ് ഇന്ന് സുഭിക്ഷ വിപണിയിൽ എത്തിക്കുന്നത്. കേരളത്തിൽ ആദ്യമായി 2006-ൽ വെർജിൻ കോക്കനട്ട് ഓയിൽ നിർമ്മച്ചു വിപണിയിലിറക്കിയതു സുഭിക്ഷയാണ്. വെർജിൻ കോക്നട്ട് ഓയിലിന്റെ നിർമ്മാണത്തോടെയാണ് വിപണിയിൽ സുഭിക്ഷയുടെ ഉത്പ്പന്നങ്ങൾ ശ്രദ്ധേയമാകുന്നത്. ഡിഎംഇ സംവിധാനത്തിലാണ് വെർജിൻ കോക്കനട്ട് ഓയിലിന്റെ നിർമ്മാണം. ഒരു ഓസ്ട്രേലിയൻ കമ്പനിയുടെ സാങ്കേതിക ഉപദേശവും, റബ്കോയുമായുള്ള വ്യാപാര ഉടമ്പടിയും സുഭിക്ഷയുടെ വളർച്ചയ്ക്കു കുതിപ്പേകി. ഗുണമേന്മയ്ക്കു പേരു കേട്ട കുറ്റ്യാടി തേങ്ങയിൽ നിന്നാണ് സുഭിക്ഷ വിവിധ നാളികേര ഉത്പ്പന്നങ്ങൾ നിർമ്മിക്കുന്നത്. ശരാശരി 1000 ലിറ്റർ

### സുഭിക്ഷയുടെ അമരക്കാരൻ

കഴിഞ്ഞ പതിനഞ്ചു വർഷമായി സുഭിക്ഷ എന്ന സ്ത്രീ ശാക്തീകരണ പ്രസ്ഥാനത്തിനു നേതൃത്വം നല്കി വരുന്നത് ചെറുവണ്ണ പഞ്ചായത്തിലെ ആവള സ്വദേശിയായ കെ കുഞ്ഞഹമ്മ് മാസ്റ്ററാണ്. പയ്യോളി വിടിഎം ഹയർ സെക്കണ്ടറി സ്കൂളിലെ സാമൂഹ്യ ശാസ്ത്ര അധ്യാപകനായിരുന്ന കുഞ്ഞമ്മദ് മാസ്റ്റർ കഴിഞ്ഞ പതിനാറുവർഷമായി അവധിയെടുത്ത് സുഭിക്ഷയ്ക്കായി ജീവിതം സമർപ്പിക്കുകയായിരുന്നു. സുഭിക്ഷ എന്ന ആശയത്തെ അദ്ദേഹമാണ് സ്ഥാപനവത്ക്കരിച്ചത്. കഴിഞ്ഞ മാർച്ചിൽ അദ്ദേഹം ഔദ്യോഗികമായി അധ്യാപക വൃത്തിയിൽ നിന്നു വിരമിച്ചു.



പോരാമ്പ്രയുടെ വികസനത്തിനൊപ്പം കുഞ്ഞമ്മദ് മാസ്റ്ററും സഹയാത്രികനായിരുന്നു. 2000 -2005 വരെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, 2005 -2010 വരെ വൈസ് പ്രസിഡന്റ്, 2010 മുതൽ 2015 വരെ വീണ്ടും പ്രസിഡന്റ് എന്നീ നിലകളിൽ അദ്ദേഹം സേവനം അനുഷ്ഠിക്കുകയുണ്ടായി. ഇക്കാലയളവിലെല്ലാം സുഭിക്ഷയുടെ നേതൃനിരയിലും അദ്ദേഹം ഉണ്ടായിരുന്നു, സുഭിക്ഷയ്ക്കായി ജീവിതം സമർപ്പിച്ച പൊതു പ്രവർത്തകനായി. സുഭിക്ഷയുടെ നേട്ടങ്ങളുടെ എല്ലാ ക്രെഡിറ്റും വാസ്തവത്തിൽ കുഞ്ഞഹമ്മദ് മാഷിന് അവകാശപ്പെട്ടതാണ്. പക്ഷെ അതെല്ലാം ഒപ്പമുള്ളവർക്കായി പങ്കുവച്ച് അദ്ദേഹം സംതൃപ്തിയടയുന്നു. എന്നാൽ കാലം അദ്ദേഹത്തിന്റെ സംഭവാനകളെ വിലയിരുത്തും. തീർച്ച.





വെർജിൻ കോക്കനട്ട്  ഓയിലും അഞ്ചു ടൺ വെളിച്ചെണ്ണയുമാണ് ഇപ്പോൾ സുഭിക്ഷയുടെ പ്രതിദിന ഉത്പാദനം.

സ്വാശ്രയ സംഘാംഗങ്ങളുടെ വീടുകൾ,  ഫാക്ടറി എന്നീ രണ്ടു സംവിധാനങ്ങൾ വഴിയാണ് സുഭിക്ഷയുടെ ഉത്പ്പന്ന നിർമ്മാണം. ഗാർഹിക യൂണിറ്റുകളിൽ നിർമ്മിക്കുന്ന ഓരോ ബാച്ച് ഉത്പ്പന്നങ്ങളും ഫാക്ടറിയിൽ ഹസാർഡ് അനാലസിസ് ആൻഡ് ക്രിട്ടിക്കൽ കൺട്രോൾ എന്ന ഗുണനിലവാര നിരീക്ഷണ സംവിധാനത്തിൽ പരിശോധന പൂർത്തിയാക്കിയശേഷമാണ്  വിപണിയിലേയ്ക്കു കയറ്റി വിടുന്നത്.  ചെറുവണ്ണൂർ, നൊച്ചാട്, കായണ്ണ, കൂത്താളി, ചക്കിട്ടപാറ, ചങ്ങരോത്ത്, പേരാമ്പ്ര എന്നീ പഞ്ചായത്തുകളിലാണ് സുഭിക്ഷയുടെ ഗാർഹിക നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. മികച്ച ഗുണനിലവാരമുള്ള കുറിയ തെങ്ങിൻ തൈ ഉത്പാദിപ്പിക്കുന്ന നഴ്സറിയും ഇന്നു സുഭിക്ഷയ്ക്കുണ്ട്. ചാവക്കാട് പച്ച, മഞ്ഞ എന്നീ ഇനങ്ങളാണ് ഇവിടെ നിന്നു കൃഷിക്കാർക്കു വിതരണം ചെയ്തു വരുന്നത്. സിപിസിആർഐയുടെ കിഡു ഗവേഷണ കേന്ദ്രത്തിൽ നിന്നാണ് നഴ്സറിയിലേയ്ക്ക് ആവശ്യമായ വിത്തു തേങ്ങ സംഭരിക്കുന്നത്.

കൂടാതെ വിവിധ ഇനം കറിപ്പൊടികളും ഗാർഹിക ഉത്പ്പന്നങ്ങളും സുഭിക്ഷ ബ്രാൻഡിൽ ഇന്നു വിപണിയിൽ ലഭ്യമാണ്. ഗുണനിലവാരം ഉറപ്പു വരുത്താൻ അംഗങ്ങൾ തന്നെ കൃഷി ചെയ്യുന്ന മഞ്ഞൾ പോലുള്ള വിളകൾ സംഭരിച്ച് സംസ്കരിച്ച് പൊടികളാക്കുകയാണ് സുഭിക്ഷ ചെയ്യുന്നത്.

## വായ്പയും ആസ്തിയും

കേന്ദ്ര ഗവൺമെന്റിന്റെ സ്വർണ ജയന്തിഗ്രാമ സ്വരോസ്ഗർ യോജന പദ്ധതി 2003 ൽ ആണ് ആരംഭിച്ചത്. ഒറ്റ തവണ മാത്രമാണ് സർക്കാർ ഇതിനു ഫണ്ട്  അനുവദിച്ചത്.  അതാകട്ടെ കെട്ടിടങ്ങൾ, യന്ത്രസാമഗ്രികൾ, സംഘങ്ങളുടെ സബ്സിഡി തുടങ്ങിയവയ്ക്കു മാത്രമായിരുന്നു. സാധാരണ,  ഇത്തരം പദ്ധതികൾ  തുടങ്ങിയാൽ നിർവഹണം  തുടർന്നുകൊണ്ടു പോകാൻ സംവിധാനമില്ലാതെ അവസാനിക്കുകയാണ് പതിവ്. എന്നാൽ സർക്കാരിൽ നിന്നു ഗ്രാന്റോ മറ്റു പ്രവർത്തന ഫണ്ടുകളോ ലഭിക്കാതിരുന്നിട്ടും കഴിഞ്ഞ 15 വർഷമായി ഈ പദ്ധതിയെ വിജയകരമായി മുന്നോട്ടു കൊണ്ടുപോകാൻ  ഗുണഭോക്താക്കൾക്കും,  കുടുംബശ്രീ അംഗങ്ങൾ ചേർന്നു രൂപീകരിച്ച സുഭിക്ഷ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്കും സാധിച്ചു. സർക്കാർ ഒറ്റത്തവണ നിക്ഷേപം നടത്തുകയും  തുടർ നടത്തിപ്പും പരിപാലനവും ഗുണഭോക്താക്കൾ ഏറ്റെടുക്കുകയും ചെയ്യുന്ന സംരംഭങ്ങളുടെ മികച്ച മാതൃകയാണ് ഇന്നു സുഭിക്ഷ.

കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നല്കിയ ആറു കോടി അഞ്ചു ലക്ഷം രൂപയായിരുന്നു 2003 ൽ സുഭിക്ഷയുടെ മൂലധനം. രണ്ടേകാൽ  കോടിയുടെ വായ്പയും ഉണ്ടായിരുന്നു. പക്ഷെ 2005 ൽ തന്നെ സുഭിക്ഷ 13 ലക്ഷത്തിന്റെ വിറ്റുവരവ് നേടി. കമ്പനിയുടെ 2016 -17 ലെ മാത്രം വിറ്റുവരവ് 4,17,63,122 രൂപയാണ്.  ഏകദേശം 600 ജീവനക്കാർ സുഭിക്ഷയെ ആശ്രയിച്ചു ജീവിക്കുന്നു.  പ്രവർത്തനം തുടങ്ങി അഞ്ചു  വർഷം കൊണ്ട് ബാങ്ക് വായ്പ പൂർണമായും സുഭിക്ഷ തിരിച്ചടച്ചു കഴിഞ്ഞിരുന്നു.  ഇന്ന് 11 ഏക്കർ ഭൂമിയും 6000 ചതുരശ്ര അടി വിസ്തൃതിയുള്ള കെട്ടിടവും അടക്കം 25 കോടിയുടെ ആസ്തി ഈ കമ്പനിക്കു സ്വന്തമായി ഉണ്ട്.  കമ്പനിയുടെ ഉടമസ്ഥാവകാശം പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിനും നടത്തിപ്പ് സുഭിക്ഷ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിക്കുമാണ്. 2003 ൽ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിലെ ഏഴു ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 100 വനിതകളുമായി പ്രവർത്തനം തുടങ്ങിയ സുഭിക്ഷയ്ക്കു കീഴിൽ  ഇന്ന് 588 വനിതാ കുടുംബശ്രീ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഓഹരി ഉടമകളായി 7000 സ്ത്രീകളും.  ലാഭത്തിന്റെ 20 ശതമാനവും ഓഹരി ഉടമകൾക്ക് ഡിവിഡന്റായി നല്കുന്ന സുഭിക്ഷയുടെ ഇപ്പോഴത്തെ പ്രവർത്തന മൂലധനം ഒരു കോടി രൂപയാണ്.

ഒരു ബ്രാൻഡിന്റെ പ്രചാരണാർത്ഥം കോടിക്കണക്കിനു രൂപയാണ് മിക്ക വ്യവസായികളും പരസ്യ ഇനത്തിൽ ചെലവഴിക്കുന്നത്. എന്നാൽ ഒരു രൂപയ്ക്കു  പോലും പരസ്യം നല്കാതെ സുഭിക്ഷ ഒരു ബ്രാൻഡ് നെയിം സൃഷ്ടിച്ചെടുത്തു. കേരളത്തിലെ പാവപ്പെട്ട സ്ത്രീകൾ സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ നിർമ്മിക്കുന്ന  ഉത്പ്പന്നങ്ങളിൽ പുലർത്തുന്ന ഗുണമേന്മയുടെ പര്യായമാണ് ഈ ബ്രാൻഡ്.

## സുഭിക്ഷയുടെ സംവിധാനക്രമം

കോർപ്പറേറ്റ് വ്യവസായ സ്ഥാപനത്തിന്റെ കാര്യശേഷിയും പ്രവർത്തന മികവും സ്വായത്തമായുള്ള സുഭിക്ഷ തികച്ചും ജനാധിപത്യപരവും പങ്കാളിത്ത സ്വഭാവമുള്ളതുമായ ഭരണ സംവിധാനമാണ് പിന്തുടരുന്നത്. സ്വയം തൊഴിൽ സംരംഭകരുടെ കൂട്ടായ്മയായി വളർന്നു വികസിച്ച സുഭിക്ഷയുടെ മാനേജ്മെന്റ് സംവിധാനത്തിൽ ഒരേ സമയം കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ പ്രൊഫഷണലിസവും സഹകരണ സ്ഥാപനങ്ങളുടെ കൂട്ടായ്മയും ദൃശ്യമാണ്. എല്ലാ ജീവനക്കാർക്കും ഒരു പോലെ പങ്കാളിത്തവും ഉത്തരവാദിത്വവുമുള്ള  സവി



# നാളികേര വികസന ബോർഡിന്റെ 134–ാമതു ബോർഡ് മീറ്റിംങ് ഭുവനേശ്വറിൽ നടത്തി



പൊന്നാട അണിയിക്കുന്നു

നാളികേര വികസന ബോർഡിന്റെ 134–ാമതു ബോർഡ് മീറ്റിംങ് 2018 ഒക്ടോബർ 25 ന് ഭുവനേശ്വറിലെ ഐ ആർസി വില്ലേജ് ഹോട്ടൽ ക്രൗണിൽ ചേർന്നു. രാവിലെ 10 ന് ആരംഭിച്ച മീറ്റിംങ്ങിൽ ചെയർമാൻ ഡോ.രാജു നാരായണ സ്വാമി ഐഎഎസ് അധ്യക്ഷനായിരുന്നു. വൈസ് ചെയർമാൻ ശ്രീ. എംആർ ശങ്കരനാരായണ റെഡ്ഡി, അംഗങ്ങളായ ഡോ. പി ചൗഡപ്പ, ശ്രീ.കെകെ രാഗേഷ് എം പി, ശ്രീ. പിസി മോഹനൻമാസ്റ്റർ, ശ്രീ. പിആർ മുരളീധരൻ, ശ്രീ എസ് മോഹൻരാജ്, ശ്രീമതി ദക്ഷാ റമി, ഡോ.ബിശ്വനാഥ് റാഥ്, ശ്രീ. സഞ്ജിവ് കുമാർ സിംങ്, സ്ഥിരം ക്ഷണിതാവും കേന്ദ്ര കൃഷി സഹകരണം കർഷക ക്ഷേമ വകുപ്പ് അഡീഷണൽ സെക്രട്ടറിയുമായ ശ്രീ. ബി പ്രധാൻ ഐഎഎസ്, കേന്ദ്ര കൃഷി സഹകരണം കർഷക ക്ഷേമ വകുപ്പ് ജോയിന്റ് സെക്രട്ടറി ശ്രീ. ദിനേഷ് കുമാർ ഐഎഎസ് എന്നിവർ പങ്കെടുത്തു.

നാളികേര വികസന ബോർഡ് മുഖ്യനാളികേര വികസന ഓഫീസർ ശ്രീ. ശരദിന്ദു ദാസ്, സെക്രട്ടറി ശ്രീ. ആർ മധു എന്നിവരും മീറ്റിങ്ങിൽ സന്നിഹിതരായിരുന്നു.

---

ശേഷ പ്രവർത്തന ശൈലിയിലൂടെയാണ് സുഭിക്ഷയുടെ മുന്നേറ്റം. ഉത്പാദനം, വിപണനം, വിനിമയം, ഗവേഷണം, വികസനം, വായ്പാവിതരണം, കാര്യ നിർവഹണം എന്നിങ്ങനെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾക്കു നേതൃത്വം വഹിക്കുന്നതിനുള്ള നൈപുണ്യപരിശീലനം സിദ്ധിച്ച വനിതകളാണ് സുഭിക്ഷയുടെ നേതൃനിരയിൽ ഇപ്പോൾ പ്രവർത്തിക്കുന്നത്. നൂതന സാങ്കേതിക വിദ്യകളും ആശയവിനിമയ സംവിധാനങ്ങളും സ്വായത്തമാക്കാനുള്ള പരിശീലനം കാലാകാലങ്ങളിൽ ഇവർക്കു നല്കിവരുന്നു. ചെയർമാൻ ഉൾപ്പെടെ ആറു അംഗങ്ങളുള്ള ഡയറക്ടർ ബോർഡാണ് സുഭിക്ഷയുടെ ഭരണം നിയന്ത്രിക്കുന്നത്.

സുരക്ഷിത ഭക്ഷണം എന്ന മുദ്രാവാക്യവുമായി മുന്നേറുന്ന സുഭിക്ഷയുടെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾക്കു അടുത്ത നാളിൽ തുടക്കമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചക്ക, മാങ്ങ, വാഴപ്പഴം എന്നിവയുടെ സംസ്കരണവും വിപണനവും സുഭിക്ഷ ഏറ്റെടുക്കും. സംസ്ഥാന ഗവൺമെന്റ് പേരാമ്പയിൽ സ്ഥാപിക്കുന്ന ഫുഡ് പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുവാൻ സുഭിക്ഷയെയാണ് ചുമതലപ്പെടുത്തയിരിക്കുന്നത്.

## നേട്ടങ്ങൾ

രാജ്യത്തെ ഏറ്റവും മികച്ച നാളികേര ഉത്പ്പന്ന നിർമ്മാണ യൂണിറ്റിനുള്ള ദേശീയ അവാർഡ് 2006 ലും 2011 ലും രണ്ടു പ്രാവശ്യം സുഭിക്ഷയ്ക്കു ലഭിച്ചു. കൂടാതെ നാളികേര വികസന ബോർഡിന്റെ അവാർഡ്, പഴശിരാജ പുരസ്കാരം എന്നിവയും സുഭിക്ഷ നേടിയിട്ടുണ്ട്. മികച്ച പഞ്ചായത്തിനുള്ള സംസ്ഥാന ഗവൺമെന്റിന്റെ സ്വരാജ് ട്രോഫി, കേന്ദ്ര ഗവൺമെന്റിന്റെ ഭാരത് രത്ന രാജീവ് ഗാന്ധി പുരസ്കാരം എന്നിവ പേരാമ്പ്രയ്ക്കു നേടി ക്കൊടുക്കാനും സുഭിക്ഷയ്ക്ക് സാധിച്ചു. എൻ ഐ ആർ ഡിയുടെ പാഠ്യപദ്ധതിയിൽ സുഭിക്ഷ ഇന്ന് പഠന വിഷയമാണ്. കാർഷിക സർവകലാശാല, സിപിസിആർഐ, കെവികെ, നബാർഡ് തുടങ്ങിയ സ്ഥാപനങ്ങൾ കൃഷിക്കാർക്കു പ്രായോഗിക പരിശീലനം നല്കുന്നതിനുള്ള സ്ഥാപനമായി സുഭിക്ഷയെ തെരഞ്ഞെടുത്തിട്ടുണ്ട്. നൂറുകണക്കിനു ഗവേഷകരും, കാർഷിക വിദ്യാർത്ഥികളും പ്രോജക്ട് വർക്കുകൾക്കായി എല്ലാ വർഷവും സുഭിക്ഷയിൽ എത്തുന്നു.

ഇപ്പോൾ കോഴിക്കോടു ജില്ല മുഴുവൻ സുഭിക്ഷയുടെ പ്രവർത്തന പരിധിയിൽ വരുന്നു. കോഴിക്കോടു മുതൽ വടക്കോട്ടുള്ള മലബാർ മേഖലയിൽ മുഴുവൻ സുഭിക്ഷയുടെ ഉത്പ്പന്നങ്ങൾ വൻ തോതിൽ വിറ്റഴിക്കപ്പെടുന്നു. സ്റ്റോക്കിസ്റ്റുകൾ, ഡീലർമാർ എന്നിവരെ കൂടാതെ വ്യാപാര സ്ഥാപനങ്ങളിൽ സുഭിക്ഷ നേരിട്ട് ഉത്പ്പന്നങ്ങൾ വിതരണം ചെയ്യുന്നുമുണ്ട്. ഏകദേശം 500 വനിതകൾ ഡയറക്ട് മാർക്കറ്റിങ്ങ് വഴി ഗ്രാമങ്ങളിലൂടെ ഉത്പ്പന്നങ്ങൾ വില്പന നടത്തുന്നു. തിരുവനന്തപുരത്ത് നാളികേര വികസന ബോർഡിന്റെ ഓഫീസിനോടനുബന്ധിച്ചുള്ള സ്റ്റാളിലും ഉത്പ്പന്നങ്ങൾ ലഭിക്കും. ■

*ഫോൺ: 9846012733*

# കേരകർഷകർ മൂല്യവർധനവിനു ശ്രദ്ധിക്കണം: കേന്ദ്ര മന്ത്രി ശ്രീ. പൊൻ രാധാകൃഷ്ണൻ






കേര കൃഷിയുടെ വികസനത്തിനും ഈ മേഖലയിലെ വൻ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും കൃഷിക്കാർ മൂല്യവർധിത ഉത്പ്പന്നങ്ങളുടെ നിർമ്മാണത്തിന് ഊന്നൽ നല്കണമെന്ന് കേന്ദ്ര ധന തുറമുഖ വകുപ്പ് സഹമന്ത്രി ശ്രീ. പൊൻ രാധാകൃഷ്ണൻ ആഹ്വാനം ചെയ്തു. കന്യാകുമാരി മേഖലയിലെ പ്രധാന വിള നാളികേരം ആയിരുന്നിട്ടും അനേകം തൊഴിൽ സാധ്യതകൾ ഉള്ള നാളികേരാധിഷ്ഠിത മൂല്യവർധിത ഉത്പ്പന്ന വ്യവസായങ്ങൾ ജില്ലയിൽ പിന്നിലാണെന്നതിൽ മന്ത്രി ഉത്ക്കണ്ഠ രേഖപ്പെടുത്തി. ജില്ലയിലെ നാഗർകോവിലിൽ നടന്ന സംസ്ഥാന തല നാളികേര വികസന സെമിനാർ, ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. കന്യാകുമാരി ജില്ലയിലെ ചെമ്പകരാമൻപുതൂരിൽ ഒരു നാളികേരപാർക്ക്, നാളികേര മാതൃകാ ഗ്രാമം, നീര ലൈസൻസ് തുടങ്ങി കുറെ പദ്ധതികൾ നടപ്പാക്കി വരികയാണെന്നും മന്ത്രി തുടർന്നു.

ഹോട്ടൽ വിജയേത ഓഡിറ്റോറിയത്തിൽ 2018 നവംബർ 13 നു രാവിലെ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ നാളികേര വികസന ബോർഡ് അംഗം ശ്രീ. മോഹൻ രാജ് പ്രത്യേക പ്രഭാഷണം നടത്തി. ബോർഡിന്റെ ധലിയിലുള്ള വിത്തുത്പാദന പ്രദർശന തോട്ടത്തിൽ മികച്ച ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ലഭ്യമാണെന്നും കൃഷിക്കാർ ആ തൈകൾ വാങ്ങി കൃഷി ചെയ്യാൻ ശ്രദ്ധിക്കണമെന്നും അദ്ദേഹം പറഞ്ഞു. കാർഷിക പരിശീലനത്തിനായി ധലിയിലെ പ്രദർശന തോട്ടത്തിൽ മന്ദിരങ്ങൾ ഉടൻ നിർമ്മിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കന്യാകുമാരി ജില്ലയിലെ നാളികേര കർഷകർ അടിയന്തിരമായി മൂല്യവർധന ഉത്പ്പന്നങ്ങളുടെ നിർമ്മാണം ആരംഭിക്കണം എന്ന് ചടങ്ങിൽ പ്രസംഗിച്ച ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രോസസിംങ് ടെക്നോളജി ഡയറക്ടർ ഡോ. അനന്തരാമകൃഷ്ണനും ആവശ്യപ്പെട്ടു. തമിഴ്നാടിന്റെ തെക്കൻ ജില്ലകളിൽ കൃഷിക്കാർ നാളികേരത്തിൽ മൂല്യ വർധനവ് നടത്തേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ചും, ഇതിന് സംസ്ഥാന ഗവൺമെന്റും നബാർഡും നാളികേര വികസന ബോർഡും നല്കുന്ന സാമ്പത്തിക സഹായം പൂർണമായും പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും ജില്ലാ കളക്ടർ ശ്രീ പ്രശാന്ത് എം വദ്നരെ ഐഎഎസ് ചൂണ്ടിക്കാട്ടി.

തമിഴ്നാട് കാർഷിക സർവകലാശാലയുടെ ശിപാർശകൾ അനുസരിച്ച് തെങ്ങിൻ തൈകൾ വേണ്ടത്ര അകലം പാലിച്ചു നടണമെന്നും വളപ്രയോഗം ശാസ്ത്രീയമാക്കണമെന്നും സർവകലാശാല ഗവേഷണ വിഭാഗം ഡയറക്ടർ ഡോ. കെ കാമരാജ് കൃഷിക്കാരോട് നിർദ്ദേശിച്ചു. നാളികേരത്തിന്റെ വിപണന സംവിധാനങ്ങളെ കുറിച്ച് തമിഴ്നാട് കാർഷിക വിപണന വിഭാഗം അഡീഷണൽ ഡയറക്ടർ ശ്രീ നിസാമുദീൻ സംസാരിച്ചു. ഏത്താമൊഴിയിൽ നിന്നു വന്ന കൃഷിക്കാരായ സുന്ദര രാജനും രത്നാകരനും അനുഭവങ്ങൾ പങ്കു വയ്ക്കുകയും കന്യാകുമാരി ജില്ലയിലെ നാളികേര കൃഷിക്കാരുടെ പുരോഗതിക്കായി കൂടുതൽ സഹായം നാളികേര വികസന ബോർഡിൽ നിന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. ചടങ്ങിൽ നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി ടി ബാലസുധാഹരി സ്വാഗതവും ഡെപ്യൂട്ടി ഡയറക്ടർ ശ്രീ ജെയപാണ്ഡി നന്ദിയും പറഞ്ഞു. ജില്ലയിൽ നിന്നു സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമായി മുന്നൂറിലധികം കൃഷിക്കാർ സെമിനാറിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞു നടന്ന സെമിനാറിൽ തമിഴ്നാട് കാർഷിക സർവകലാശാലയുടെ വെപ്പൻകുളം നാളികേര ഗവേഷണ കേന്ദ്രം തലവൻ ഡോ. എ കാർത്തികേയൻ, തമിഴ്നാട് ഇൻഡസ്ട്രിയൽ ഇൻവെസ്റ്റ്മെന്റ് കോർപ്പറേഷൻ നാഗർകോവിൽ ശാഖാ മാനേജർ കെ സുശീൽ കുമാർ പൊള്ളാച്ചിയിലെ ശക്തി ഇൻഡസ്ട്രീസ് ചെയർമാൻ ശ്രീ. കാമരാജ്, അളിയാർ നാളികേര ഗവേഷണ കേന്ദ്രത്തിലെ പ്രൊഫസർ ഡോ. കെ രാജമാണിക്യം. തഞ്ചാവൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രോസസിംങ് ടെക്നോളജി ശാസ്ത്രജ്ഞൻ നന്ദകുമാർ, തമിഴ്നാട് ജൈവകൃഷി വകുപ്പ് മേധാവി ശ്രീ നാരായണമൂർത്തി, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ വകുപ്പ് തൂത്തുക്കുടി ശാഖാ മേധാവി ശ്രീമതി ജെറീന ബുബ്ബി, ലീഡ് ബാങ്ക് മാനേജർ ശ്രീ.രാംകുമാർ, കിള്ളിക്കുളം കാർഷിക കോളേജ് അസിസ്റ്റന്റ് പ്രൊഫസർ ഡോ.മുരളീധരൻ എന്നിവർ സംസാരിച്ചു.

സെമിനാറിനോടുബന്ധിച്ച് നാളികേരത്തിന്റെ വിവിധ മൂല്യവർധിത ഉത്പ്പന്നങ്ങളുടെ പ്രദർശന – വില്പന മേളയും സംഘടിപ്പിച്ചിരുന്നു. നാളികേര വികസന ബോർഡ്, നാളികേര ഗവേഷണ കേന്ദ്രം വെപ്പൻകുളം, നാളികേര ഗവേഷണ കേന്ദ്രം അളിയാർ, ശക്തി പൊള്ളാച്ചി, പ്യൂർ ട്രോപ്പിക് പല്ലടം. വാമാ ഓയിൽസ് കോയമ്പത്തൂർ, എസ് വി ഹാൻഡിക്രാഫ്റ്റ്സ് കന്യാകുമാരി, നാളികേര ഉത്പാദക കമ്പനി പുതുക്കോട്ട, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് പ്രോസസിംങ് ടെക്നോളജി തഞ്ചാവൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, നാഗർകോവിൽ, എക്യുപ്മെന്റ് സപ്ലൈയർ, കോയമ്പത്തൂർ തുടങ്ങിയ സ്ഥാപനങ്ങൾ പ്രദർശനത്തിൽ പങ്കെടുത്തു. ■

*തയ്യാറാക്കിയത്: സിഡിബി ന്യൂസ് ബ്യൂറോ, കൊച്ചി*

# യുവാക്കളിൽ താൽപര്യമുണർത്തുന്ന സങ്കേതിക വിദ്യ വികസിപ്പിക്കണം: ഡോ. വീരേന്ദ്ര ഹെഗ്ഡെ




*കർണാടകത്തിലെ കിഡു ഗവേഷണ കേന്ദ്രത്തിൽ നവംബർ 10 -11 തീയതികളിൽ നടന്ന കൃഷി മേളയുടെയും കാർഷിക പ്രദർശനത്തിന്റെയും ഉദ്ഘാടനം മന്ത്രി ശ്രീ. ഡി. വി. സദാനന്ദ ഗൗഡ നിർവ്വഹിക്കുന്നു. (സ്റ്റാളുകൾ ഇടത്)*

ശാസ്ത്രീയ കൃഷി രീതികൾ കർഷകരിലെത്തിക്കുന്നതിന് കേന്ദ്ര തോട്ടവിള സ്ഥാപനം നടത്തുന്ന സേവനങ്ങളും ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ വിതരണവും മാതൃകാപരമായ പ്രവർത്തനമാണെന്ന് ധർമ്മസ്ഥല ധർമ്മാധികാരി രാജശ്രീ പത്മവിഭൂഷൻ ഡോ. സി. വീരേന്ദ്ര ഹെഗ്ഡെ അഭിപ്രായപ്പെട്ടു. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ കർണാടകത്തിലെ കിഡു ഗവേഷണ കേന്ദ്രത്തിൽ നവംബർ 10 -11 തീയതികളിൽ നടന്ന കൃഷി മേളയുടെയും കാർഷിക പ്രദർശനത്തിന്റെയും ഉദ്ഘാടന ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു മുഖ്യ അതിഥികൂടി ആയിരുന്ന ഡോ. ഹെഗ്ഡെ. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ ഗവേഷണ നേട്ടങ്ങളെ അദ്ദേഹം പ്രകീർത്തിച്ചു. ഇന്ത്യയുടെ കാർഷിക വികസനത്തിനായി കുട്ടികളിലും യുവാക്കളിലും താൽപര്യമുണർത്തുന്ന രീതിയിലുള്ള നൂതന കാർഷിക സങ്കേതങ്ങളും കേന്ദ്രങ്ങളും വികസിപ്പിക്കുന്നതിന്റെ ആവശ്യകത ഡോ. ഹെഗ്ഡെ. ഊന്നിപ്പറയുകയും ചെയ്തു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ശ്രീമതി മീനാക്ഷി ശാന്തിഗുഡ അദ്ധ്യക്ഷത വഹിച്ച ചടങ്ങിന്റെ ഉദ്ഘാടനം കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ വകുപ്പ് മന്ത്രി ശ്രീ. ഡി. വി. സദാനന്ദ ഗൗഡ നിർവ്വഹിച്ചു. മുഖ്യാതിഥി ഡോ. വീരേന്ദ്ര ഹെഗ്ഡെ കാർഷിക മേള ഉൽഘാടനം ചെയ്ത കേന്ദ്ര സ്റ്റാറ്റിസ്റ്റിക് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ വകുപ്പ് മന്ത്രി ശ്രീ. സദാനന്ദ ഗൗഡ സി.പി.സിആർ.ഐയുടെ ഗവേഷണ പ്രവർത്തനത്തിന്റെ ഭാഗമായി പരിപാലിക്കപ്പെടുന്ന തെങ്ങിന്റെ അന്താരാഷ്ട്ര ജനിതക ശേഖരം ലോകത്തിലെ കേരോൽപാദക രാജ്യങ്ങൾക്കൊക്കെ പ്രയോജനപ്പെടുന്ന വിധത്തിൽ വിപുലമായ സംഭാവനയാണെന്ന് അഭിപ്രായപ്പെട്ടു. സി.പി.സി. ആർ.ഐ. വികസിപ്പിച്ചെടുത്ത വിവിധ സാങ്കേതിക വിദ്യകൾ പ്രത്യേകിച്ച് തെങ്ങ്, കവുങ്ങ് എന്നിവയിലെ കീടരോഗ നിയന്ത്രണമാർഗ്ഗങ്ങൾ കർഷകർക്ക് ഏറെ പ്രയോജനപ്പെടുത്തുന്നതാണെന്നും അദ്ദേഹം സൂചിപ്പിച്ചു.

കാർഷിക മേള ഉദ്ഘാടനചടങ്ങിൽ വിവിധ ഭാഷകളിലുള്ള അഞ്ച് വിജ്ഞാപന വ്യാപന പ്രസിദ്ധീകരണങ്ങളുടെ പ്രകാശനവും ചടങ്ങിൽ നടന്നു. കിഡു സി.പി.സി.ആർ.ഐ റിസർച്ച് സെന്റർ പ്രസിദ്ധീകരിച്ച, കവുങ്ങ് കൃഷി രീതികൾ (കന്നഡ), കൊക്കോ കൃഷിരീതികൾ (കന്നഡ) തെങ്ങ് (ഇംഗ്ലീഷ്) തെങ്ങ് (കന്നഡ) എന്നിവയാണ് പ്രകാശനം ചെയ്യപ്പെട്ട പ്രസിദ്ധീകരണങ്ങൾ.

സുള്ള്യ എം.എൽ.എ ശ്രീ. എസ്. അൻഗാരാ, പുത്തൂർ എം.എൽ.എ. ശ്രീ. സൻജീവ മട്ടൻഡൂർ, നാളികേര വികസന ബോർഡ് ചെയർമാൻ ഡോ. രാജു നാരായണ സ്വാമി ഐഎഎസ്, നാഷണൽ ഹോർട്ടി കൾച്ചറൽ ബോർഡ് മാനേജിംഗ് ഡയറക്ടർ ഡോ. എം. ആരിസ് അഹമ്മദ് ഐ.എ.എസ്, താലൂക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ഭവാനി ചിദാനന്ദ, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ശാരദ ദിനേശ്, താലൂക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി. ആശ ലക്ഷ്മണൻ, ശ്രീ. പി. പി. വർഗ്ഗീസ്, ശ്രീ. ക്ഷേത്രകുക്കെ സുബ്രഹ്മണ്യ ക്ഷേത്രം മാനേജിംഗ് കമ്മറ്റി മെമ്പർ ശ്രീ നിത്യാനന്ദ മുണ്ടോടി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

കാസറഗോഡ് ഐസി.എആർ, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം ഡയറക്ടർ, ഡോ. പി. ചൗഡപ്പ, ചടങ്ങിൽ സ്വാഗതവും പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. കെ. ഷംസുദ്ദീൻ നന്ദിയും പറഞ്ഞു.

തുടർന്ന് രണ്ട് ദിവസങ്ങളിലായി ജൈവവൈവിദ്ധ്യ സംരക്ഷണവും വിള വൈവിദ്ധ്യവും ഉത്പന്ന വൈവിദ്ധ്യകരണവും സംരംഭകത്വ വികസനവും തോട്ട വിളകളിൽ, മണ്ണ് – ജല സംരക്ഷണ മാർഗ്ഗങ്ങൾ, തോട്ടവിളകളിലെ വിള – ഉത്പാദന – വിളസംരക്ഷണ സാങ്കേതിക വിദ്യകൾ, തോട്ടവിളകളിലെ മികച്ച ഇനങ്ങളുടെ ഉത്പാദനം എന്നീ വിഷയങ്ങളിൽ 5 മുഖാമുഖം പരിപാടികളും നടന്നു. വിപുലമായ കാർഷിക പ്രദർശനത്തിൽ, ഐസി.എ.ആർ. ഗവേഷണ സ്ഥാപനങ്ങൾ ഉൾപ്പെടെ 100 ഓളം സ്ഥാപനങ്ങൾ പങ്കെടുത്തു. ■

*തയാറാക്കിയത്: ഡോ.സി തമ്പാൻ, ഡോ. കെ. ഷംസുദ്ദീൻ, ജെസ്മി വിജയൻ, സിപിസിആർ ഐ, കാസറഗോഡ്.*





## മുഖമൊഴി

കേരളത്തിൽ ഉത്സവങ്ങളുടെയും ആഘോഷങ്ങളുടെയും ഒരു കാലം കൂടി സമാഗതമാവുന്നു. നമ്മുടെ എല്ലാ ആഘോഷങ്ങൾക്കും പിന്നിൽ സമ്പന്നമായ കേരളസംസ്കാരത്തിന്റെ വിദൂരമായ സ്പർശം കൂടി കാണാം. ആഘോഷങ്ങൾക്കൊപ്പം അവയുടെ അന്തസത്ത കൂടി അറിയാൻ കൂട്ടുകാർ ശ്രമിക്കണം. അത് തിരിച്ചറിയാൻ കഴിയുക എന്നതാണ് മഹത്വം.



## കേരളം വളരുന്നു

ഈശ്വരൻ സൗന്ദര്യം വാരിക്കോരി നല്കിയിരിക്കുന്ന നാടാണ് കേരളം. കേരളത്തിന്റെ ഹരിത ലാവണ്യത്തിന്റെ മയൂര പിഞ്ഛികയാണ് കേര നിരകൾ. ഇതാണ് ഇന്നും, വിദേശികളെ ഇവിടേയ്ക്ക് ആകർഷിക്കുന്ന പ്രധാന ഘടകം. കേരളത്തിന്റെ കായൽക്കരകളെ മനോഹരമാക്കുന്ന ഈ മുഗ്ധലാവണ്യം നമ്മുടെ കവികളെയും ഉന്മാദം കൊള്ളിച്ചിട്ടുണ്ട്. എട്ടു ഭാഗങ്ങളായി കേരളം വളരുന്നു എന്ന പേരിൽ മഹാകവി പാലാ നാരായണൻ നായർ എഴുതിയിട്ടുള്ള കാവ്യ പരമ്പരയിലുടനീളം കേരളത്തിന്റെ സംസ്കാരത്തിനൊപ്പം നാളികേര വൃക്ഷങ്ങളുടെ മഹത്വവും വർണിക്കപ്പെടുന്നു.

*കടലിൻ വിശാലമാം ആശയം കാണാൻ വക്കിൽ*
*കുടയും വിടർത്തി നിന്നാടീടുന്നു തൈത്തെങ്ങുകൾ*
*കല്പവൃക്ഷത്താൽ കാമധേനുവാൽ വിദേശിക്കു*
*ചൊല്പെങ്ങും വിണ്ണായ്ത്തീർന്ന കേരള നാട്ടിൻപുറം*

എന്നാണ് പാലാ എഴുതുന്നത്. തന്റെ കാവ്യസപര്യയിലൂടനീളം കേരളത്തിനും കേരത്തിനും വേണ്ടി തൂലിക ചലിപ്പിച്ച ആ സർഗ്ഗധനനെ കേരളപ്പിറവി സ്മരണകൾക്കൊപ്പം നവംബറിൽ നമുക്ക് അനുസ്മരിക്കാം.

എഡിറ്റർ

# നഷ്ട സ്വപ്നങ്ങളെ നന്ദി!

**നന്ദന എം.**
പി.എം. ഗേൾസ് ഹയർ സെക്കൻഡറി സ്ക്കൂൾ, പാലക്കാട്

രാവിലെ ഒമ്പത് മണിക്ക് ഫ്ളാറ്റിൽ നിന്നിറങ്ങിയതാണ് രവി. ട്രാഫിക് ബ്ലോക്കിൽ കുടുങ്ങി ഓഫീസിലെത്തുമ്പോഴേക്കും സമയം പതിനൊന്ന് കഴിഞ്ഞിരുന്നു. ഓഫീസിൽ കയറിയുടൻ എ.സി. ഓൺ ചെയ്തു. പിന്നെ, തന്റെ കസേരയിൽ നീണ്ടു നിവർന്നൊന്നിരുന്നു. വല്ലാത്ത ദാഹമുണ്ട്. കയ്യെത്തും ദൂരത്തെ സ്വിച്ചിലമർത്തി.

നിമിഷങ്ങൾക്കകം ജോലിക്കാരൻ ശീതളപാനീയം കൊണ്ട് വന്ന് മേശപ്പുറത്ത് വച്ചു. ഏതാണെന്നൊന്നും നോക്കാതെ രവി അത് വേഗമെടുത്തു കുടിച്ചു. പക്ഷേ, ആ പാനീയത്തിന്റെ സ്വാദ് അയാളുടെ സിരകളിലൂടെ പതിവിലും ശക്തമായി അരിച്ചിറങ്ങുകയായിരുന്നു. ദാഹശമനിക്കപ്പുറം ആ പാനീയത്തിൽ മറ്റെന്തൊക്കെയോ അടങ്ങിയിട്ടുണ്ടെന്ന് രവി മനസ്സിലാക്കി. തിരക്കിട്ട് മേശപ്പുറത്തെ ബോട്ടിൽ കയ്യിലെടുത്തു വായിച്ചു; 'നീര' അതെ, തനിക്കേറ്റവും പ്രിയപ്പെട്ട, തന്റെ ബാല്യ കൗമാരങ്ങളെ സുന്ദരമാക്കിയൊരു നാടിന്റെ സ്വന്തം സ്വാദ് ! ഒരു നിമിഷം ! അയാൾ ഓർമ്മകളിലേക്ക് മടങ്ങി. ഓർമ്മകളിലൂടെ നാളികേരത്തിന്റെ നാട്ടിലേക്കും.

കൊച്ചുനാളിൽ മച്ചിങ്ങകൊണ്ട് വണ്ടിയുണ്ടാക്കാൻ പഠിപ്പിച്ചത് അപ്പൂപ്പനായിരുന്നു. പിന്നെ മൂന്നാലു വർഷം ഓടിത്തീർത്തത് ആ വണ്ടിയിലാണ്. ശൈശവം ബാല്യത്തിനു വഴിമാറി. പിന്നെ തോമസേട്ടന്റെ തെങ്ങിൻ തോപ്പിലായി, ഓട്ടവും ചാട്ടവുമൊക്കെ. തോട്ടത്തിന്റെ തെക്കേയറ്റത്ത് വയലിലേക്ക് ചാഞ്ഞു നിൽക്കുന്നൊരു തെങ്ങുണ്ട്. കയറ്റിറക്കങ്ങളൊക്കെ പഠിച്ചത് അതിലാണ്. പാടത്ത് നിന്നായാലും, ഉത്സവപ്പറമ്പിൽ നിന്നായാലും പൊരിവെയിലത്തു നിന്നോടിക്കേറുമ്പോൾ ഇളനീര് പകരുന്ന സുഖമുണ്ടല്ലോ..... അതിന് പകരമാവില്ല മറ്റൊന്നും.

ആ ഇളനീരും തെങ്ങിൻ തോപ്പും തന്നെയായിരുന്നു പിന്നീട് കൗമാരത്തിലെ നഷ്ടപ്രണയത്തെയും സുന്ദരമാക്കിയത്.

വർഷങ്ങൾക്കു ശേഷം, അവളുടെ കല്യാണത്തിന് മണ്ഡപം അലങ്കരിക്കാൻ പൂക്കുലയെത്തിച്ചു കൊടുത്തതും, അതേ തെങ്ങിൻ തോപ്പിൽ നിന്നു തന്നെയായിരുന്നു.

ഉദ്യോഗാർത്ഥം ഇങ്ങോട്ട് പോരുന്നതിന്റെ തലേന്ന് കൂട്ടുകാർക്ക് പാർട്ടി നടത്തിയതും ആ തോട്ടത്തിൽതന്നെയായിരുന്നു. അന്നാണ് അവസാനമായി അവിടെ കൂടുന്നത്. അവിടെ എന്നല്ല, അവരുമായും.

ഇവിടെയെത്തിയ ശേഷം മൂന്നു നാലുവർഷം നാട്ടിലെ ഉത്സവത്തിന് ആനയെ സ്പോൺസർ ചെയ്തു. ആദ്യ തവണ നാട്ടിൽ നിന്നും അപ്പു നിർബന്ധിച്ച് ചെയ്യിപ്പിച്ചതാണ്. പിന്നീട് പണ്ട് ഉത്സവ തലേന്ന് ആനയ്ക്ക് ഓലവെട്ടാൻ നടന്നവന്റെ അഭിമാനപ്രശ്നമായി മാറി അത്. അതുകൊണ്ട് മൂന്നാലു കൊല്ലം തുടർന്നു. ഇപ്പോൾ ഈ പ്രവാസ ജീവിതം തുടങ്ങിയിട്ട് പതിനഞ്ച് വർഷം. ഭാര്യയും മക്കളുമൊക്കെ കൂടെയുണ്ട്. നാടുമായി യാതൊരു ബന്ധവുമില്ല. ഒരു മടക്കം അനിവാര്യമാണ് ! അയാൾ ദീർഘമായി നിശ്വസിച്ചു കസേരയിൽ ഒന്നൂടെ ചാഞ്ഞുകൊണ്ട് ചെറുതായൊന്നു മൂളി;

*'നാളികേരത്തിന്റെ നാട്ടിലെനിക്കൊരു*
*നാഴിയിടങ്ങഴി മണ്ണുണ്ട്.....'*

**നാളികേര വികസന ബോർഡും മാതൃഭൂമി വിദ്യയും സംയുക്തമായി നടത്തിയ സാഹിത്യ മത്സരത്തിൽ പാലക്കാട് ജില്ലയിൽ നിന്നു സമ്മാനാർഹമായ കഥ**

ലേഖനം

# കേരകേരളം; സമൃദ്ധ കേരളം

**താര എം. സന്തോഷ്**
പറളി ഹയർ സെക്കന്ററി സ്ക്കൂൾ പാലക്കാട്

**നാളികേര വികസന ബോർഡും മാതൃഭൂമി വിദ്യയും സംയുക്തമായി നടത്തിയ സാഹിത്യ മത്സരത്തിൽ പാലക്കാട് ജില്ലയിൽ നിന്നു സമ്മാനാർഹമായ ലേഖനം**

*'നാളികേരത്തിന്റെ നാട്ടിലെനിക്കൊരു*
*നാഴിയിടങ്ങഴി മണ്ണുണ്ട്*
*അതിൽ നാരായണക്കിളി കൂടുപോലുള്ളൊരു*
*നാലുകാലോലപ്പുരയുണ്ട്'*

പി. ഭാസ്ക്കരന്റെ ഈ വരികളിലേയ്ക്ക് കടന്നു ചെല്ലുമ്പോൾ എത്തിച്ചേരുന്നത് കേരളം എന്ന വിശാല വിഹായസ്സിലേക്കാണ്. ചേര സാമ്രാജ്യത്തിന്റെ ചിഹ്നമായ തെങ്ങിൽ നിന്നാണ് കേരളം എന്ന പദം രൂപം കൊള്ളുന്നത്. തെക്കു നിന്ന് വന്ന കായ് എന്നതിൽ നിന്നു തെങ്കായ് എന്നും അതിൽ നിന്നും തെങ്ങിന്റെ ഫലത്തിന് തേങ്ങ എന്നും പേരു ലഭിച്ചു.

കേര വൃക്ഷങ്ങൾകൊണ്ട് നിറഞ്ഞു നിൽക്കുന്ന നമ്മുടെ കേരളം 'ദൈവത്തിന്റെ സ്വന്തം നാടാണ്'. അന്നും ഇന്നും കേരളം പ്രസിദ്ധമായത് കേര വൃക്ഷങ്ങളിലൂടെയാണ്. പന വർഗ്ഗത്തിൽപ്പെട്ട ഒറ്റത്തടി വൃക്ഷമാണ് തെങ്ങ്. കൽപവൃക്ഷം എന്നാൽ അടിതൊട്ട് മുടി വരെ ഉപയോഗപ്രദം എന്നാണ് അർത്ഥം. അതുകൊണ്ട് തന്നെ നമ്മുടെ ഔദ്യോഗിക വൃക്ഷം തെങ്ങു തന്നെയാണ്. തെങ്ങിന്റെ ഓല, തടി, തേങ്ങ, ചകിരി, പൂക്കുല, മച്ചിങ്ങ, ഇളനീർ തുടങ്ങി ഇത്രയും ഉപയോഗമുള്ള വൃക്ഷം ലോകത്തിൽ തന്നെ തെങ്ങു മാത്രമേയുണ്ടാകുകയുള്ളൂ.

മനുഷ്യൻ ചതിച്ചാലും തെങ്ങ് ചതിക്കില്ല എന്ന പഴമൊഴി തികച്ചും ശരിയാണ്. പ്രകൃതിയിൽ തെങ്ങിന് നൽകപ്പെട്ടിരിക്കുന്നത് മനുഷ്യ സമാന ജന്മമാണ്. തെങ്ങിലൂടെ സഞ്ചരിക്കുമ്പോൾ എത്തിച്ചേരുന്നത് കേരളം എന്ന സംസ്ഥാനത്തിന്റെ കിളിവാതിലിലാണ്. കേര വൃക്ഷത്തിന്റെ തണലിലാണ് നാം ഇന്ന് ജീവിക്കുന്നത് അല്ലെങ്കിൽ അതിന്റെ തണലിലൂടെയാണ് കേരളത്തെ ഈ ലോകം അറിയുന്നത്. കേരളത്തെയോ കേര വൃക്ഷങ്ങളേയോ പാടി പുകഴ്ത്താത്ത സാഹിത്യകാരന്മാർ നമുക്കു കുറവാണ്. പക്ഷെ ഈ പ്രസ്താവങ്ങളെല്ലാം പഴങ്കഥ പോലെ മാറിയിരിക്കുന്നു. പുതിയ തലമുറ വേണ്ടത്ര ഈ വിഷയത്തെക്കുറിച്ച് ചിന്തിക്കുന്നില്ല എന്നതാണ് സത്യം.

തേങ്ങയുടെ ചിരട്ട ഉപയോഗിച്ച് നാം അടുക്കളയിൽ ചിരട്ട തവികൾ ഉണ്ടാക്കിയിരുന്നു. ചിരട്ട തവികളാൽ വിളമ്പുന്ന കറികൾക്ക് രുചി കൂടും എന്ന് കേട്ടിട്ടില്ലേ. ചിരട്ട തവികൾ ഇന്ന് കാണാനില്ല. ചിരട്ടകളാൽ തീർക്കുന്ന ശിൽപങ്ങൾ ആദ്യമായി കാണുന്നത് മലബാറിന്റെ സൗന്ദര്യം കാഴ്ചവച്ച് മലബാർ ക്രാഫ്റ്റ് മേളയിലാണ്. തികച്ചും അന്നാണ് ഞാൻ മനസ്സിലാക്കിയത്, കുറച്ചു ആളുകളുടെ ജീവിതം നിലനിർത്തി പോകുന്നത് തെങ്ങിന്റെ തണലിലൂടെയാണ് എന്ന്. ചിരട്ട ഉത്പന്നങ്ങൾ ഇന്ന് ശാസ്ത്ര മേഖലയിലെ ഏറ്റവും മത്സരം കൂടിയ ഒരു ഇനമാണ്.

തെങ്ങോലയിൽ ഇരുന്ന് ഊഞ്ഞാലാടുന്ന പൂത്താംകുരുവികളെ ഇന്ന് കാണാൻ കഴിയുന്നില്ല. തെങ്ങിൻ മുകളിൽ കൂടു കൂട്ടിയും അതിലെ പൊത്തിൽ മുട്ടയിട്ടു പെരുകിയും, തെങ്ങിലെ ചെറു പ്രാണികളെ തിന്നും ജീവിച്ച അവരുടെ ആവാസ വ്യവസ്ഥ തെങ്ങുകളുടെ കുറവുകൊണ്ട് നശിക്കാൻ പോകുന്ന റെഡ് ഡാറ്റാ ബുക്കിലെത്തിയിരിക്കുന്നു. ഒരു വൃക്ഷത്തിന്റെ കുറവിൽ ഒരു പക്ഷി വംശം തന്നെ നാശത്തിലേയ്ക്കാണ് ചെന്നെത്തിയിരിക്കുന്നത്. ഭക്ഷ്യ ശൃംഖലയെ തന്നെ അത് മൊത്തം ബാധിച്ചിരിക്കുന്നു.

മലയാള കാർഷിക വൃത്തിയെ ചൂണ്ടിക്കാട്ടുന്ന ലോക പ്രശസ്ത പുസ്തകങ്ങളിൽ ഒന്നാണ് വാൻഡ്രീടും മലയാളിയായ ഇട്ടി അച്യുതനും രചിച്ച 'ഹോർത്തൂസ് മലബാറിക്കസ്'



കാർഷിക വൃത്തി, ആയുർവ്വേദത്തിൽ സസ്യങ്ങളുടെ പങ്ക് എന്നതിനെക്കുറിച്ച് ഒരു കാൻവാസുപോലെ ചെയ്തു തീർത്ത പുസ്തകം. ഹോർത്തൂസ് മലബാറിക്കസിൽ പ്രതിപാദിക്കുന്ന ഏറ്റവും വലിയ വൃക്ഷങ്ങളിൽ ഒന്നാണ് തെങ്ങ്. തെങ്ങിനെക്കുറിച്ച് അതിൽ എടുത്തു പറയുന്നുണ്ട്.

ഡോ. കെ. എസ്. മണിലാൽ ആണ് തെങ്ങിനെക്കുറിച്ച് തയ്യാറാക്കിയ ഡോക്യുമെന്ററിയിൽ പ്രകൃതിയെ നിലനിർത്തിക്കൊണ്ടു പോകുന്നത് തെങ്ങാണഎന്നു സമർത്ഥിച്ചത്. ഹൈന്ദവ ആചാരങ്ങൾക്കും, മംഗളകർമ്മങ്ങൾക്കും വിവാഹം പോലെയുള്ള ചടങ്ങുകളിലും നിറപറയോടൊപ്പം തെങ്ങിൻ പൂങ്കുല വയ്ക്കുന്നത് ഐശ്വര്യത്തിന്റെ പ്രതീകമായാണ്. മരണാനന്തര ചടങ്ങുകളിൽ തേങ്ങാ മുറിയിൽ അരിയും നെല്ലും വയ്ക്കുന്നു. തേങ്ങയെ നാം സമാധാനത്തിന്റെ പ്രതീകമായി കാണുന്നു. നമ്മുടെ നൈസർഗീക ജീവിതത്തിലെ എടുത്തു മാറ്റാൻ പറ്റാത്ത ഒന്നാണ് തെങ്ങ്.

കേരളത്തെക്കുറിച്ച് പറയുമ്പോൾ നമ്മുടെ കൊച്ചു നാടിന്റെ ഭംഗിയുള്ളതാക്കി തീർക്കുന്ന കായൽക്കരയിലെ പച്ചപ്പും ഇരുകരകളിലെയും തെങ്ങിന്റെ ചിത്രവും കടന്നു വരുന്നു. കുട്ടനാട്. കായൽക്കരയിൽ ചേർന്നു നിൽക്കുന്ന തെങ്ങ്. തെങ്ങില്ലാതെ ഇവിടെ എന്ത് മനുഷ്യ ജീവിതം. ഹൗസ് ബോട്ടുകളിൽ നിന്നും നോക്കുമ്പോൾ കായൽക്കരയെ ഏറെ ഭംഗിയാക്കി തീർക്കുന്ന തെങ്ങ്.

കുട്ടനാടിനെക്കുറിച്ചു പറയുമ്പോൾ മുന്നിൽ വരുന്നത് കയർ വ്യവസായമാണ്. കായൽക്കരയിൽ കൂട്ടി വച്ചിരിക്കുന്ന ചകിരികൾ തല്ലി നാരാക്കി ആ നാരു കൊണ്ട് നിർമ്മിക്കുന്ന കയറുകളിലാണ് ഒരു ജനതയുടെ മുഴുവൻ നിലനിൽപ്പും. അങ്ങിനെ നോക്കുമ്പോൾ തെങ്ങ് നമുക്ക് നൽകുന്നത് ജീവിയ്ക്കാനുള്ള പ്രത്യാശകൂടിയാണ്.

തെങ്ങിൻ പൂക്കുലകൊണ്ട് ആയൂർ വേദം ലേഹ്യം നിർമ്മിക്കുന്നു. ഇളനീർകുഴമ്പ് കണ്ണിന്റെ ചികിത്സയ്ക്കായും ഉപയോഗിക്കുന്നു. ഇളനീർ വയറിളക്കം തടയുന്നു.

പഴയകാല ചിത്രങ്ങളിലൂടെ പോകുമ്പോൾ മച്ചിങ്ങ കൊണ്ട് കളിവണ്ടിയുണ്ടാക്കുന്ന, ഓലകൊണ്ട് ഓലപന്തും, ഓലപ്പീപ്പിയും, വാച്ചും ഉണ്ടാക്കുന്ന കുട്ടികളുടെ ചിത്രങ്ങൾ ഇന്ന് പഴയകാല സിനിമകൾക്ക് സ്വന്തം.

തെങ്ങിനെ രണ്ടു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. നെടിയതും കുറിയതും

ഇന്ന് കണ്ടു വരുന്നതിൽ ലക്കദീപ് ഓർഡിനറി, വെസറ്റ് കോസ്റ്റ് ടോൾ എന്നീ തെങ്ങിനങ്ങളാണ് ഭൂരിഭാഗവും. ചാവക്കാട് ഓറഞ്ച്, പച്ച, എന്നയിനങ്ങളാണ് തെങ്ങുകളിലെ കുറിയവ.

ഇന്ത്യൻ ഇലക്ഷൻ കമ്മീഷന്റെ ചിഹ്നമാണ് തെങ്ങ്.

ഗോവ എന്ന മനോഹര സംസ്ഥാനത്തിൽ കടൽക്കാഴ്ചയിൽ സൗന്ദര്യം തീർക്കുന്നത് തെങ്ങാണ്. ലോകത്തിലെവിടെപ്പോയാലും മലയാളികൾ എന്ന പോലെ തെങ്ങിനും പ്രശസ്തിയുണ്ട്.

സെപ്റ്റംബർ 2 നാം നാളികേര ദിനമായി ആചരിക്കാറുണ്ടെങ്കിലും ആ ദിവസത്തെ പ്രവർത്തനങ്ങൾ കഴിഞ്ഞാൽ പിന്നീട് അടുത്ത വർഷം വരണം തെങ്ങിനെ ഓർക്കാൻ.

ഇനി വരുന്ന ഒരു തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ എന്ന ചോദ്യം വർത്തമാന കാലത്ത് ഏറെ പ്രശസ്തമാണ്. സ്കൂൾ വിദ്യാർത്ഥികളാണ് നാളത്തെ പൗരന്മാർ. നമുക്ക് ഒന്നിച്ച് കൈകോർക്കാം, കേര വൃക്ഷങ്ങളുടെ സംരക്ഷണത്തിനായി. തെങ്ങോലത്തണലിലെ ഒരു നാളേയ്ക്കായ് നമുക്ക് പ്രയത്നിക്കാം. ■

കവിത

# മണ്ണും ജീവനും

**ലീലാമ്മ തോമസ്**
നന്തലത്ത്, കരിമണ്ണൂർ

ശതസഹസ്രമല്ലിതു
സസ്യ ജന്തു ജാലങ്ങൾ
ഭൂമി തന്നിൽ വാഴുന്നു
എത്രയോ അതിശയം

കാറ്റിനും മഴയ്ക്കുമായ്
ജീവജാലമെന്തിനും
ദാനമേകുമൽഭുത-
ക്കളരിയല്ലോ മണ്ണുതാൻ

നൽകിടുന്നിതേവർക്കും
വീണ്ടെടുക്കും പിന്നെയും
മണ്ണു മെനയുമതിശയം
കണ്ടിടാനും കൗതുകം!

തുടിച്ചിടുന്ന ജീവനും
മണ്ണിലെന്നുമാദരം
കർഷകന്റെ വേലകൾ
കാത്തിടുന്നു പൈതൃകം

അകലെയായി വാനവും
അരികിലായി ഭൂമിയും
ഹിമകണങ്ങളാകവെ
പുളക പൂരിതം സദാ-

നല്ലഭൂമി, നന്മസമൂഹം
നമ്മളായി മെനയണം.
നല്ല നാളെയെങ്ങനെ
നൽകിടാം നിനയ്ക്കണം



## ആദരാഞ്ജലികൾ



കൊച്ചിയിലെ നാളികേര വികസന ബോർഡ് ആസ്ഥാനത്ത് നാളികേര ടെക്നോളജി മിഷൻ വിഭാഗം ഡെപ്യൂട്ടി ഡയറക്ടറായിരുന്ന സർദാർ സിങ് ചോയൽ ഹൃദ്രോഗ ബാധയെ തുടർന്ന് 2018 ഒക്ടോബർ 30 ന് ഔദ്യോഗിക കൃത്യനിർവഹണത്തിനിടെ പാട്നയിൽ നിര്യാതനായി. ഒരു ബിസിനസ് മീറ്റിൽ പങ്കെടുക്കുന്നതിനായി ബോർഡിലെ സഹപ്രവർത്തകർക്കൊപ്പം പാട്നയിൽ എത്തിയതായിരുന്നു അദ്ദേഹം.

കൊണ്ടഗാവിലുള്ള ബോർഡിന്റെ വിത്തുത്പാദന പ്രദർശന തോട്ടത്തിൽ ഉദ്യോഗസ്ഥനായാണ് 1987 ൽ ചോയൽ ഔദ്യോഗിക ജീവിതം ആരംഭിച്ചത്. തുടർന്ന് 1989 ൽ ഭുവനേശ്വറിലെ സ്റ്റേറ്റ് സെന്ററിലും 1993 മുതൽ കൊണ്ടഗാവിലും 1996 മുതൽ പാട്ന റീജണൽ ഓഫീസിലും 1999 മുതൽ വീണ്ടും കൊണ്ടഗാവ്, 2002 ൽ വീണ്ടും പട്ന എന്നിവിടങ്ങളിലും സേവനമനുഷ്ഠിച്ചു. 2008 ൽ കേരളത്തിലെ നേര്യമംഗലം ഫാമിൽ നിയമിതനായ ചോയൽ 2013 വരെ അവിടെ തുടർന്നു. പിന്നീട് ബോർഡിന്റെ കൊച്ചി ആസ്ഥാനത്ത് നിയമിതനായ അദ്ദേഹം, 2016 ൽ ഡെപ്യൂട്ടി ഡയറക്ടറായി.

മധ്യപ്രദേശിലെ ഖാരഗോൺ ജില്ലയിലെ ഛോട്ടി ഖാരഗോൺ സ്വദേശിയായ ചോയൽ, ജബൽപൂരിലെ ജവഹർലാൽ നെഹ്റു കൃഷി വിശ്വ വിദ്യാലയത്തിൽ നിന്നു കൃഷി ശാസ്ത്രത്തിൽ ബിരുദവും, ഒറീസ യൂണിവേഴ്സിറ്റി ഓഫ് അഗ്രിക്കൾച്ചർ ആൻഡ് ടെക്നോളജിയിൽ നിന്ന് പ്ലാന്റ് പതോളജിയിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുണ്ട്. ഭാര്യ. പാർവതി ചോയൽ. മക്കൾ. മനോരമ, മനീഷ.

ചോയലിന്റെ വേർപാടിൽ നാളികേര വികസന ബോർഡും, ജീവനക്കാരും അഗാധമായ അനുശോചനം രേഖപ്പെടുത്തുകയും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുകയും ചെയ്യുന്നു.

# പാട്നയിൽ കർഷകരുടെ ബിസിനസ്സ് മീറ്റ്: താല്പര്യവുമായി വ്യാപാരി സമൂഹം

നാളികേര കർഷകരുടെ ഉത്പാദക സംഘങ്ങളും, രാജ്യത്തെ വിവിധ ഉപഭോക്തൃ സംസ്ഥാനങ്ങളിലെ വ്യാപാരി സമൂഹവുമായും ബന്ധങ്ങൾ സ്ഥാപിക്കുന്നതിന്റെ സാധ്യത തേടുക എന്ന ലക്ഷ്യത്തോടെ നാളികേരവികസന ബോർഡ് 2018 ഒക്ടോബർ 30 ന് പാട്നയിൽ ഒരു കർഷക-വ്യാപാരി സംഗമം നടത്തി. ഛാട്ട് ആഘോഷത്തിന്റെ പശ്ചാത്തലത്തിൽ ബിഹാറിൽ പച്ച തേങ്ങയ്ക്കും കൊട്ടത്തേങ്ങയ്ക്കും നവംബർ മാസത്തിൽ സാധാരണ വൻ ഡിമാന്റാണ് ഉണ്ടാവുക. ഈ സാഹചര്യത്തിൽ വിപണി ബന്ധങ്ങൾ വികസിപ്പിക്കുന്നതിനുള്ള അനുകൂല സാഹചര്യം കണക്കിലെടുത്താണ് ബോർഡ് ഇവിടെ സംഗമം സംഘടിപ്പിച്ചത്.

ഐ.സി.എ.ആർ റിസർച്ച് സെന്റർ ഫോർ ഈസ്റ്റേൺ റീജിയനിൽ നടന്ന സംഗമം നാളികേര വികസന ബോർഡ് ചെയർമാൻ ഡോ. രാജു നാരായണ സ്വാമി ഐഎഎസ് ഉദ്ഘാടനം ചെയ്തു. ബോർഡ് മെമ്പർ ശ്രീ. സഞ്ജീവ് കുമാർ സിംങ് ആസംസകൾ നേർന്നു പ്രസംഗിച്ചു. പച്ച നാളികേരം ഉണങ്ങിയ നാളികേരം എന്നിവയുടെ വ്യാപാരം നടത്തുന്ന തമിഴ്നാട്, കർണാടക, ആന്ധ്ര എന്നീ സംസ്ഥാനങ്ങളിലെ നാളികേര കർഷക ഉത്പാദക സംഘ പ്രതിനിധികൾ സംഗമത്തിൽ പങ്കെടുത്തു. പാട്ന, ലക്നോ എന്നീ മേഖലകളിൽ നിന്നുള്ള ഇരുപതിലധികം വ്യാപാരികൾ സംഗമത്തിന് എത്തി. കൂടാതെ ബിഹാർ ഇൻഡസ്ട്രിയൽ അസോസിയേഷൻ, ഗ്രാമ ഭാരതി ഫൗണ്ടേഷൻ, ബസാർ സമിതി പാട്ന എന്നിവരുടെ പ്രതിനിധികളും സംഗമത്തിന് എത്തി.

ചരക്കു വില, അളവ്, ചരക്കു നീക്കം തുടങ്ങിയ കാര്യങ്ങളാണ് കൃഷിക്കാരുടെയും വ്യാപാരികളുടെയും പ്രതിനിധികൾ ചർച്ച ചെയ്തത്. നാളികേര ഉത്പ്പന്നങ്ങളുടെ ഒരു ചെറിയ പ്രദർശനവും ഇതോടനുബന്ധിച്ച് ക്രമീകരിച്ചിരുന്നു. ഉത്പാദക കമ്പനികൾ വിവിധ ഗ്രേഡിലുള്ള ഉണ്ടക്കൊപ്രയുടെയും കൊട്ടത്തേങ്ങയുടെയും സാമ്പിളുകളും കൊണ്ടുവന്നിരുന്നു. ന്യായമായ വിലയ്ക്ക് മെച്ചപ്പെട്ട ചരക്ക് ലഭിക്കുമെന്ന് ഉറപ്പായതോടെ വ്യാപരികൾ കൃഷിക്കാരുടെ സംഘങ്ങളുമായി ബന്ധപ്പെടാൻ താല്പര്യം കാണിച്ചു. വ്യാപാരികൾക്ക് കർഷകരുടെ ഉത്പാദക കമ്പനികളുമായി ബന്ധപ്പെടാൻ മുൻകൈ എടുക്കാമെന്ന് ബിഹാർ ഇൻഡസ്ട്രീസ് അസോസിയേഷൻ അറിയിക്കുകയുണ്ടായി. അസോസിയേഷൻ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ചാൽ കർഷകരുടെ ഉത്പാദക സംഘങ്ങളുമായി അവർക്ക് ബന്ധപ്പെടാനുള്ള സൗകര്യങ്ങൾ ഒരുക്കാം എന്ന് നാളികേര വികസന ബോർഡും അറിയിച്ചു.



# നാളികേര വികസന ബോർഡ് – ദ് ഹിന്ദു കാർഷിക പ്രശ്നോത്തരി :

## ഗണശേഖരനും തേജസും ജേതാക്കൾ

AGRICULTURE QUIZ 2018

നാളികേര വികസന ബോർഡിന്റെയും ദേശീയ ദിനപ്പത്രമായ ദ് ഹിന്ദുവിന്റെയും ആഭിമുഖ്യത്തിൽ സ്കൂൾവിദ്യാർത്ഥികൾക്കായി നടത്തിയ കാർഷിക പ്രശ്നോത്തരി മത്സരത്തിൽ പുതുച്ചേരിയിലെ ദ് സ്റ്റഡി സ്കൂളിലെ എം ഗണശേഖരനും (ക്ലാസ് 10) തേജസ് നിഷാദും (ക്ലാസ് 12) ജേതാക്കളായി. പെറ്റി സെമിനാരി സ്കൂളിലെ 12–ാം ക്ലാസ് വിദ്യാർത്ഥികളായ ബി ഭാരതി, എളൻകുമാരൻ എന്നിവർ രണ്ടാം സ്ഥാനത്ത് എത്തി. ചെന്നൈ പബ്ലിക് സ്കൂളിലെ 12–ാം ക്ലാസ് വിദ്യാർത്ഥികളായ ശ്രേയസ് സംഗമേശ്വരൻ, സൂര്യ ആരി എന്നിവർ മൂന്നാം സ്ഥാനവും കരസ്തമാക്കി.

2018 നവംബർ 9 ന് ചെന്നൈയിലെ അണ്ണാനഗർ എസ്ബിഒഎ സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന മത്സരത്തിൽ എട്ടു മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികളാണ് പങ്കെടുത്തത്. ചെന്നൈ, കാഞ്ചിപുരം, പുതുച്ചേരി, തിരുവള്ളൂർ ജില്ലകളിലെ സ്കൂളുകളിൽ നിന്നു വന്ന 450 കുട്ടികളെ 225 ടീമുകളാക്കി തിരിച്ചാണ് മത്സരം നടത്തിയത്. 250 ടീമുകളിൽ നിന്ന് പുതുച്ചേരി പെറ്റി സെമിനാരി ഹയർ സെക്കണ്ടറി സ്കൂൾ, മൊഗാപ്പെയർ ഡിഎവി മെട്രിക്കുലേഷൻ ഹയർ സെക്കണ്ടറി സ്കൂൾ, സിറുസേരി പിഎസ്ബിബി സീനിയർ സെക്കണ്ടറി സ്കൂൾ, പുതുച്ചേരി സ്റ്റഡി എൽ ഇക്കോളെ ഇന്റർനാഷണൽ സ്കൂൾ, കെകെ നഗർ പിഎസ്ബിബി സീനിയർ സെക്കണ്ടറി സ്കൂൾ, ചെന്നൈ പബ്ലിക് സ്കൾ എന്നീ ആറു ടീമുകൾ അവസാന റൗണ്ടിൽ എത്തി.

നാളികേര വികസന ബോർഡ് ചെയർമാൻ ഡോ. രാജു നാരായണ സ്വാമി ഐഎഎസ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. മത്സരത്തിൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥികളെയും അദ്ദേഹം അനുമോദിച്ചു. യുവമനസുകളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കാനുള്ള കൃഷിയുടെ സംസ്കാരം പ്രോത്സാഹിപ്പിക്കാനുമുള്ള എളിയ ശ്രമമാണ് ഇതെന്നും അദ്ദേഹം തന്റെ പ്രസംഗത്തിൽ വ്യക്തമാക്കി. വിജയികൾക്കുള്ള ട്രോഫികളും കാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും ഡോ. സ്വാമി വിതരണം ചെയ്തു. പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റുകൾ നൽകി.



*നാളികേര വികസന ബോർഡ് ചെയർമാൻ ഡോ. രാജു നാരായണ സ്വാമി ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു*



*പുരസ്കാര വിതരണം*



*സദസ്സ്*



# നാളികേര വികസന ബോർഡിൽ വിജിലൻസ് വാരം ആചരിച്ചു






*വിജിലൻസ് വാരാചരണത്തോടനുബന്ധിച്ച് നാളികേര വികസന ബോർഡിൽ നടന്ന ചടങ്ങിൽ മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ. ശരദിന്ദുദാസ് പ്രതിജ്ഞ ചൊല്ലി കൊടുക്കുന്നു. സെക്രട്ടറി ശ്രീ.ആർ മധു, ഡെപ്യൂട്ടി ഡയറക്ടർ ശ്രീ.ആർ ജ്ഞാനദേവൻ എന്നിവർ സമീപം*

കേന്ദ്ര വിജിലൻസ് കമ്മിഷന്റെ നിർദ്ദേശ പ്രകാരം 2018 ഒക്ടോബർ 29 മുതൽ നവംബർ 3 വരെ നാളികേര വികസന ബോർഡിൽ ജാഗ്രതാ അവബോധ വാരം ആചരിച്ചു. അഴിമതി നിർമ്മാർജ്ജനം ചെയ്യുക നവഭാരതം നിർമ്മിക്കുക എന്നതായിരുന്നു ഈ വർഷത്തെ ജാഗ്രതാവബോധ പ്രമേയം.

ഇതോടനുബന്ധിച്ച് 2018 നവംബർ 29 ന് രാവിലെ 11 ന് മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ.ശരദിന്ദുദാസ് ചൊല്ലി കൊടുത്ത പ്രതിജ്ഞ ബോർഡിലെ ഉന്നത ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ എല്ലാ വിഭാഗങ്ങളിലെയും ജീവനക്കാർ ഏറ്റുചൊല്ലി. ബോർഡിന്റെ വിവിധ മേഖലാ ഓഫീസുകളിലും, സംസ്ഥാന ഓഫീസുകളിലും വിത്തുത്പാദന പ്രദർശന തോട്ടങ്ങളിലും മറ്റ് ഓഫീസുകളിലും ജീവനക്കാർ ഏകതാ പ്രതിജ്ഞ എടുത്തു.

ജാഗ്രതാ അവബോധ വാര സമാപനത്തോടനുബന്ധിച്ചു ജീവനക്കാർക്കും മറ്റ് ഉദ്യോഗസ്ഥർക്കുമുള്ള ബോധവത്ക്കരണ പരിപാടി 2018 നവംബർ 2 നു ഉച്ചകഴിഞ്ഞ് 3-നു നടന്നു. ഔദ്യോഗിക കൃത്യനിർവഹണത്തിൽ സുതാര്യതയും, സത്യസന്ധതയും, ആത്മാർത്ഥതയും പുലർത്തണമെന്ന് വിജിലൻസ് ഓഫീസർ ശ്രീ.ആർ ജ്ഞാനദേവൻ ഉദ്ബോധിപ്പിച്ചു. അവരവരുടെ ജോലികളിൽ നിയമങ്ങളും ചട്ടങ്ങളും സത്യസന്ധതയും പാലിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ബോർഡ് ആസ്ഥാനത്തു നടന്ന ചടങ്ങിൽ ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് വിജിലൻസ് ഓഫീസർ ശ്രീ.ടി ആർ ഷാജി മുഖ്യാതിഥി ആയിരുന്നു. അഴിമതി നിർമ്മാർജ്ജനം ചെയ്യുക നവഭാരതം നിർമ്മിക്കുക എന്ന പ്രമേയത്തെ കുറിച്ച് അദ്ദേഹം സദസിനെ ഉദ്ബോധിപ്പിച്ചു. അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനായി മുൻ നിരയിൽ നിന്നു പ്രവർത്തിക്കാനും, എല്ലാ ഔദ്യോഗിക പ്രവർത്തനങ്ങളിലും സദ്ഭരണം കാഴ്ച്ച വയ്ക്കുന്നതിനായി ഉന്നത നിലവാരവും ആത്മാർത്ഥതയും സുതാര്യതയും നിലനിർത്തുവാനും അദ്ദേഹം ആഹ്വാനം ചെയ്തു.

സമാപന ചടങ്ങിൽ മുഖ്യ നാളികേര വികസന ഓഫീസർ ശ്രീ. ശരദിന്ദുദാസ് അധ്യക്ഷനായിരുന്നു. എല്ലാ ഔദ്യോഗിക ഇടപാടുകളിലും ധാർമ്മികതയും ആത്മാർത്ഥതയും പുലർത്തണമെന്ന് ശ്രീ. ദാസ് ജീവനക്കാരെ ഓർമ്മിപ്പിച്ചു. നാളികേര വികസന ബോർഡ് സെക്രട്ടറി ശ്രീ.ആർ മധുവും ജീവനക്കാരെ അഭിസംബോധന ചെയ്യുകയുണ്ടായി. അപര്യാപ്തമായ വിഭവങ്ങൾ വിതരണം ചെയ്യുമ്പോൾ ആവശ്യത്തിൽ ഞെരുങ്ങുന്നവർക്ക് അവ ലഭിച്ചു എന്ന് നാം ഉറപ്പു വരുത്തണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ചടങ്ങിൽ നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ഇ അരവഴി നന്ദി പറഞ്ഞു.

---




*വിജയികൾ*

എം.എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ ബയോടെക്നോളജി പ്രോഗ്രാം ഡയറക്ടർ ഡോ. ജിഎൻ ഹരിഹരൻ മുഖ്യാതിഥി ആയിരുന്നു. ഇളനീർ ശീലമാക്കാൻ അദ്ദേഹം കുട്ടികളെ ആഹ്വാനം ചെയ്തു. അത് അവരുടെ ആരോഗ്യത്തിനും നാളികേര കർഷകരുടെ പുരോഗതിയ്ക്കും സഹായകരമാകുമെന്നും അദ്ദേഹം കൂട്ടി ചേർത്തു.

എക്സ് ക്വിസിലെ ആർ അരവിന്ദായിരുന്നു ക്വിസ് മാസ്റ്റർ. വിവിധ നാളികേര ഉത്പ്പന്നങ്ങളായ വെർജിൻ കോക്കനട്ട് ഓയിൽ, നീര മിഠായി, വെളിച്ചെണ്ണ, നീര, ചിപ്സ് തുടങ്ങിയവ അടങ്ങിയ പായ്ക്കറ്റുകൾ ക്വിസിൽ പങ്കെടുക്കാൻ വന്ന എല്ലാ വിദ്യാർത്ഥികൾക്കും നാളികേര വികസന ബോർഡ് സമ്മാനിച്ചു. ബോർഡിന്റെ വിവിധ ഉത്പ്പന്നങ്ങളുടെ പ്രദർശനവും ഉണ്ടായിരുന്നു.

# പ്രഗദി അന്താരാഷ്ട്ര വിപണന മേളയിൽ നാളികേര വികസന ബോർഡ് പങ്കെടുത്തു





*നാളികേര വികസന ബോർഡ് ചെയർമാൻ ഡോ. രാജു നാരായണ സ്വാമി ഐ.എ.എസ് പ്രഗദി മേളയിലെ സ്റ്റാളുകൾ സന്ദർശിക്കുന്നു.*

ഡൽഹി പ്രഗദി മൈതാനിയിൽ 2018 നവംബർ 14 – 28 വരെ നടന്ന ഇന്ത്യൻ ഇന്റർനാഷണൽ വ്യാപാര മേളയിൽ നാളികേര വികസന ബോർഡ് പങ്കെടുത്തു. കെഎൽഎഫ് നിർമ്മൽ ഇൻഡസ്ട്രീസ്, പ്യൂരി ട്രോപ്പിക്കാന, വടകര നാളികേര ഉത്പാദക കമ്പനി, മദുക്കര അഗ്രോ പ്രോഡക്ട്സ്, യോഗിക് ഫുഡ്, മാർക്കറ്റ് ഫെഡ്, പ്രാൺസു കൊക്കോ പ്രോഡക്ട്സ്, അഗ്രിക്കോൾ, കേരടെക് തുടങ്ങിയ സ്ഥാപനങ്ങളുടെ സ്റ്റാളുകളും വിവിധ നാളികേര മൂല്യവർധിത ഉത്പ്പന്നങ്ങളുമായി ബോർഡിനൊപ്പം പ്രദർശനത്തിൽ പങ്കെടുത്തു. നാളികേരത്തിന്റെ 40 –50 ബ്രാൻഡഡ് ഉത്പ്പന്നങ്ങൾ മേളയിൽ വിപണനത്തിന് ഉണ്ടായിരുന്നു.

മേളയുടെ ആദ്യ അഞ്ചു ദിനങ്ങൾ വ്യാപാര ദിനങ്ങളായിരുന്നു. തുടർന്ന് പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിച്ചു. നാളികേര വികസന ബോർഡ് ചെയർമാൻ ഡോ. രാജു നാരായണ സ്വാമി ഐ.എ.എസ് പ്രദർശന നഗറിലെ സ്റ്റാളുകൾ സന്ദർശിച്ചു.

# വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ നാളികേര വികസന ബോർഡിന്റെ പദ്ധതി നിർവഹണ അവലോകനം നത്തി



വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ നാളികേര വികസന ബോർഡിന്റെ പദ്ധതി നിർവഹണ അവലോകന യോഗം ഒക്ടോബർ 31 ന് അസാമിലെ ഗുവാഹത്തിയിൽ നടന്നു. യോഗത്തിൽ നാളികേര വികസന ബോർഡ് ചെയർമാൻ ഡോ. രാജു നാരായണ സ്വാമി ഐഎഎസ് അധ്യക്ഷനായിരുന്നു. അസാം, അരുണാചൽ പ്രദേശ്, മണിപ്പൂർ, മേഘാലയ, മിസോറാം, നാഗാലാൻഡ്, ത്രിപുര എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള മുതിർന്ന ഉദ്യോഗസ്ഥർ യോഗത്തിൽ സംബന്ധിച്ചു. നാളികേര വികസന ബോർഡിന്റെ ഗുവാഹത്തി റീജണൽ ഓഫീസിലെ ഡയറക്ടർ എൽ ഒബൈദ് യോഗത്തിൽ സ്വാഗതം ആശംസിച്ചു.

വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെ നാളികേര വികസന ബോർഡിന്റെ പദ്ധതികൾക്കായി നടപ്പു സാമ്പത്തിക വർഷം 19.30 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും അത് പൂർണമായി ഉപയോഗിക്കുവാൻ ഉദ്യോഗസ്ഥർ ഉത്സാഹിക്കണം എന്നും ചെയർമാൻ ആമുഖ പ്രസംഗത്തിൽ സൂചിപ്പിച്ചു. ബോർഡിന്റെ മാർഗ്ഗരേഖ പ്രകാരമുള്ള ചട്ടക്കൂടിൽ പുതിയ സംരംഭങ്ങളുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ച് അംഗീകാരം നേടാനും അദ്ദേഹം ഉദ്യോഗസ്ഥരെ ഉദ്ബോധിപ്പിച്ചു. ഗ്രാമങ്ങൾ ദത്തെടുക്കൽ, മാതൃകാ തോട്ടങ്ങൾ സ്ഥാപിക്കൽ, കൃഷിക്കാരും വ്യാപാരികളും ചേർന്നുള്ള സംഗമങ്ങൾ, ദേശീയ നാളികേര ഉത്സവം തുടങ്ങിയ കാര്യങ്ങൾ യോഗം വിശദമായി ചർച്ച നടത്തി.

അസാം കൃഷി സെക്രട്ടറി ശ്രീമതി മൗച്ചുമി ബറുവ, അരുണാചൽ പ്രദേശ് ഹോർട്ടിക്കൾച്ചർ ഡയറക്ടർ ജുനർ റിമി, നാഗാലാൻഡ് ഹോർട്ടിക്കൾച്ചർ ജോയിന്റ് ഡയറക്ടർ ഡോ. എലിൻതുംങ് ലോഥ, മണിപ്പൂർ ഹോർട്ടിക്കൾച്ചർ ജോയിന്റ് ഡയറക്ടർ ശ്രീ. കെയ്സം ബ്രോജൻസിംങ്, ത്രിപുര ഹോർട്ടിക്കൾച്ചർ ജോയിന്റ് ഡയറക്ടർ ശ്രി സഞ്ജിബ് ദെബർമ, അസാം ഹോർട്ടിക്കൾച്ചർ അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. അബ്ദുൾ ജലീൽ, ഇന്ദ്രമോഹൻ തലൂക്ദർ (അസാം), ശ്രീ. മർദോ നിനു (അരുണാചൽ പ്രദേശ്), ശ്രീമതി എഫ് സൊറിൻസാംഗി (മിസോറാം), ശ്രീമതി സുസുന്ന കെ എം സംഗ്മ (മേഖാലയ) എന്നിവർ യോഗത്തിൽ പങ്കെടുത്തു.

# കേരാധിഷ്ഠിത വ്യവസായങ്ങൾക്ക് ബംഗാളിൽ വൻ സാധ്യത: ഡോ.രാജു നാരായണ സ്വാമി



കർഷക സദസ്സ്



*കൊൽക്കട്ട ന്യൂടൗണിലെ  ബിശ്വ ബംഗ്ലാ കൺവൻഷൻ സെന്ററിൽ നടന്ന സംസ്ഥാന തല നാളികേര സെമിനാർ നാളികേര വികസന ബോർഡ് ചെയർമാൻ ഡോ. രാജൂ നാരായണ സ്വാമി ഉദ്ഘാടനം ചെയ്യുന്നു*

നാളികേരാധിഷ്ഠിത വ്യവസായങ്ങൾക്ക് പശ്ചിമ ബംഗാളിൽ വലിയ അവസരങ്ങളാണ് ഉള്ളതെന്ന് നാളികേര വികസന ബോർഡ് ചെയർമാൻ ഡോ. രാജൂ നാരായണ സ്വാമി ഐഎഎസ് അഭിപ്രായപ്പെട്ടു.  ഫുളിയയിൽ വിത്തുത്പാദന പ്രദർശന തോട്ടം സ്ഥാപിക്കേണ്ടത് ബംഗാളിലെ നാളികേര മേഖലയുടെ പുരോഗതിക്ക് അത്യാവശ്യമാണെന്നും അദ്ദേഹം തുടർന്നു. നാളികേര കൃഷിയും മൂല്യവർധനവും എന്ന വിഷയത്തെ കുറിച്ച് കൊൽക്കട്ട, ന്യൂടൗണിലെ  ബിശ്വ ബംഗ്ലാ കൺവൻഷൻ സെന്ററിൽ 2018 നവംബർ നാലിനു നടന്ന സംസ്ഥാന തല സെമിനാറിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു ഡോ. സ്വാമി.

രാജ്യത്തെ നാളികേര മേഖലയുടെ വ്യാപനത്തിന് 100 ലക്ഷം തെങ്ങിൻ തൈകൾ ആവശ്യമുണ്ടെന്നിരിക്കെ നമ്മുടെ വാർഷിക ഉത്പാദനം 35 ലക്ഷം തൈകൾ മാത്രമാണ് എന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. അതായത് ഗുണമേന്മയുള്ള  65 ലക്ഷം തെങ്ങിൻ തൈകൾ കൂടി നമുക്ക് എല്ലാ വർഷവും വേണം. നാളികേര വികസന ബോർഡിന്റെ വിത്തുത്പാദന പ്രദർശന തോട്ടങ്ങളാണ് നിലവിൽ ഏറ്റവും കൂടുതൽ നടീൽ വസ്തുക്കൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നത്. ഈ പശ്ചാത്തലത്തിൽ  നദിയ ജില്ലയിലെ ഫുളിയയിൽ സ്ഥാപിക്കാൻ പോകുന്ന വിത്തുത്പാദന പ്രദർശന തോട്ടത്തിന് പശ്ചിമ ബംഗാളിലെ നാളികേര കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വലിയ പ്രാധാന്യമുണ്ട് എന്നും ചെയർമാൻ  ചൂണ്ടിക്കാട്ടി. കൃഷിക്കാർ ശാസ്ത്രീയ നാളികേര കൃഷിയുടെ പ്രസക്തി മനസിലാക്കി ആ ദിശയിൽ മുന്നേറണമെന്നും ഡോ. സ്വാമി ആഹ്വാനം ചെയ്തു.

സംസ്ഥാനത്തെ ചെറുകിട പരിമിത നാളികേര കൃഷിക്കാരുടെ പുരോഗതിക്കായി നാളികേര വികസന ബോർഡിന്റെ പരമാവധി സഹായം ചെയർമാൻ വാഗ്ദാനം ചെയ്ത ചെയർമാൻ നാളികേര കൃഷിയുടെയും വ്യവസായത്തിന്റെയും  വികസനത്തിനായി സംസ്ഥാന ഗവൺമെന്റിന്റെ പൂർണ പിന്തുണ തേടുകയും ചെയ്തു.

നാളികേര തോട്ടങ്ങളിൽ നിന്നു പരമാവധി ഉത്പാദനം നേടുന്നതിന് സംയോജിത കൃഷി രീതി അനുവർത്തിക്കണമെന്നും ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ മാത്രം ഉപയോഗിക്കണമെന്നും സംസ്ഥാന കൃഷി ഡയറക്ടർ ശ്രീ സമ്പദ് രഞ്ജൻ പത്ര കൃഷിക്കാരോട് നിർദ്ദേശിച്ചു. സംസ്ഥാന ഗവൺമെന്റ് ലഭ്യമാക്കയിരിക്കുന്ന ഭൂമി പരമാവധി പ്രയോജനപ്പെടുത്തി ഫുളിയയിൽ വിത്തുത്പാദന പ്രദർശന തോട്ടത്തിന്റെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കണമെന്ന് അദ്ദേഹം  നാളികേര വികസന ബോർഡിനോട് അഭ്യർത്ഥിച്ചു. കല്യാണി പനഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. ദീപക് കുമാർ ഘോഷും കൃഷിക്കാരെ അഭിസംബോധന ചെയ്തു.

തുടർന്ന്  സെമിനാർ നടന്നു. നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ കെ. ദേബനാഥ് ബോർഡിന്റെ പദ്ധതികൾ അവതരിപ്പിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 1600 കൃഷിക്കാർ സെമിനാറിൽ പങ്കെടുത്തു.

# അന്താരാഷ്ട്ര പുസ്തകോത്സവ പ്രദർശന മേളയിൽ നാളികേര വികസന ബോർഡ്

കൊച്ചി, എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ  22-ാമത് അന്താരാഷ്ട്ര പുസ്തകോത്സവത്തോടനുബന്ധിച്ചു നടന്ന വ്യവസായ പ്രദർശന മേളയിൽ  നാളികേര വികസന ബോർഡ് പങ്കെടുത്തു. ചിരട്ട, തെങ്ങിൻ തടി എന്നിവയിൽ തീർത്ത കര കൗശല ഉത്പ്പന്നങ്ങൾ, അടുക്കള - ഗൃഹ ഉപകരണങ്ങൾ, സിഐടിയടെതുൾപ്പെടെ തേങ്ങയിൽ നിന്നും നീരയിൽനിന്നുമുള്ള മൂല്യ വർധിത ഉത്പ്പന്നങ്ങൾ എന്നിവ കൂടാതെ, ബോർഡിന്റെ പ്രസിദ്ധീകരണങ്ങൾ, ലഘുലേഖകൾ എന്നിവയും സ്റ്റാളിൽ ലഭ്യമാക്കിയിരുന്നു. കേരടെക്, ദിനേശ് ഫുഡ് പ്രോഡക്ട്സ്, വിശ്വകർമ്മ ഹാൻഡിക്രാഫ്റ്റ്സ്  എന്നീ സ്ഥാപനങ്ങളും മേളയിൽ ബോർഡിനൊപ്പം സഹകരിച്ചു. 2018 നവംബർ 8 മുതൽ 11 വരെയായിരുന്നു പ്രദർശനവും മേളയും നടന്നത്.



*അന്താരാഷ്ട്ര പുസ്തകോത്സവത്തോടനുബന്ധിച്ചു സംഘടിപ്പിച്ച വ്യവസായ പ്രദർശന മേളയിൽ  നാളികേര വികസന ബോർഡിന്റെ സ്റ്റാൾ*

# തളിക്കുളത്ത് ശാസ്ത്രീയ തെങ്ങു കൃഷി പരിപാലന സെമിനാർ നടത്തി

നാളികേര വികസന ബോർഡ്, കേരള കാർഷിക സർവ കലാശാല കൃഷി വിജ്ഞാന കേന്ദ്രം, സംസ്ഥാന കാർഷിക വികസന, കർഷക ക്ഷേമ വകുപ്പ്, ആത്മ, ചാവക്കാട് - തളിക്കുളം ബ്ലോക്കുകൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 2018 നവംബർ 7 ന് ശാസ്ത്രീയ തെങ്ങു കൃഷി പരിപാലനം, നാളികേരത്തിൽ നിന്നുള്ള മൂല്യവർധിത ഉത്പ്പന്നങ്ങളുടെ നിർമ്മാണം എന്നീ വിഷയങ്ങളെ കുറിച്ച് കൃഷിക്കാർക്കായി സെമിനാർ നടത്തി. തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ രാവിലെ 10 ന് ചേർന്ന യോഗത്തിൽ സെമിനാറിന്റെ ഉദ്ഘാടനം തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡോ. സുഭാഷിണി മഹാദേവൻ നിർവഹിച്ചു. ചടങ്ങിൽ തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ഇ.കെ ശശികുമാർ അദ്ധ്യക്ഷനായിരുന്നു. തളിക്കുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ജോസഫ് ജോഷി സ്വാഗതം ആശംസിച്ചു. കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. എ പ്രേമ ആമുഖ പ്രഭാഷണവും നാളികേര വികസന ബോർഡ് ടെക്നിക്കൽ ഓഫീസർ എസ് എസ് സെൽവകുമാർ ബോർഡിന്റെ പദ്ധതി വിശദീകരണവും നടത്തി.

തുടർന്ന്, ശാസ്ത്രീയ നാളികേര കൃഷി എന്ന വിഷയത്തെ കുറിച്ച് ആലപ്പുഴ കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ.പി മുരളീധരനും, നാളികേരത്തിന്റെ മൂല്യ വർധനവിനെ കുറിച്ച് കേരള കാർഷിക സർവകലാശാല ഭക്ഷ്യ സംസ്കരണ വിഭാഗം പ്രൊഫസർ ഡോ. കെ പി സുധീറും ക്ലാസുകൾ എടുക്കുകയും കൃഷിക്കാരുടെ സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തു.

ആത്മ ബ്ലോക്ക് മാനേജർ രഞ്ജു നന്ദി പറഞ്ഞു. ചാവക്കാട് - തളിക്കുളം ബ്ലോക്കുകളിൽ നിന്നായി 50 നാളികേര കർഷകർ സെമിനാറിൽ പങ്കെടുത്തു.



*തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ ശാസ്ത്രീയ തെങ്ങു കൃഷി എന്ന വിഷയത്തെ കുറിച്ച് ആലപ്പുഴ കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ.പി മുരളീധരൻ ക്ലാസ് എടുക്കുന്നു.*

# കോട്ടയം പ്രൊഡ്യൂസർ കമ്പനിയുടെ മൂലധനം രണ്ടു കോടിയാക്കും




കോട്ടയം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി യുടെ 4-ാമത് പൊതു യോഗം, സെപ്തംബർ 28 നു രാമപുരത്ത് നടന്നു. കമ്പനി ചെയർമാൻ ജോയ് കോലോത്ത് പൊതുയോഗം ഉദ്ഘാടനം ചെയ്തു, കമ്പനി വൈസ് ചെയർമാൻ ജോസഫ് ഇടത്തിൽ സ്വാഗതം പറഞ്ഞു, ഡയറക്ടർ ജോസ് പെരുമ്പള്ളികുന്നേൽ റിപ്പോർട്ട് ആവതരിപ്പിച്ചു, ഡയറക്ടർമാരായ തോമസ് ഉഴുന്നാലിൽ, അഡ്വ. പി സി മാത്യു, അജിത് മുതിരമല, ഉല്ലാസ് വെള്ളിമൂഴയിൽ, ജോണി അഗസ്റ്റിൻ, ഗോപിനാഥാഥ കുറുപ്, ലൈജി പാറ്റാനിയിൽ, ജിൻസ് ഇളയാനിതോട്ടത്തിൽ എന്നിവർ പ്രസംഗിച്ചു.

കമ്പനി യുടെ മൂലധനം ഒന്നേകാൽ കോടി രൂപയിൽ നിന്നും 2 കോടി ആയി വരുന്ന വർഷം ഉയർത്തുമെന്നു ചെയർമാൻ അറിയിച്ചു, കോട്ടയം ജില്ലയിലെ 6500 ഓളം വരുന്ന കർഷകർ ഷെയർ എടുത്ത് ആരംഭിച്ച കർഷക കൂട്ടായ്മയായ കോട്ടയം കോക്കനട്ട് പ്രൊഡ്യൂസർ കമ്പനിയെ വരുന്ന വർഷം ഉയർന്ന ലാഭത്തിൽ എത്തിക്കുമെന്നും ചെയർമാൻ അറിയിച്ചു

മായം കലരാത്ത ശുദ്ധമായ 15 ഓളം ഉത്പന്നങ്ങൾ കമ്പനി ഇപ്പോൾ വിപണിയിൽ ഇറക്കുന്നുണ്ട്. വെളിച്ചെണ്ണ, അരി, അരിപ്പൊടി, ഗോതമ്പു പൊടി, പുട്ട് പൊടി, കാപ്പിപൊടി, മുളക് പൊടി, മഞ്ഞൾ പൊടി, മല്ലി പൊടി, ഉണക്കു കപ്പ, ഉണക്കു ചക്ക, നീര, നീര വിനാഗിരി, തുടങ്ങിയ ഉത്പന്നങ്ങൾ, കമ്പനി ഇപ്പോൾ വിപണിയിൽ ഇറക്കുന്നുണ്ട്.

# ഡിസംബറിലെ കൃഷിപ്പണികൾ

### വിത്തു തേങ്ങ ശേഖരണം

തെരഞ്ഞെടുത്ത മാതൃവൃക്ഷങ്ങളിൽ നിന്ന് വിത്തു തേങ്ങ ശേഖരിക്കുക. വിത്തു തേങ്ങകൾക്കുള്ളിലെ തേങ്ങാ വെള്ളം വറ്റാതെ സൂക്ഷിക്കണം.

### നഴ്സറി പരിപാലനം

പാകികഴിഞ്ഞ് അഞ്ച് മാസമായിട്ടും മുളയ്ക്കാത്ത വിത്തു തേങ്ങകളും അഴുകി നശിച്ച മുളത്തൈകളും തവാരണകളിൽ നിന്നു നീക്കം ചെയ്യുക.

ഉണങ്ങിയ പുല്ലോ തേങ്ങോലകളോ ഉപയോഗിച്ച് നഴ്സറി തവാരണകളിൽ പുതയിടുക. അതല്ലെങ്കിൽ തവാരണയിൽ പച്ചില വളച്ചെടികൾ വളർത്തിയാലും മതി.

### നഴ്സറിയിലെ തൈകൾക്ക് ജലസേചനം നൽകുക.

ആവശ്യാനുസരണം നഴ്സറിയിൽ സസ്യ സംരക്ഷണ നടപടികളെടുക്കുക. ചിതൽ ശല്യമുണ്ടെങ്കിൽ ക്ലോർ പൈറിഫോസ് എന്ന കീടനാശിനി 2 മില്ലി ലിറ്റർ ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ നേർപ്പിച്ച് തവാരണ കുതിർക്കുന്ന വിധത്തിൽ ഒഴിച്ചു കൊടുക്കുക. നഴ്സറിയിലെ തൈകൾക്ക് വെള്ളീച്ച ബാധയുണ്ടെങ്കിൽ ഓലകളുടെ അടിവശത്ത് വെള്ളം സ്പ്രേ ചെയ്യുക.

### ജലസേചനം

**തെങ്ങിൻ തോപ്പിൽ ജലസേചനം ആരംഭിക്കാം.**

ജലസേചനത്തിനായി ചാലുകൾ വഴി തടത്തിൽ വെള്ളമെത്തിക്കുന്ന തെങ്ങിൻ തോട്ടങ്ങളിൽ ചാലുകൾ വൃത്തിയാക്കണം.

പുതുതായി നട്ട തൈകൾക്ക് കണിക ജലസേചനം വഴി തൈ ഒന്നിന് പ്രതിദിനം 10 ലിറ്റർ വെള്ളം എന്ന തോതിലും, തടം നനയ്ക്കുന്ന രീതിയാണെങ്കിൽ നാലു ദിവസത്തിലൊരിക്കൽ 60 ലിറ്റർ വെള്ളം എന്ന തോതിലും നനച്ചു കൊടുക്കാം.

കായ്ക്കുന്ന തെങ്ങുകൾക്ക് കണിക ജലസേചന രീതി വഴി പ്രതിദിനം തെങ്ങൊന്നിന് 30 -45 ലിറ്റർ വെള്ളം എന്ന തോതിലും, തടം നനയ്ക്കുന്ന രീതി വഴി തെങ്ങൊന്നിന് നാലു ദിവസത്തിലൊരിക്കൽ 200 ലിറ്റർ എന്ന തോതിലും വെള്ളം നൽകാം.

കണിക ജലസേചനം ആണ് തെങ്ങിന് അനുയോജ്യമായ ജലസേചന രീതി

**ജല നിർഗ്ഗമനം**


വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ തെങ്ങിൻ തോട്ടത്തിൽ നിന്നും അധിക വെള്ളം വാർന്നു പോകുന്നതിനുള്ള സൗകര്യമൊരുക്കുക.

**തണൽ നൽകൽ**

പുതുതായി നട്ട തെങ്ങിൻ തൈകൾക്ക് തണൽ നൽകണം.

### വളപ്രയോഗം

ജലസേചനം നൽകുന്ന തെങ്ങുകൾക്ക് ശുപാർശ ചെയ്തിട്ടുള്ള രാസവളത്തിന്റെ നാലിലൊരു ഭാഗം ചേർത്തു കൊടുക്കുക.






മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ നിർദ്ദേശിക്കുന്ന അളവിൽ രാസവളം ചേർത്തു കൊടുക്കുന്നതാണ് ഏറ്റവും ഫലപ്രദം.

കണിക ജലസേചനത്തോടൊപ്പം തെങ്ങുകൾക്ക് രാസവളങ്ങൾ നൽകുക. ഫെർട്ടിഗേഷൻ രീതി വഴി പ്രതിമാസം നിർദ്ദേശിക്കുന്ന അളവിൽ രാസവളങ്ങൾ ചേർത്തു കൊടുക്കുക.

ബോറോണിന്റെ അഭാവലക്ഷണങ്ങൾ കാണിക്കുന്ന തെങ്ങുകൾക്ക് 100 ഗ്രാം ബോറാക്സ് തടത്തിൽ ചേർത്തു കൊടുക്കുക.

മഗ്നീഷ്യത്തിന്റെ അഭാവമുണ്ടെങ്കിൽ അര കിലോഗ്രാം മഗ്നീഷ്യം സൾഫേറ്റ് തെങ്ങൊന്നിന് എന്ന തോതിൽ ചേർത്തു കൊടുക്കുക.

രാസവളം ചേർക്കുമ്പോൾ തടത്തിൽ ആവശ്യത്തിന് ഈർപ്പം ഉണ്ടെന്ന് ഉറപ്പു വരുത്തണം.



*ഓലകളും ചപ്പു ചവറുകളുമുപയോഗിച്ച് പുതയിടൽ*

## പുതയിടൽ

മുൻ മാസങ്ങളിൽ പുതയിടൽ നടത്തിയിട്ടില്ലെങ്കിൽ ഇപ്പോൾ പുതയിടണം. ഉണങ്ങിയ തെങ്ങോലകൾ തടത്തിൽ പുതയിടാനായി ഉപയോഗിക്കാം.

തുലാവർഷാരംഭത്തിൽ തെങ്ങിൻ തോട്ടം കിളച്ചിടുകയോ, നേരത്തേ കണ്ണി (കൂന) കൂട്ടുകയോ ചെയ്തിട്ടുണ്ടെങ്കിൽ മണ്ണ് തട്ടി നിരത്തുക. ഇപ്രകാരം ചെയ്യുന്നത് മണ്ണിൽ നിന്നുള്ള ബാഷ്പീകരണ ജല നഷ്ടം ഇല്ലാതാക്കും.

## കീടരോഗ നിയന്ത്രണം

ഡിസംബർ മാസത്തോടെ തണുപ്പുകാലം തുടങ്ങുന്ന സാഹചര്യത്തിൽ പല കീടങ്ങളും സജീവമാകും. ഓല ചീയൽ, ചെന്നീരൊലിപ്പ്, തഞ്ചാവൂർ വാട്ടം തുടങ്ങി സ്ഥിരമായി കാണുന്ന രോഗങ്ങൾ ബാധിച്ച തെങ്ങുകളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതുവഴി തെങ്ങുകൾക്ക് രോഗബാധയേൽപ്പിച്ച ആഘാതം കുറയ്ക്കുന്നതിന് ഊന്നൽ നൽകേണ്ടതുണ്ട്. വ്യാപകമായി കാണപ്പെടുന്ന കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി എന്നീ കീടങ്ങളും, അടുത്തിടെ പലയിടങ്ങളിലും തെങ്ങുകളെ സാരമായി ബാധിക്കുന്ന വിധത്തിൽ പ്രത്യക്ഷപ്പെട്ട വെള്ളീച്ച ശല്യം, അതുപോലെ ചിലയിടങ്ങളിൽ തെങ്ങുകളെ ബാധിക്കുന്ന പൂങ്കുലച്ചാഴി, എലി ശല്യം തുടങ്ങി വിവിധ കീടബാധകൾ ഈ മാസത്തിൽ വർദ്ധിക്കാനിടയുണ്ട്. കീടബാധമൂലമുള്ള വിളനഷ്ടം കുറയ്ക്കുന്നതിനായി തോട്ടം സന്ദർശിച്ച് തെങ്ങുകൾ സ്ഥിരമായി നിരീക്ഷിക്കുകയും കീടബാധയ്ക്കെതിരെ വേണ്ട മുൻകരുതൽ നടപടികളെടുക്കുകയും ചെയ്യേണ്ടതുണ്ട്.

## കീട നിയന്ത്രണം

***കൊമ്പൻ ചെല്ലി***

തെങ്ങിന്റെ മണ്ട വൃത്തിയാക്കുന്ന സമയത്ത് കൊമ്പൻ ചെല്ലിയെ ചെല്ലിക്കോലുപയോഗിച്ച് കുത്തിയെടുത്ത് നശിപ്പിക്കുക.

വളക്കുഴികളിലും ചെല്ലിയുടെ പുഴുക്കൾ വളരുന്ന മറ്റിടങ്ങളിലും മെറ്റാ റൈസിയം കുമിൾ തളിച്ചു കൊടുക്കുക. ഒരു ക്യുബിക് മീറ്റർ വിസ്താരമുള്ള ചാണകക്കുഴിയിൽ 100 ഗ്രാം മെറ്റാ റൈസിയം കൾച്ചർ എന്ന തോതിൽ ചേർത്തു കൊടുക്കണം. ചെല്ലികൾ പെരുകുന്ന ഇടങ്ങളിൽ പെരുവലം എന്ന കള സസ്യം വേരോടെ പിഴുതിടുക.

തെങ്ങിൻ തൈകളിൽ തിരി നാമ്പിനു ചുറ്റുമുള്ള മൂന്ന് ഓലക്കവിളുകളിൽ പാറ്റാഗുളിക 4 ഗ്രാം വീതം വെച്ച് മണൽ ഇട്ടു മൂടുക.

വലിയ തെങ്ങുകളിൽ തിരിനാമ്പിനു ചുറ്റുമുള്ള 3 – 4 ഓലക്കവിളുകളിൽ 250 ഗ്രാം മരോട്ടി/ വേപ്പിൻ പിണ്ണാക്ക് തുല്യ അളവ് മണലുമായി ചേർത്ത് ഇട്ടു കൊടുക്കുക.

ക്ലോറാൻട്രിനിലിപ്രോൾ അടങ്ങിയ പച്ച ലേബലിലുള്ള കീടനാശിനി 3 ഗ്രാം തുണിക്കിഴികളിലാക്കി തിരിനാമ്പിനു ചുറ്റുമുള്ള 3 – 4 ഓലക്കവിളുകളിൽ നിക്ഷേപിക്കുക.

***ചെമ്പൻ ചെല്ലി***

കീടബാധയേറ്റ ഭാഗം ചെത്തി മാറ്റി ഇമിഡാക്ലോപ്രിഡ് (0.02%) ഒരു മില്ലി ലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി കീടബാധയേറ്റ ഭാഗത്തുകൂടി ഒഴിച്ചു കൊടുക്കുക.

മുൻ കരുതൽ എന്ന നിലയിൽ 1) തെങ്ങിൻ തടിയിൽ മുറിവുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. 2) കൂമ്പു ചീയൽ, കൊമ്പൻ ചെല്ലി എന്നിവയ്ക്കെതിരെ പ്രതിരോധ നടപടികൾ സ്വീകരിക്കുക. 3) പച്ച മടലുകൾ കഴിവതും ഒരു മീറ്റർ എങ്കിലും നീട്ടി മാത്രം വെട്ടുക. 4) ചെല്ലി ബാധ കൊണ്ട് നശിച്ച തെങ്ങുകൾ വെട്ടിക്കീറിതീയിട്ടു നശിപ്പിക്കുക.

***മണ്ഡരി***

പരാഗണം കഴിഞ്ഞ 5 ഇളം കുലകളിൽ വെളുത്തുള്ളി – വേപ്പെണ്ണ – സോപ്പ് മിശ്രിതം (200 ഗ്രം + 20 മില്ലി ലിറ്റർ + 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ അസാഡിരാക്റ്റിൻ (1%) 4 മില്ലി ലിറ്റർ ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ പാമോയിൽ (200 മില്ലി ലിറ്റർ) സൾഫർ (5 ഗ്രാം) സോപ്പ് (12 ഗ്രാം) 800 മില്ലി ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കി തളിക്കുക.

അസാഡിറാക്റ്റിൻ (1%) 10 മില്ലി ലിറ്റർ തുല്യ അളവ് വെള്ളവുമായി ചേർത്ത് വേരിലൂടെ നൽകുന്നതും ഫലപ്രദമാണ്.

***പൂങ്കുലച്ചാഴി***

വേപ്പെണ്ണ – സോപ്പ് എമൽഷൻ (0.5%) പരാഗണം കഴിഞ്ഞ കുലകളിൽ തളിക്കുക. (5 മില്ലി ലിറ്റർ വേപ്പെണ്ണ + 8 ഗ്രാം ബാർസോപ്പ് ഒരു ലിറ്റർ വെള്ളത്തിൽ)

***വെള്ളീച്ച***

തെങ്ങിൻ തൈകളിലും കായ്ക്കാൻ തുടങ്ങാത്ത ചെറിയ തെങ്ങുകളിലും വെള്ളീച്ച ബാധയുണ്ടെങ്കിൽ ഓലകളുടെ അടിഭാഗത്ത് ശക്തിയോടെ വെള്ളം സ്പ്രേ ചെയ്യുക.

വെള്ളീച്ചയ്ക്കെതിരെ ഫലപ്രദമായ ജൈവിക നിയന്ത്രണത്തിനുതകുന്ന എൻകാർഡിയ ഗ്വാഡലൂപെ എന്ന ശത്രുകീടം





നശിപ്പിക്കപ്പെടുമെന്ന തിനാൽ രാസകീടനാശി നികളൊന്നും ഉപയോഗി ക്കരുത്.

കരിംപൂപ്പൽ ഇള കിപ്പോകാൻ 1 % വീര്യ ത്തിൽ സ്റ്റാർച്ച് (കഞ്ഞി പ്പശ) തളിക്കുക.

അത്യാവശ്യ ഘട്ട ത്തിൽ 0.5 % വീര്യത്തിൽ വേപ്പെണ്ണ എമൽഷൻ തളിക്കാം.

***എലി നിയന്ത്രണം***

എലി ശല്യമുള്ള തെങ്ങിൻ തോട്ടങ്ങളിൽ കരിക്കുകളിൽ മോടത്തിനു താഴെ വട്ടത്തിലുള്ള ദ്വാരം, കരിക്കു കൊഴിച്ചിൽ എന്നിവ കാണാം. എലി ശല്യമുള്ള തെങ്ങിന്റെ ഓലക്കവി ളിൽ ബ്രോമോഡയലോൺ (10 ഗ്രാം) വെച്ച് എലി നിയന്ത്രണം സാധ്യമാക്കാം.




*എലിയുടെ ആക്രമണ ലക്ഷണമുള്ള കരിക്കുകൾ തോട്ടത്തിൽ വീണുകിടക്കുന്നു.*

## രോഗനിയന്ത്രണം.

***കൂമ്പു ചീയൽ***

കൂമ്പു ചീയൽ ബാധിച്ച് അഴുകിയ ഭാഗങ്ങൾ നീക്കം ചെയ്ത് ബോർഡോ കുഴമ്പ് പുരട്ടിയ ശേഷം മഴ വെള്ളം വീഴാത്ത വിധത്തിലും എന്നാൽ വായു സഞ്ചാരം കിട്ടത്തക്ക വിധത്തി ലും പോളിത്തീൻ സഞ്ചികൊണ്ട് നാമ്പ് മൂടണം.

ചുറ്റുമുള്ള തെങ്ങുകൾക്ക് ഒരു ശതമാനം വീര്യത്തിലുള്ള ബോർഡോ മിശ്രിതം തളിക്കുക.

തെങ്ങിൻ തോട്ടത്തിൽ നീർ വാർച്ച ഉറപ്പാക്കുക.

***ചെന്നീരൊലിപ്പ്***

തെങ്ങിൻ തടിയോട് ചേർത്ത് ചുവട്ടിൽ ചപ്പ് കൂട്ടിയിട്ട് കത്തിക്കുന്നത് ഒഴിവാക്കുക.

രോഗം ബാധിച്ച ഭാഗത്ത് ട്രൈക്കോഡർമ്മ ടാൽക് മിശ്രിതം കുഴമ്പു രൂപത്തിലാക്കി തേച്ച് പിടിപ്പിക്കുക.

തോട്ടത്തിൽ നീർവാർച്ചാ സൗകര്യം ഉറപ്പുവരുത്തുക.

ജൈവ വളങ്ങൾക്കൊപ്പം 5 കിലോ ഗ്രാം വേപ്പിൻ പിണ്ണാക്ക് 100 ഗ്രാം ട്രൈക്കോഡർമ്മ ചേർത്ത് ഇട്ടു കൊടുക്കുക.

***ഓല ചീയൽ***

നാമ്പോലയുടേയും അതിനു താഴെയുള്ള രണ്ട് ഓലക ളുടേയും അഴുകിയ ഭാഗങ്ങൾ നീക്കം ചെയ്ത് നശിപ്പിക്കുക. അതിനു ശേഷം ഹെക്സാകൊണാസോൾ 5 ഇ.സി. 2 മി.ലി. 300 മില്ലി ലിറ്റർ വെള്ളത്തിൽ കലക്കി നാമ്പോലയുടെ കവിളിൽ ഒഴിച്ചു കൊടുക്കുക. അല്ലെങ്കിൽ സ്യൂഡോമോണാസ് ഫ്ളൂറ സൻസ്, ബാസിലസ് സബ്ടിലിസ് ടാൽക് മിശ്രിതം 50 ഗ്രാം 500 മില്ലി ലിറ്റർ കലക്കി ഒഴിച്ചു കൊടുക്കുക.





***തഞ്ചാവൂർ വാട്ടം***

രോഗം ബാധിച്ച് പൂർണ്ണമായും നശിച്ച തെങ്ങുകൾ വേരോ ടെ പിഴുതു നശിപ്പിക്കുക.

രോഗം ബാധിച്ച തെങ്ങിനു ചുറ്റും 60 സെ.മീ. ആഴത്തിലും 30 സെന്റി മീറ്റർ വീതിയിലുമായി കിടങ്ങ് കുഴിച്ച് മറ്റു തെങ്ങു കളിലേക്ക് രോഗം പടരുന്നത് തടയുക.

ട്രൈക്കോഡർമ്മ ചേർത്ത വേപ്പിൻ പിണ്ണാക്ക് തെങ്ങൊ ന്നിന് 5 കി ലോ ഗ്രാം എന്ന തോതിൽ ചേർത്തു കൊടുക്കുക. തെങ്ങിൻ തടം നനച്ചു കൊടുക്കുകയും ഓലകളും ചപ്പു ചവ റുകളുമുപയോഗിച്ച് പുതയിടുകയും ചെയ്യുക. ■

*തയ്യാറാക്കിയത് : തമ്പാൻ സി., സുബ്രഹ്മണ്യൻ പി., ജോസഫ് രാജ്കുമാർ, സിപിസിആർ.ഐ, കാസറഗോഡ്*

# കമ്പോള അവലോകനം - ഒക്ടോബർ 2018

## ആഭ്യന്തര വില നിലവാരം

### വെളിച്ചെണ്ണ

കേരളത്തിലെ മൂന്നു വിപണികളിലും 2018 ഒക്ടോബർ മാസം വെളിച്ചെണ്ണ വിലയിൽ മൊത്തത്തിൽ മാന്ദ്യമാണ് കാണാൻ സാധിച്ചത്. കൊച്ചിയിലും ആലപ്പുഴയിലും ക്വിന്റലിന് 15900 രൂപയിലും, കോഴിക്കോട്ട് 16200 രൂപയിലുമാണ് വ്യാപാരം ആരംഭിച്ചത്. മാസാവസാനം വിപണി ക്ലോസ് ചെയ്തപ്പോൾ, കൊച്ചിയിലും ആലപ്പുഴയിലും 14700 രൂപയ്ക്കും, കോഴിക്കോട് മാർക്കറ്റിൽ 15400 രൂപയ്ക്കുമാണ് വ്യാപാരം അവസാനിച്ചത്. വ്യാപാരം അവസാനിച്ചപ്പോൾ കൊച്ചിയിലും ആലപ്പുഴയിലും ക്വിന്റലിന് 1200 രൂപയുടെയും കോഴിക്കോട്ട് 800 രൂപയുടെയും വീതം നഷ്ടമാണ് രേഖപ്പെടുത്തിയത്.

തമിഴ് നാട്ടിലെ കാങ്കയം വിപണിയിൽ കഴിഞ്ഞ മാസം വെളിച്ചെണ്ണവിലയിൽ മാന്ദ്യ പ്രവണതയാണു ദൃശ്യമായത്. ക്വിന്റലിന് 13667 രൂപയിൽ ആരംഭിച്ച വെളിച്ചെണ്ണ വ്യാപാരം 1334 രൂപ നഷ്ടത്തിൽ 12333 രൂപയിൽ ക്ലോസ് ചെയ്തു. ഒക്ടോബർ മാസത്തിൽ പ്രധാന വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 1 ൽ:






പട്ടിക 1 : വെളിച്ചെണ്ണയുടെ വാരാന്ത്യ ശരാശരി വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ)

| | കൊച്ചി | ആലപ്പുഴ | കോഴിക്കോട് | കാങ്കയം |
|---|---|---|---|---|
| 01.10.2018 | 15900 | 15900 | 16200 | 13667 |
| 07.10.2018 | 15900 | 15800 | 16000 | 13667 |
| 14.10.2018 | 15200 | 15300 | 15400 | 12667 |
| 21.10.2018 | 15100 | 15100 | 15400 | 12667 |
| 28.10.2018 | 14800 | 14800 | 15400 | 12200 |
| 31.10.2018 | 14700 | 14700 | 15400 | 12333 |

### ഭക്ഷ്യയോഗ്യമായ കൊപ്ര

രാജാപൂർ കൊപ്രയുടെ വ്യാപാരം കോഴിക്കോട് വിപണിയിൽ കഴിഞ്ഞ മാസം ക്വിന്റലിന് 19000 രൂപയിൽ ആരംഭിച്ചു. ഒക്ടോബർ ആദ്യവസാനം വിലയിൽ ചാഞ്ചാട്ടമാണ് അനുഭവപ്പെട്ടത്. എങ്കിലും വില ഉയർന്ന് മാസ അവസാനം 18800 രൂപയിലാണ് വിപണി ക്ലോസ് ചെയ്തത്. നഷ്ടം ക്വിന്റലിന് 200 രൂപ. ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 2 ൽ:

പട്ടിക 2 : ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ)

| | |
|---|---|
| 01.10.2018 | 19000 |
| 07.10.2018 | 19000 |
| 14.10.2018 | 19000 |
| 21.10.2018 | 19500 |
| 28.10.2018 | 19000 |
| 31.10.2018 | 18800 |

### ആട്ടു കൊപ്ര

ആട്ടു കൊപ്രയുടെ വ്യാപാരം കഴിഞ്ഞ മാസം കൊച്ചിയിൽ ക്വിന്റലിന് 10200 രൂപയിലും ആലപ്പുഴയിൽ 10100 രൂപയിലും, കോഴിക്കോട് 10050 രൂപയിലുമാണ് ആരംഭിച്ചത്. കേരളത്തിലെ ഈ മൂന്നു വിപണികളിലും കൊപ്ര വിലയിൽ ഒക്ടോബർ മാസം ആദ്യഅവസാനം മാന്ദ്യമാണ് അനുഭവപ്പെട്ടത്. വിപണി ക്ലോസ് ചെയ്യുമ്പോൾ കൊച്ചിയിൽ ക്വിന്റലിന് 9200 രൂപയും ആലപ്പുഴയിൽ 9100 രൂപയും, കോഴിക്കോട് 9350 രൂപയുമായിരുന്നു വില. അതായത് കൊച്ചിയിലും, ആലപ്പുഴയിലും ക്വിന്റലിന് 1000 രൂപയും, കോഴിക്കോട്ട് 700 രൂപയും വീതം നഷ്ടത്തിലാണ് വ്യാപാരം അവസാനിച്ചത്. തമിഴ് നാട്ടിലെ കാങ്കയം നാളികേര വിപണിയിൽ ക്വിന്റലിന് 9300 രൂപയിൽ ആരംഭിച്ച വ്യാപാരം 8400 രൂപയിൽ അവസാനിച്ചു. നഷ്ടം ക്വിന്റലിനു 900 രൂപ. വിവിധ കമ്പോളങ്ങളിൽ ആട്ടു കൊപ്രയുടെ വാരാന്ത്യ വില നിലവാരം പട്ടിക 3 ൽ:

| പട്ടിക 3 : ആട്ടുകൊപ്രയുടെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ക്വിന്റലിന് രൂപയിൽ) | | | | |
|---|---|---|---|---|
| | കൊച്ചി | ആലപ്പുഴ (രാശി കൊപ്ര) | കോഴിക്കോട് | കാങ്കയം |
| 01.10.2018 | 10200 | 10100 | 10050 | 9300 |
| 07.10.2018 | 10200 | 10100 | 10000 | 9300 |
| 14.10.2018 | 9600 | 9600 | 9400 | 8600 |
| 21.10.2018 | 9500 | 9400 | 9400 | 8600 |
| 28.10.2018 | 9250 | 9100 | 9350 | 8300 |
| 31.10.2018 | 9200 | 9100 | 9350 | 8400 |



**ഉണ്ട കൊപ്ര**

കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ 2018 ഒക്ടോബറിൽ ഉണ്ട കൊപ്രയുടെ വിലയിൽ മാന്ദ്യമാണ് രേഖപ്പെടുത്തിയത്. ക്വിന്റലിന് 16800 രൂപയിൽ ആരംഭിച്ച വ്യാപാരം മാസാവസാനം ക്വിന്റലിന് 200 രൂപ നഷ്ടത്തിൽ 16600 രൂപയിൽ അവസാനിച്ചു. ഉണ്ടകൊപ്രയുടെ വാരാന്ത്യ വിലനിലവാരം പട്ടിക 4 ൽ :



| പട്ടിക 4 : ഉണ്ട കൊപ്രയുടെ വാരാന്ത്യവില തിപ്തൂർ വിപണിയിൽ (ക്വിന്റലിന് രൂപയിൽ) | |
|---|---|
| 01.10.2018 | 16800 |
| 07.10.2018 | 16500 |
| 14.10.2018 | 16000 |
| 21.10.2018 | 16000 |
| 28.10.2018 | 16200 |
| 31.10.2018 | 16600 |

**കൊട്ട തേങ്ങ**

കോഴിക്കോട് വിപണിയിൽ കൊട്ട തേങ്ങയുടെ വിലയിൽ 2018 ഒക്ടോബർ മാസത്തിന്റെ ആദ്യ രണ്ടാഴ്ച മാന്ദ്യമാണ് രേഖപ്പെടുത്തിയത്. ക്വിന്റലിന് 9450 രൂപയിൽ ആരംഭിച്ച വ്യാപാരം മാസാവസാനം 9350 രൂപയിൽ അവസാനിച്ചു. കൊട്ടത്തേങ്ങയുടെ വാരാന്ത്യ വില നിലവാരം പട്ടിക 5 ൽ:



| പട്ടിക 5 : കൊട്ട തേങ്ങയുടെ വാരാന്ത്യ വില കോഴിക്കോട് വിപണിയിൽ (ക്വിന്റലിന് രൂപയിൽ ) | |
|---|---|
| 01.10.2018 | 9450 |
| 07.10.2018 | 9450 |
| 14.10.2018 | 9250 |
| 21.10.2018 | 9250 |
| 28.10.2018 | 9350 |
| 31.10.2018 | 9350 |



**നാളികേരം**

നെടുമങ്ങാട് വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വില 2018 ഒക്ടോബർ ആദ്യം ആയിരത്തിന് 17000 രൂപയ്ക്ക് ആരംഭിച്ച്, 2000 രൂപ നഷ്ടത്തിൽ മാസാവസാനം 15000 രൂപയ്ക്ക് ക്ലോസ് ചെയ്തു. തമിഴ്നാട്ടിലെ പൊള്ളാച്ചി വിപണിയിൽ ആയിരത്തിന് 12000 രൂപയിൽ ആരംഭിച്ച നാളികേര വ്യാപാരം 11000 രൂപയിൽ ക്ലോസ് ചെയ്തു. ബാംഗ്ളൂർ നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ വ്യാപാരം ആയിരത്തിന് 18500 രൂപയിൽ ആരംഭിച്ച് മാസാവസാനം വരെ ആ വില നിലനിർത്തി. മംഗലാപുരം നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച ഗ്രേഡ്-1 നാളികേര വ്യാപാരം കഴിഞ്ഞ മാസം ആയിരത്തിന് 20000 രൂപയ്ക്ക് ആരംഭിച്ച് മാസാവസാനം 20000 രൂപയിൽ തന്നെ ക്ലോസ് ചെയ്തു. വിവിധ കമ്പോളങ്ങളിൽ നാളികേരത്തിന്റെ വാരാന്ത്യ വിലനിലവാരം പട്ടിക 6 ൽ:

| പട്ടിക 6 : ഭാഗികമായി തൊണ്ടുരിഞ്ഞ നാളികേരത്തിന്റെ വാരാന്ത്യ വില പ്രധാന വിപണികളിൽ (ആയിരത്തിന്) | | | | |
|---|---|---|---|---|
| | നെടുമങ്ങാട് | പൊള്ളാച്ചി | ബംഗളുരു | മംഗലാപുരം (ഗ്രേഡ് 1) |
| 01.10.2018 | 17000 | 12000 | 18500 | 20000 |
| 07.10.2018 | 17000 | 12000 | 18500 | 20000 |
| 14.10.2018 | 15000 | 12000 | 18500 | 20000 |
| 21.10.2018 | 15000 | 12000 | 18500 | 20000 |
| 28.10.2018 | 15000 | 11000 | 18500 | 20000 |
| 31.10.2018 | 15000 | 11000 | 18500 | 20000 |

| പട്ടിക 8 : നാളികേരത്തിന്റെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
| 6/10/2018 | 123 | 122 | 212 | 374 |
| 13/10/2018 | 123 | 116 | 179 | 367 |
| 20/10/2018 | 125 | 116 | 188 | 353 |
| 27/10/2018 | 124 | 119 | 188 | 340 |

*പൊള്ളാച്ചി

# അന്താരാഷ്ട്ര വില നിലവാരം



### വെളിച്ചെണ്ണ

ഇന്തോനേഷ്യയിലെ അന്താരാഷ്ട്ര ആഭ്യന്തര വിപണികളിൽ കഴിഞ്ഞ മാസം വെളിച്ചെണ്ണ വിലയിൽ സമ്മിശ്ര പ്രതികരണമാണ് പ്രകടമായത്. അതെ സമയം, ഫിലിപ്പീൻസിലെയും ഇന്ത്യയിലെയും വിപണികളിലാകട്ടെ മൊത്തത്തിൽ മാന്ദ്യവും അനുഭവപ്പെട്ടു. വിവിധ അന്താരാഷ്ട്ര ആഭ്യന്തര വിപണികളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില നിലവാരം പട്ടിക 7 ൽ:

| പട്ടിക 7 : വെളിച്ചെണ്ണ ഉത്പാദക രാജ്യങ്ങളിലെ വെളിച്ചെണ്ണയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | അന്താരാഷ്ട്ര വില നിലവാരം | ആഭ്യന്തര വില നിലവാരം | | |
| | ഫിലിപ്പൈൻസ്/ ഇൻഡോനേഷ്യ (സി.ഐ.എഫ് യൂറോപ്പ്) | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ഇൻഡ്യ* |
| 6/10/2018 | 865 | 820 | 810 | 1857 |
| 13/10/2018 | 846 | 818 | 811 | 1721 |
| 20/10/2018 | 853 | 810 | 812 | 1721 |
| 27/10/2018 | 805 | 803 | 802 | 1658 |

*കാങ്കയം

### തേങ്ങ

പ്രമുഖ നാളികേര ഉത്പാദക രാജ്യങ്ങളായ ഫിലിപ്പീൻസ്, ഇന്തോനേഷ്യ, ശ്രീലങ്ക, ഇന്ത്യ എന്നീ രാജ്യങ്ങളിലെ നാളികേര വിപണികളിലെ ആഭ്യന്തര വില നിലവാരം പട്ടിക 8 ൽ :

### കൊപ്ര

പ്രധാനപ്പെട്ട നാളികേര ഉത്പാദക രാജ്യങ്ങളായ ഇന്തോനേഷ്യ, ശ്രീലങ്ക, ഇന്ത്യ എന്നീ വിപണികളിൽ കഴിഞ്ഞ മാസം കൊപ്രയുടെ വിലയിൽ മാന്ദ്യം രേഖപ്പെടുത്തിയപ്പോൾ ഇന്തോനേഷ്യൻ വിപണിയിൽ വിലയിൽ സമ്മിശ്ര പ്രതികരണമായിരുന്നു. വിവിധ ആഭ്യന്ത്ര വിപണികളിലെ കൊപ്രയുടെ വാരാന്ത്യ അന്താരാഷ്ട്ര വില നിലവാരം പട്ടിക 9 ൽ :

| പട്ടിക 9 : കൊപ്ര ഉത്പാദക രാജ്യങ്ങളിലെ കൊപ്രയുടെ വാരാന്ത്യ വില (മെട്രിക് ടണ്ണിന് അമേരിക്കൻ ഡോളറിൽ) | | | | |
|---|---|---|---|---|
| | ഫിലിപ്പൈൻസ് | ഇൻഡോനേഷ്യ | ശ്രീലങ്ക | ഇൻഡ്യ* |
| 6/10/2018 | 516 | 422 | 1082 | 1264 |
| 13/10/2018 | 499 | 381 | 1076 | 1169 |
| 20/10/2018 | 484 | 408 | 1053 | 1169 |
| 27/10/2018 | 480 | 401 | 1047 | 1128 |

*കാങ്കയം

ഇന്ത്യൻ നാളികേര ജേണലിന്റെ വായനക്കാരായ വീട്ടമ്മമാർക്കു വേണ്ടിയുള്ള പംക്തി - കേരപാചകം. നാളികേരവും കരിക്കും തേങ്ങാപ്പാലും മറ്റും മുഖ്യ ചേരുവയായി ഉപയോഗിച്ച് തയാറാക്കുന്ന വിഭവങ്ങളാണ് ഈ പംക്തിയിലൂടെ പരിചയപ്പെടുത്തുന്നത്. പാചക വിദഗ്ധനും നെടുമ്പാശേരി ഫ്ളോറ എയർപോർട്ട് ഹോട്ടലിലെ എക്സിക്ക്യൂട്ടിവ് ഷെഫുമായ റോയ് ജോസഫ് പോത്തനാണ് വായനക്കാർക്കുവേണ്ടി ഈ പാചകക്കുറിപ്പുകൾ തയാറാക്കുന്നത്. ബൊൺസൈഡെ ഹൗസ് എഡിൻബർഗ്, കൊച്ചിയിലെ വൈറ്റ് ഫോർട്ട്, അവന്യു റിജന്റ്, താജ് മലബാർ തുടങ്ങിയ ഹോട്ടലുകളിൽ സേവനമനുഷ്ഠിച്ചിട്ടുള്ള റോയിക്ക് ഈ മേഖലയിൽ 25 വർഷത്തെ പരിചയമുണ്ട്. ഏഷ്യാനെറ്റ്, ജീവൻ,അമൃത തുടങ്ങിയ ചാനലുകളിൽ പാചക പരിപാടികൾ അവതരിപ്പിക്കുന്നുണ്ട്. കോട്ടയം ജില്ലയിലെ വെളിയന്നൂർ സ്വദേശിയാണ്.



ഫോൺ - 9495325526 ,8157994173

# കരിക്ക് തിയൽ

## ആവശ്യമായ സാധനങ്ങൾ

കരിക്ക് - രണ്ട്
പച്ചമുളക് - മൂന്ന് നീളത്തിൽ അരിഞ്ഞത്
വാളൻപുളി - ഒരു ചെറുനാരങ്ങ വലിപ്പത്തിൽ
കറിവേപ്പില- ഒരു തണ്ട്
ഉപ്പ്- രുചിക്ക്

## മസാലയ്ക്ക്

വെളിച്ചെണ്ണ - രണ്ടു ടീ സ്പൂൺ
ചിരകിയ നാളികേരം - ഒരു കപ്പ്
വറ്റൽ മുളക് - 6 എണ്ണം
കൊത്തമല്ലി - 2 ടേബിൾ സ്പൂൺ
മഞ്ഞൾ പൊടി - അര ടീ സ്പൂൺ

## വറവിന്

വെളിച്ചെണ്ണ - ഒരു ടീ സ്പൂൺ
കടുക് - കാൽ ടീസ്പൂൺ
കറിവേപ്പില- രണ്ട് തണ്ട്

## തയാറാക്കുന്ന വിധം

അടി കട്ടിയുള്ള ഒരു പാനിൽ വെളിച്ചെണ്ണ ഒഴിച്ച് ചൂടാകുമ്പോൾ ചിരകിയ തേങ്ങ, കൊത്തമല്ലി, വറ്റൽ മുളക്, എന്നിവ ഗോൾഡൺ ബ്രൗൺ നിറമാകുന്നതു വരെ മൂപ്പിച്ച് വാങ്ങുക

ഈ കൂട്ട് മിക്സിയിൽ വെള്ളം ചേർക്കാതെ അരച്ച് മാറ്റി വയ്ക്കണം

മറ്റൊരു പാനിൽ എണ്ണ ഒഴിച്ച് പച്ചമുളക്,കറിവേപ്പില, എന്നിവ മൂപ്പിക്കുക.അരച്ചു വച്ചിരിക്കുന്ന മസാലക്കൂട്ട്, കരിക്കിൻ കഷണങ്ങൾ എന്നിവ ഇതിലേയ്ക്ക് ചേർത്ത് നാലഞ്ചു മിനിറ്റ് അടച്ചു വച്ച് വേവിക്കുക.

പാകമാകുമ്പോൾ അടപ്പു മാറ്റി പിഴിഞ്ഞ് അരിച്ച പുളിവെള്ളം ചേർത്ത് കുറച്ചു സമയം തിളപ്പിക്കുക

ചെറിയ ഒരു പാനിൽ കടുക്, കറിവേപ്പില എന്നിവ വെളിച്ചെണ്ണയിൽ മൂപ്പിച്ച് കറിക്കു മുകളിൽ ഒഴിച്ച ശേഷം ഉടൻ തീ കെടുത്തുക. തിയൽ തയാർ



കടപ്പാട്: FLORA